
ആയിക്കരം
ജനങ്ങളിലേയ്ക്ക്
കതിരൂർ ഗ്രാമപഞ്ചായത്ത്
OFFICE OF THE KATHIROOR GRAMAPANCHAYATH



"ഇന്ത്യയുടെ ആത്മാവ്
ഗ്രാമങ്ങളിൽ സ്ഥിതി ചെയ്യുന്നു.
ഗ്രാമത്തിന്റെ വളർച്ചയാണ്
രാജ്യത്തിന്റേയും
വളർച്ചയ്ക്കാധാരം."

എഡിറ്റോറിയൽ ബോർഡ്

എം.എൻ. ഷാജി
പി.ഡി. ദേവസ്യ
കെ.ജെ. ദേവസ്യ
വി.കെ. വർക്കി
പി.എൻ. സുഭാഷ്
കെ.എം. വിജയകുമാർ
പി.എ. ജോസഫ്
തോമസ് ജോസഫ്

പ്രിന്റിംഗ് - ജയാ പ്രസ് പാലാ

കവർ ഡിസൈൻ - ഇൻസൈറ്റ് പാലാ

ഉള്ളടക്കം

1. ആമുഖം
2. പഞ്ചായത്ത്: പൊതുവിവരണം
3. സാമൂഹിക-സാംസ്ക്കാരിക ചരിത്രം
4. ഭൂപ്രകൃതി, ജനപ്രകൃതി, ജലപ്രകൃതി
5. സാമൂഹിക-സാമ്പത്തിക മേഖലകൾ
   - 5-1 കൃഷിയും ജലസേചനവും
   - 5-2 മൃഗസംരക്ഷണവും മൽസ്യബന്ധനവും
   - 5-3 വ്യവസായം
   - 5-4 വിദ്യാഭ്യാസം
   - 5-5 കുടിവെള്ളവും പൊതുജനാരോഗ്യവും
   - 5-6 ഗതാഗതം, ഊർജ്ജം, മാർക്കറ്റ്
   - 5-7 പാർപ്പിടവും സാമൂഹ്യക്ഷേമവും
   - 5-8 സംസ്ക്കാരം
   - 5-9 വനിതാക്ഷേമം
   - 5-10 സഹകരണം
   - 5-11 പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമം
   - 5-12 വിഭവ സമാഹരണം

ആമുഖം

ഭാരതം സ്വാതന്ത്ര്യം പ്രാപിച്ചിട്ട് അര നൂറ്റാണ്ട് തികയുന്നു. സ്വാതന്ത്ര്യപ്രാപ്തിയുടെ നാളുകളിൽ നമുക്കുണ്ടായിരുന്ന സ്വപ്നങ്ങളും എല്ലാംതന്നെ വാടിക്കൊഴിഞ്ഞു. ഇൻഡ്യൻ സ്വാതന്ത്ര്യം ഈ ജനതയുടെ മുക്തി മാഗ്രമായി എല്ലാവരും കണ്ടിരുന്നു. എന്നാൽ മഹത്തായ ഈ ജനതയുടെ ആശയാഭിലാഷങ്ങളും സാക്ഷാത്ക്കരിക്കപ്പെടാതെ പോവുകയാണുണ്ടായത്.

സ്വാതന്ത്ര്യാനന്തര ഭാരതത്തിന്റെ വികസനം പഞ്ചവത്സരപദ്ധതികളിലൂടെ രൂപപ്പെടുത്തുന്നതിനാണ് നമ്മുടെ ഭരണാധികാരികളും ഊന്നൽ നൽകിയത്. നമ്മുടെ സാമ്പത്തിക-സാങ്കേതിക വിദഗ്ധർ അതിവിശാലമായ ഭാരത ഉപഭ്രഖണ്ഡത്തിനു വേണ്ടി കേന്ദ്രീകൃതമായ ഒരു ആസൂത്രണ പ്രക്രിയയാണ് ആവിഷ്കരിച്ചത്. അമിതമായ കേന്ദ്രീകരണം ആസൂത്രണപ്രക്രിയയുടെ ലക്ഷ്യംതന്നെ തകരാനിടയാക്കി. മാനുഷിക വിഭവങ്ങളേയും ഭൗതിക വിഭവങ്ങളേയും സമ്യക്കായി സമഞ്ജസിപ്പിച്ചുകൊണ്ടല്ലാതെ ഒരു രാജ്യത്തിനും മുന്നേറാൻ കഴിയില്ല. പ്രകൃതിവിഭവങ്ങളെ ആസൂത്രിതമായി കരുതലോടുകൂടി ആഘാതപ്രത്യാഘാതങ്ങളെ കണക്കിലെടുത്തുകൊണ്ടുവേണം ഉപയോഗിക്കുവാൻ. ആസൂത്രണം ശാസ്ത്രീയമല്ലെങ്കിൽ സാമ്പത്തിക വളർച്ചയ്ക്കുപകരം തളർച്ചയാണ് ഉണ്ടാവുക.

നാല്പത്തഞ്ചു വർഷക്കാലത്തെ ആസൂത്രണത്തിന്റെ ശക്തിയുടെയും ദൗർബല്യങ്ങളുടെയും അടിത്തറയിൽനിന്നാവണം ഒമ്പതാം പദ്ധതിയുടെ തുടക്കം. 1997 ഏപ്രിൽ 1-ാം തീയതി ഒമ്പതാം പഞ്ചവത്സര പദ്ധതി നടപ്പിൽവരികയാണ്.

ഇന്ത്യയുടെ ആസൂത്രണപരിപാടിയുടെ പൊളിച്ചെഴുത്തിനുള്ള തുടക്കംകുറിക്കലാണ് കേരളത്തിന്റെ 9-ാം പദ്ധതി. ഈ പദ്ധതി നടപ്പിലാക്കുന്നതിന് കേരള സർക്കാർ വളരെ വ്യത്യസ്തമായ ഒരു സമീപനമാണ് സ്വീകരിച്ചിരിക്കുന്നത്. ആസൂത്രണ ചരിത്രത്തിൽ പുതിയ ഒരു അദ്ധ്യായം എഴുതിച്ചേർത്തുകൊണ്ട് വമ്പിച്ച സാമൂഹ്യമുന്നേറ്റത്തിനു കളമൊരുക്കുകയാണു നമ്മുടെ സംസ്ഥാനം. വികസനമെന്നാൽ മുകളിൽനിന്നാവിഷ്കരിച്ച് നടപ്പാക്കേണ്ട പ്രക്രിയയാണെന്ന മാമൂൽ ധാരണ തിരുത്തിക്കുറിക്കപ്പെടുന്നു. ജനങ്ങളും തങ്ങൾക്ക് വേണ്ടതെന്തെന്നു തിരിച്ചറിഞ്ഞാവശ്യപ്പെടാനും പരിഹാരമാഗ്രങ്ങളും കൂട്ടായിചർച്ച ചെയ്ത് കണ്ടെത്താനും അങ്ങനെ പുതിയൊരു വികസന സംസ്കാരത്തിനു രൂപം കൊടുക്കാനും ഉള്ള പരിശ്രമം. രാജ്യത്തിനാകെ മാതൃകയായി മുഴുവൻ ജനങ്ങളെയും പങ്കെടുപ്പിച്ചുകൊണ്ട് ആസൂത്രണം ഒരു ജനകീയ പ്രസ്ഥാനമായി മാറിയിരിക്കുകയാണ്.

ഇന്ത്യൻ ഭരണഘടനയുടെ 73-ാം ഭേദഗതിയിലൂടെ പഞ്ചായത്ത്രാജ് സംവിധാനം നിലവിൽ വരുകയും അധികാരം ജനങ്ങളിലേക്കെത്തുകയും ചെയ്യുമ്പോൾ നമ്മുടെ രാഷ്ട്രപിതാവ് മഹാത്മജി വിഭാവനം ചെയ്ത സ്വയം സമ്പൂർണ്ണ ഗ്രാമങ്ങളും ഉദയം കൊള്ളുകയാണ്.

9-ാം പദ്ധതിയുടെ അടങ്കൽതുകയുടെ 40% ഗ്രാമതലത്തിൽ ചിലവഴിക്കുന്നതിനാണ് സംസ്ഥാന ആസൂത്രണബോർഡ് തീരുമാനിച്ചിട്ടുള്ളത്. നാടിന്റെ വികസന പ്രവർത്തനങ്ങളും ജനപങ്കാളിത്തത്തോടെ നടപ്പാക്കുന്നതിനായി പഞ്ചായത്തുകളിൽ പ്രത്യേക ഗ്രാമസഭകളും വിളിച്ചുകൂട്ടുകയും ജനങ്ങളുടെ ആശയാഭിലാഷങ്ങളും കൂട്ടായ ചർച്ചകളിലൂടെ പ്രകടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഗ്രാമസഭകളിൽനിന്നു ലഭിച്ച അഭിപ്രായങ്ങളും, വിവിധ സ്ഥാപനങ്ങളിൽനിന്നു ശേഖരിച്ച സ്ഥിതിവിവരക്കണക്കുകളും പഞ്ചായത്തിനെപ്പറ്റി ആധികാരികമായി അഭിപ്രായം പറയാൻ കഴിയുന്ന പ്രായം ചെന്ന ആളുകളെക്കണ്ട് അറിഞ്ഞ വിവരങ്ങളും ഉൾപ്പെടുത്തി നമ്മുടെ പഞ്ചായത്തിന്റെ ഒരു വികസന റിപ്പോർട്ട് തയ്യാറാക്കിയിരിക്കുകയാണ്. ഈ റിപ്പോർട്ട് പഞ്ചായത്തിന്റെ അടുത്ത അഞ്ചു വർഷത്തെ പ്രവർത്തനങ്ങൾക്കുള്ള മാർഗ്ഗരേഖയായിത്തീരുമെന്നു പ്രതീക്ഷിക്കുന്നു.

പൊതുവിവരണം

പഞ്ചായത്തിന്റെ പേര്	:	കരൂർ
ഉൾപ്പെടുന്ന വില്ലേജുകൾ	:	വള്ളിച്ചിറ, ളാലം
ബ്ലോക്ക് പഞ്ചായത്ത്	:	ളാലം
താലൂക്ക്	:	മീനച്ചിൽ
അസംബ്ളി മണ്ഡലം	:	പാലാ
വിസ്തീർണ്ണം	:	36.84 ച. കി. മീ.
ജനസംഖ്യ	:	20986 (91 സെൻസസ്)
വാർഡുകൾ	:	10
അതിരുകൾ വടക്ക്	:	ഉഴവൂർ പഞ്ചായത്ത്
		രാമപുരം പഞ്ചായത്ത്
		കടനാട് പഞ്ചായത്ത്
തെക്ക്	:	മുത്തോലി പഞ്ചായത്ത്
		പാലാ മുനിസിപ്പാലിറ്റി
കിഴക്ക്	:	ഭരണങ്ങാനം പഞ്ചായത്ത്
പടിഞ്ഞാറ്	:	ഉഴവൂർ പഞ്ചായത്ത്

രൂപീകരണം–

20—9—51–ലെ തിരു–കൊച്ചി സംസ്ഥാന സക്കാർ വിജ്ഞാപനമനുസരിച്ച് രൂപീകരിച്ച കരുർ പഞ്ചായത്തിന്റെ തിരഞ്ഞെടുക്കപ്പെട്ട ഭരണസമിതിയുടെ ആദ്യയോഗം 1953 ആഗസ്റ്റ് 12–ന് നെച്ചിപ്പുഴൂർ ദേശീയ വായനശാലാ ഹാളിൽ ചേർന്നു.

ആദ്യ കമ്മറ്റി–

റവ. എൻ. നാരായണൻനമ്പൂതിരി — പ്രസിഡൻറ്

ഒ ഉലഹന്നൻ — വൈസ് പ്രസിഡൻറ്

എം. വി. വാസുദേവൻനായർ

കെ. ജി. നാരായണൻനായർ

കെ. എസ്. ജോസഫ്

സി. കെ. രാമൻ

വി. പി. വക്കി

കെ. റവ. തോമസ്

12—11—1957 പ്രസിഡൻറിനെതിരെ അവിശ്വാസപ്രമേയം പാസ്സാക്കി.

23—4—1958 പ്രസിഡൻറ് രാജി വയ്ക്കുന്നു.

നെച്ചിപ്പുഴൂർ വാർഡിൽ ഉപതെരഞ്ഞെടുപ്പ്.

കെ. പരമേശ്വരൻനായർ തെരഞ്ഞെടുക്കപ്പെട്ടു.

13—11—1962 വള്ളീച്ചിറ വാർഡ് കൂട്ടിച്ചേർത്തു.

സി. ജെ. ജോസഫ് തെരഞ്ഞെടുക്കപ്പെട്ടു.

18—12—1963 2–ാമത്തെ ഭരണസമിതി

ആൻറണി ജോസഫ് — പ്രസിഡൻറ്

കെ. എം. മൈക്കിൾ — വൈസ് പ്രസിഡൻറ്

ചാണ്ടി എബ്രഹാം

റവ. ഡി. ജോസഫ്

ഒ. റവ. വർഗീസ്

കെ. എൻ. ഗോപാലൻ

വി. എൻ. വർക്കി

റവ. വി. എബ്രഹാം

പി. ഭവാനിയമ്മ (ആദ്യ വനിതാ മെമ്പർ)

വി. കെ. കുമാരക്കൈമൾ (20—5—68 മുതൽ)

27—9—1979 മൂന്നാമത്തെ ഭരണസമിതി

കെ. ജെ. ജോസഫ് — പ്രസിഡൻറ്

ഏലിയാമ്മ തോമസ് — വൈസ് പ്രസിഡൻറ്

എ. കെ. ജോസഫ്

കെ. വീരരാഘവൻ കർത്താ

എം. പി. തങ്കപ്പൻനായർ

ആർ. ചന്ദ്രശേഖരൻനായർ

കെ. ജെ. ഫിലിപ്പ്

പി. കെ. കേശവൻ

ഇ എ. അവിര (പ്രസിഡൻറ് 15—4—1981 മുതൽ)

8—2—1988 4-ാമത്തെ ഭരണ സമിതി

കെ. ജെ. ഫിലിപ്പ് — പ്രസിഡൻറ്

എബ്രഹാം കുര്യൻ — വൈസ് പ്രസിഡൻറ്

എ കെ. ജോസഫ്

പി വി. പരമേശ്വരൻനായർ

പി. വി. മൈക്കിൾ

തങ്കമ്മ ജോസഫ്

ചിന്നമ്മ ജോസഫ്

ജോസ് മാത്യു തടത്തിക്കുഴി

സി. ആർ. രവീന്ദ്രനാഥൻനായർ


റവി. എൻ. മാധവൻ

ഈ ഭരണസമിതി 7—10—91-ൽ പുനഃസംഘടിപ്പിക്കുകയും പ്രസിഡൻറായി ശ്രീ എ. കെ. ജോസഫ് എലിപ്പുലിക്കാട്ട് ചാർജ്ജെടുക്കുകയും ചെയ്തു.


ഇപ്പോഴത്തെ കമ്മറ്റി അധികാരത്തിൽവരുന്നതു വരെ അവർ ഭരണത്തിൽ തുടർന്നു.

30—9—95 മുതൽ ഇപ്പോഴത്തെ ഭരണസമിതി അധികാരത്തിൽ വന്നു.


കരൂർ ഗ്രാമപഞ്ചായത്ത്
ഭരണസമിതി



കെ. ജെ. ഫിലിപ്പ് പ്രസിഡൻറ്



എൻ. സുരേഷ് വൈസ് പ്രസിഡൻറ്



ജോർജ്ജ് അഗസ്റ്റിൻ സ്റ്റാൻഡിംഗ് കമ്മറ്റിചെയർമാൻ

ക്ലാരിസ് കുര്യാക്കോസ്
ലൂസി ജോസഫ്
ആനിയമ്മ ജോസഫ്
ജോസ് മാത്യു
സരസ്വതിയമ്മ കെ.
രാജു ശങ്കരൻ
കെ. എൽ. ജോസഫ്

ജനകീയാസൂത്രണ പരിപാടി

വിവിധ ഘട്ടങ്ങളായാണ് ജനകീയാസൂത്രണ പ്രസ്ഥാനം അരങ്ങേറുന്നത്.

ആദ്യഘട്ടത്തിൽ പഞ്ചായത്തിലെ മുഴുവൻ ഗ്രാമസഭകളും വിളിച്ചുകൂട്ടി പ്രാദേശിക വികസന പ്രവർത്തനങ്ങളും 9-ാം പദ്ധതിയുടെ പശ്ചാത്തലത്തിൽ ചർച്ചചെയ്തു കഴിഞ്ഞു.

രണ്ടാം ഘട്ടമായി പഞ്ചായത്തു വികസന സെമിനാർ നടക്കുകയാണ്. ഗ്രാമസഭാ റിപ്പോർട്ടുകളും സ്ഥിതിവിവരക്കണക്കുകളും വിദഗ്ധാഭിപ്രായങ്ങളും ചേർത്തുള്ള വികസന റിപ്പോർട്ട് ചർച്ച ചെയ്യുന്നു. വിവിധ വിഷയങ്ങളിലെ വിദഗ്ധരെയും ഉദ്യോഗസ്ഥരെയും സജീവ പ്രവർത്തകരേയും ഉൾപ്പെടുത്തി കർമ്മസമിതികൾ രൂപീകരിക്കുന്നു.

മൂന്നാം ഘട്ടത്തിൽ, വിവിധ കർമ്മസമിതികളുടെ പ്രവർത്തനം നടക്കുന്നു. ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന വികസനപ്രവർത്തനങ്ങൾ അവലോകനം ചെയ്ത് പ്രാദേശിക വികസനപ്രശ്നങ്ങൾ ചിട്ടപ്പെടുത്തി പരിഹാരമാർഗ്ഗങ്ങൾ കണ്ടെത്തി മുൻഗണനാക്രമമനുസരിച്ച് വിവിധ സ്കീമുകളാക്കി മാറ്റുക എന്നതാണ് കർമ്മസമിതികളുടെ ചുമതലയാണ്.

നാലാം ഘട്ടത്തിൽ പഞ്ചായത്ത് തലത്തിൽ ഒരു വിദഗ്ദ്ധ കമ്മറ്റിയെ നിയോഗിച്ച് വികസനപദ്ധതി രൂപപ്പെടുത്തുന്നു. ആസൂത്രണ ബോർഡിന്റെ നിർദ്ദേശങ്ങൾക്കനുസൃതമായി കർമ്മസമിതികൾ തയ്യാറാക്കുന്ന റിപ്പോർട്ടിന്റെ വെളിച്ചത്തിലാണ് വികസനപദ്ധതിക്ക് രൂപം കൊടുക്കുന്നത്.

തുടർന്നു നടക്കുന്ന ബ്ലോക്ക് പഞ്ചായത്ത് വികസന സെമിനാറുകളിൽ പഞ്ചായത്ത് പദ്ധതികളും ബ്ലോക്ക് പഞ്ചായത്തിന്റെ പദ്ധതി നിർദ്ദേശങ്ങളും വിവിധ ബ്ലോക്ക് പഞ്ചായത്ത് പദ്ധതികളും മുനിസിപ്പാലിറ്റി പദ്ധതികളും ജില്ലാ ആസൂത്രണസമിതിയുടെ മേൽനോട്ടത്തിൽ ജില്ലാ തലത്തിലും സംയോജിപ്പിക്കുന്നു. സംസ്ഥാന ആസൂത്രണ ബോർഡിൽ എത്തുന്ന വിവിധ ജില്ലാ പദ്ധതികളും വിവിധ വകുപ്പു പദ്ധതികളും സമന്വയിപ്പിച്ച് സംസ്ഥാനതല പദ്ധതി തയ്യാറാക്കുന്നു. ഇതിനായി സംസ്ഥാനതലത്തിൽ സ്റ്റിയറിംഗ് കമ്മിറ്റികളെയും ടാസ്ക് ഫോർഡുകളെയും ചുമതലപ്പെടുത്തിയിട്ടുണ്ട്.

ഒൻപതാം പദ്ധതിയുടെ കരട് ചർച്ച ചെയ്യുന്നത് കേരള സംസ്ഥാന രൂപവൽക്കരണത്തിന്റെ 40-ാം വാർഷികവുമായി ബന്ധപ്പെട്ട സംസ്ഥാനതല കോൺഗ്രസിലായിരിക്കും. ഇതോടെ മഹത്തായ ഈ ജനകീയ യജ്ഞത്തിനു പരിസമാപ്തിയാകും.

1997 ഫെബ്രുവരിമാസത്തോടെ സമയബന്ധിതമായി മേൽപറഞ്ഞ എല്ലാ നടപടിക്രമങ്ങളും പൂർത്തിയാക്കുന്നതിനാണ് സംസ്ഥാന ആസൂത്രണ ബോർഡ് തീരുമാനിച്ചിട്ടുള്ളത്.


നമ്മുടെ പഞ്ചായത്തിൽ

സെപ്തംബർ 8, 9, 10 തീയതികളിൽ നടന്ന ജില്ലാതല പരിശീലനത്തിൽ നമ്മുടെ പഞ്ചായത്തിൽനിന്നും 8 പ്രതിനിധികൾ പങ്കെടുത്തു. 12-9-96 ൽ നടന്ന സർവ്വകക്ഷി യോഗത്തിൽ പ്രവർത്തനങ്ങൾ വിശദീകരിച്ചു. 21-9-96 ൽ നടന്ന പഞ്ചായത്ത്തല പരിശീലനത്തിൽ 109 പേർ പങ്കെടുത്തു.

പഞ്ചായത്തിൽ നടന്ന ആദ്യ വിശേഷാൽ ഗ്രാമസഭ സെപ്തംബർ 22-ാംതീയതി നെച്ചിപ്പുഴൂരാണ്. മറ്റു ഗ്രാമസഭകളും നടന്ന തീയതികളും ചുവടെ ചേർക്കുന്നു.

വള്ളീച്ചിറ ഈസ്റ്റ്	— 28-9-96
വള്ളീച്ചിറ വെസ്റ്റ്	— 29-9-96
ഇടനാട്	— 2-10-96
വലവൂർ ഈസ്റ്റ്	— 5-10-96
വലവൂർ വെസ്റ്റ്	— 6-10-96
കുടക്കച്ചിറ	— 12-10-96
പോണാട്	— 12 10-96
അന്തീനാട്	— 13 10-96
പയപ്പാർ	— 13-10-96

15-10-96 മുതൽ വായ്മൊഴി ചരിത്രപഠനം ആരംഭിച്ചു. രണ്ടാം ഘട്ടപഞ്ചായത്തല പരിശീലനവും ദ്വിതീയ വിവരശേഖരണവും ഒക്ടോബർ 17 ന് ആരംഭിച്ചു. നവം: 11 ന് ഗ്രാമസഭാ റിപ്പോർട്ടുകളും ക്രോഡീകരിച്ചു. 18-11-96 ഓട്ടക്കുടി വികസന റിപ്പോർട്ട് തയ്യാറാക്കി. 20-11-96 ൽ ചേർന്ന പഞ്ചായത്ത് കമ്മറ്റി റിപ്പോർട്ട് വായിച്ച് അംഗീകാരം നൽകി.



സ്വയംഭരണത്തിനു മുതിരുന്നതിനു മുമ്പു നാം മനുഷ്യരായിത്തീരണം.
ഗാന്ധിജി

സാമൂഹിക-സാംസ്കാരിക ചരിത്രം

18-ാം നൂറ്റാണ്ടിൽ വടക്കുംകൂർ രാജവംശത്തിന്റെ ഭരണത്തിൻ കീഴിലായിരുന്ന കരുർ പഞ്ചായത്ത് ഉൾപ്പെടുന്ന ഭൂവിഭാഗങ്ങളാണ്. ഈ പഞ്ചായത്ത് 1953-ൽ രൂപംകൊള്ളുമ്പോൾ 7 കരകളാണ് അതിൽ ഉൾപ്പെട്ടിരുന്നു. 1962ൽ വള്ളീച്ചിറ കരകൂടി കൂട്ടിച്ചേർത്ത് 8 കരകളുള്ള പഞ്ചായത്തായ് പ്രദേശമായിത്തീർന്നു. അന്തീനാട്, പയപ്പാർ, പോണാട്, നെച്ചിപ്പുഴൂർ എന്നീ കരകൾ ളാലം വില്ലേജിൽ നിന്നും വള്ളീച്ചിറ, ഇടനാട്, വലവൂർ, കുടക്കച്ചിറ എന്നീ വള്ളീച്ചിറ വില്ലേജിലെ കരകളും കൂടി ചേർന്നതാണ് ഇന്നത്തെ കരുർ പഞ്ചായത്ത്.

ഈ കരുർ പഞ്ചായത്ത് എന്ന പേരു് പോണാട് കരയിൽ കരുർ എന്ന കുടുംബക്കാരുടെ ഒരു പുരയിടം കരുർ പുരയിടം എന്നാണ് അറിയപ്പെട്ടിരുന്നത്. ആ പുരയിടത്തിൽ ഒരു പള്ളി സ്ഥാപിച്ചപ്പോൾ ആ പള്ളിയ്ക്ക് കരുർ പള്ളി എന്ന പേരുകൊടുത്തു. ആ സ്ഥലത്ത് ഒരു L P സ്കൂൾ വന്നപ്പോൾ ആ സ്കൂളിനും കരുർ പള്ളിക്കൂടം എന്ന പേരു ലഭിച്ചു. കരുർ പള്ളിയും പള്ളിക്കൂടവും സ്ഥിതിചെയ്തിരുന്ന പ്രദേശത്തെ ആളുകളുടെ ശ്രമഫലമായാണ് ഈ പഞ്ചായത്ത് രൂപം കൊണ്ടതു്. ആ പ്രദേശത്തെ ആളുകളുടെ ശ്രമഫലമായുണ്ടായ പഞ്ചായത്തായതുകൊണ്ട് ഈ പഞ്ചായത്തിനും കരുർ പഞ്ചായത്ത് എന്ന പേരു ലഭിച്ചു.

ഈ പഞ്ചായത്തിലെ ഓരോ കരയുടേയും പേരിനോടനുബന്ധിച്ച് പലതരം ഐതിഹ്യങ്ങളുണ്ട്. അറിയപ്പെട്ടിരുന്ന നാടിന്റെ അതിരു് (അന്ത്യം) ആയി കണക്കാക്കപ്പെട്ടിരുന്ന പ്രദേശത്തിനു് അന്തീനാട് എന്ന പേരു ലഭിച്ചു എന്നു് പഴമക്കാർ പറഞ്ഞുവരുന്ന സാമുദായിക സമ്മർദ്ദഫലമായി ബ്രാഹ്മണർ അധികാരം വിട്ടൊഴിഞ്ഞുപോയ നാടാണ് പോണാട് എന്ന ചിലർ പറയുന്നു. അതല്ല കാട് വെട്ടിത്തെളിച്ചു ചെന്നപ്പോൾ കാട്ടാടുകൾ ഓടി മറയുന്നതുകണ്ട് ആട് പോയ് മറഞ്ഞനാട് എന്ന അർത്ഥത്തിൽ പോണാട് എന്നു വിളിച്ചിരുന്നു എന്നും വിശ്വസിക്കുന്നവരുണ്ട്. വഴിയാത്രക്കാർക്ക് വെള്ളം (സമ്പാരം) വിതരണം ചെയ്തിരുന്ന സ്ഥലം എന്ന അർത്ഥത്തിൽ വെള്ളപ്പുര എന്ന പേരു് നെച്ചിപ്പുഴൂരിനു ലഭിച്ചിട്ടുണ്ട്. നെച്ചിപ്പുഴൂരിനെ വെള്ളപ്പുര എന്ന പേരിൽ ഇന്നു പലരും ഉപയോഗിക്കുന്നു. നാടുവാഴികളായിരുന്ന വള്ളിയിൽ കൈമൾമാരുടെ തറവാടിനോടു ചേർന്നുള്ള ചിറ (കുളം) ഇരുന്നിരുന്ന പ്രദേശമായിരുന്നതുകൊണ്ട് ആ കരയ്ക്ക് വള്ളീച്ചിറ എന്ന പേരു ലഭിച്ചു. 84 സെന്റു വിസ്തീർണ്ണമുള്ളതും ഈ പഞ്ചായത്തിലെ ഏറ്റവും വലിപ്പമുള്ളതുമായ വള്ളിയിൽ കുളവും കുളപ്പുരയും ഇന്നും വൈക്കം പാലാ റോഡ് സൈഡിൽ കാണാവുന്നതാണ്. വലവൂർ അതിപുരാതനവും പ്രശസ്തവുമായിരുന്ന കൊല്ലിച്ചിറ ക്ഷേത്രാധികാരം സംബന്ധിച്ച് നാടുവാഴികളും ക്ഷേത്രത്തിന്റെ ഭരണാധികാരികളുമായിരുന്ന പുല്ലൻപ്രാവിൽ കൈമളുടെ രണ്ട് തായ്വഴികൾ തമ്മിലുള്ള യുദ്ധംമൂലം ക്ഷേത്രസ്വത്തുക്കൾ അന്യാധീനപ്പെട്ടുപോകയും ക്ഷേത്രം നശിക്കുകയും ചെയ്തു. ഒരു തായ്വഴിയിലെ ഒരാൾ ആലുവായ്ക്കടുത്തുള്ള തിരുവാലൂർ എന്ന സ്ഥലത്തുപോയി അവിടത്തെ പരമശിവനെ പൂജിച്ച് ശക്തി ആവാഹിച്ച് കൊണ്ടുവന്ന് പ്രതിഷ്ഠിച്ച മഹാദേവക്ഷേത്രം സ്ഥിതിചെയ്യുന്ന പ്രദേശം തിരുവാലൂരെന്നും അതു ലോപിച്ച് വാലൂരെന്നും വലവൂരെന്നും മാറി എന്നാണ് ഐതിഹ്യം. കുടക്കച്ചിറ-അക്ഷയപാത്രമായിരുന്നു. കുടക്കകൾ കിഴക്കൻമലകളിൽ നിന്നും ഒഴുകിയെത്തി ചിറയായി മാറിയതുമൂലം ഫലഭൂയിഷ്ഠമായ, ആദ്യകാലത്ത് കുടക്കച്ചിറയും പിന്നീട് കുടക്കച്ചിറയുമായി മാറി എന്നാണ് ആ സ്ഥലത്തെപ്പറ്റി ചിലയാളുകൾ പറഞ്ഞുവരുന്ന കഥകൾ.

ഈ പ്രദേശത്തിനു് അതിപുരാതനമായ ഒരു സാംസ്കാരിക പൈതൃകം അവകാശപ്പെടാനുണ്ട് എന്നതിന്റെ വിളംബരമാണ് ഇവിടെ സ്ഥിതിചെയ്തിരുന്ന പ്രാചീനക്ഷേത്രങ്ങൾ. ഈ ക്ഷേത്രങ്ങളിൽ പലതും ആയിരത്താണ്ടുകൾ പിന്നിട്ടവയാണ്. എല്ലാ കരകളിലും വളരെ പഴക്കംചെന്ന ഒന്നോ അതിലേറെയോ ക്ഷേത്രങ്ങളുണ്ട്. അന്തീനാട് മഹാദേവക്ഷേത്രം, വലവൂർ മഹാദേവക്ഷേത്രം, പയപ്പാർ ശാസ്താക്ഷേത്രം, നെച്ചിപ്പുഴൂർ ചിറക്കരക്ഷേത്രം, ഇളപൊഴുതുപതി,

ഇടനാട് ദേവീക്ഷേത്രം, പോണാട് ഭഗവതിക്ഷേത്രം, വള്ളീച്ചിറ പിഷാരുകോവിൽ,വലവൂർ കുളങ്ങരക്കാവ് കുടക്കച്ചിറ ശ്രീകൃഷ്ണക്ഷേത്രം, ഇടനാട്ട മങ്കൊമ്പഭഗവതി ക്ഷേത്രം, വലവൂരു പാട്ടപുരയ്ക്കൽക്ഷേത്രം എന്നിവയാ ണ് കരൂർ പഞ്ചായത്തിലെ ക്ഷേത്രങ്ങൾ. ഈ ക്ഷേത്ര ങ്ങളിലെല്ലാം കൂടി വളരെ വിപുലമായ രീതിയിൽ നടത്തിവന്നിരുന്ന ഉത്സവങ്ങൾ പ്രാചീനകാലംമുതൽ ഇവിടെ നിലനിന്നിരുന്ന കലാകൗതുകത്തേയും സം സ്കാര പൈതൃകത്തേയും പ്രഖ്യാപനം ചെയ്തിരുന്നു.

നമ്മുടെ പഞ്ചായത്തിലെ ഏറ്റവും പുരാതനമായ പള്ളി വള്ളീച്ചിറക്കരയിലെ പൈങ്ങളം പള്ളിയാണ്. ഈ പള്ളിക്ക് ഏതാണ്ട് 400 കൊല്ലത്തെ പഴക്കമുണ്ട്, കുടക്കച്ചിറ പള്ളി, ചെറുകരപ്പള്ളി, ചിറ്റാർ പള്ളി, കരൂർ പള്ളി, വലവൂർ പള്ളി, വലവൂർ ഐക്കനാമം പള്ളി, അന്തീനാട് പള്ളി, അന്ത്യാളം പള്ളി, മുണ്ടാ ങ്കൽ പള്ളി എന്നിവയാണ് ഈ പഞ്ചായത്തിലെ ക്രൈസ്തവ ദേവാലയങ്ങൾ. ഈ ദേവാലയങ്ങളിലെ തിരുനാളുകൾ ഈ പ്രദേശത്തിന്റെ പൊതു ഉത്സവ ങ്ങളായിത്തീരുന്ന സന്ദർഭങ്ങളുണ്ട്. കരൂർ പഞ്ചായ ത്തിൽ ഹിന്ദുക്കളും ക്രിസ്ത്യാനികളും മാത്രമേയുള്ള എന്ന വസ്തുത പ്രത്യേകം ശ്രദ്ധിക്കത്തക്കതാണ്. ഈ പഞ്ചാ യത്തു പ്രദേശത്തെ ജനങ്ങൾ സമുദായ മൈത്രി പുലർ ത്തുന്ന കാര്യത്തിൽ എപ്പോഴും ബദ്ധശ്രദ്ധരായിരുന്നു.

നമ്മുടെ ദേശീയ പ്രസ്ഥാനവുമായി ബന്ധപ്പെട്ട് ഈ പഞ്ചായത്തു പ്രദേശത്തെ അനേകം നിസ്വാർത്ഥ മതികൾ മുമ്പോട്ടുവരികയും ഈ നാടിന്റെ സ്വാതന്ത്ര്യ സമര ചരിത്രത്തിൽ തങ്ങളുടേതായ സംഭാവനകൾ നൽകുകയും ചെയ്തു. അവരിൽ കടുമ്പുകാട്ടിൽ കുട്ടപ്പൻ, കടുമ്പുകാട്ടിൽ ചാക്കോച്ചൻ, ഒഴുകയിൽ കുഞ്ഞേട്ടൻ, കെ റവി. തോമസ് കാടൻകാവിൽ, (രണ്ടാമത്തെ കരൂർ പഞ്ചായത്തു പ്രസിഡന്റ്) മൈലാടൂർ ജോസഫ്, കെ. എസ്. ജോസഫ് കുഴികുളം, സി. എ. ചാക്കോ ചെമ്പോട്ടിക്കൽ, ആഗസ്തി മാക്കീത്തട ത്തിൽ തുടങ്ങിയവർ മുന്നോട്ടു വരികയും സ്റ്റേറ്റു കോൺഗ്രസ്സുമായി ബന്ധപ്പെട്ട പ്രവർത്തിക്കുകയും ചെയ്തു.

നവോത്ഥാന പ്രസ്ഥാനവുമായി ബന്ധപ്പെട്ട് ചില സുപ്രധാന സംഭവങ്ങൾ ഈ പഞ്ചായത്തു പ്രദേ ശത്തു നടന്നിട്ടുണ്ട്. ക്ഷേത്രപ്രവേശന വിളംബര ത്തോടുകൂടി നെച്ചിപ്പുഴൂർ ചിറക്കരക്കാവ് ക്ഷേത്രം ഹരിജനങ്ങൾക്കു തുറന്നുകൊടുത്തുകൊണ്ട് തുണ്ടത്തിൽ ഇല്ലത്ത് നാരായണൻ നമ്പൂതിരി (ആദ്യത്തെ പഞ്ചാ യത്തു പ്രസിഡന്റ്) മാതൃക കാട്ടിയിട്ടുണ്ട്. കാല ക്രമേണ അയിത്തോച്ചാടന പ്രസ്ഥാനവുമായി ബന്ധ പ്പെട്ട് മറ്റുപല ക്ഷേത്രങ്ങളും ഹരിജനങ്ങൾക്കു തുറന്നു കൊടുക്കുന്നതിനുള്ള പ്രേരണ ഈ സംഭവം മൂലം ഉണ്ടാ യിട്ടുണ്ട്.

ഔപചാരിക വിദ്യാഭ്യാസത്തിനു തുടക്കം കുറി ച്ചത് 1910 ൽ അന്തീനാട് ആരംഭിച്ച വെർണാകുലർ സ്കൂളായിരുന്നു. തുടർന്ന് 1916 ൽ വലവൂരും തുടർന്ന് കുടക്കച്ചിറ പ്രവിത്താനം വള്ളീച്ചിറ ഇടനാട് തുടങ്ങി യ വിവിധ പ്രദേശങ്ങളിലും പ്രൈമറി സ്കൂളുകൾ ആരം ഭിക്കുകയുണ്ടായി. ഈ പഞ്ചായത്തിലുള്ള ഹൈസ്കൂളു കൾ 1946 ൽ ആരംഭിച്ച പ്രവിത്താനം സെൻറ് മൈക്കിൾസ് ഹൈസ്കൂളും 1954 ൽ ഹൈസ്കൂൾ ആക്കി ഉയർത്തിയ ഇടനാട് എസ്. വി. എൻ. എസ്. എസ്. ഹൈസ്കൂളും 1981ൽ ആരംഭിച്ച കുടക്കച്ചിറ സെൻറ് ജോസഫ് ഹൈസ്കൂളുമാണ്.

ഇന്നു നിലവിലിരിക്കുന്ന സമുദായ മൈത്രി ക്കും പരസ്പര വിശ്വാസത്തിനും ഐക്യത്തിനും അടിസ്ഥാനം മുമ്പ് ഈ പ്രദേശത്തെ നിലവിലിരുന്ന കൂട്ടായ്മ സമ്പ്രദായമായിരുന്നു. ഓരോ വിഭാഗം ജനങ്ങളും മുൻകൂട്ടി തീരുമാനിച്ച് ഓരോതരം കൃഷിപ്പ ണികളും ഒരുമിച്ചു ചെയ്തു പ്രയത്നം ലഘൂകരിക്കു കയും പണം ലാഭിക്കുകയും ചെയ്യുന്ന സമ്പ്രദായം ഈ പ്രദേശത്തു നിലനിന്നിരുന്നു.

മുൻകാലങ്ങളിൽ കാർഷികവിളകളായ ചുക്ക്, കുരുമുളക്, മഞ്ഞൾ, കൊപ്രാ തുടങ്ങിയ വസ്തുക്കൾ തലച്ചുമടായും കാളവണ്ടിയിലും പാലാ ചേർപ്പുങ്കൽ തുടങ്ങിയ മീനച്ചിലാറിന്റെ കടവുകളിൽ എത്തിച്ച് ആലപ്പുഴയുമായി വ്യാപാരബന്ധത്തിൽ ഏർപ്പെട്ടി രുന്നു. നാട്ടിലാവശ്യമുള്ള വസ്തുക്കൾ തിരിച്ചും എത്തി ച്ച് വ്യാപാരം നടത്തിയിരുന്നു. ഉണ്ണിക്കുന്നേൽ പോത്തൻവർക്കി അക്കാലത്ത് ആലപ്പുഴയ്ക്കു മലബാ റിലും പാലക്കാടിനു പാക്കും കൊണ്ടുപോയി കച്ചവടം നടത്തിയിരുന്ന ഈ പ്രദേശത്തെ പ്രമുഖനായ കച്ചവട ക്കാരനായിരുന്നു.

ഈ നൂറ്റാണ്ടിന്റെ ആരംഭകാലത്ത് ഈ പ്രദേശ ത്തെ ഹൈന്ദവ പ്രമുഖകുടുംബങ്ങളിൽ കഥകളി നടത്തു കയും കഥകളി ഗ്രൂപ്പുകൾക്കുവേണ്ട പ്രോത്സാഹനങ്ങൾ നൽകുകയും ചെയ്തിരുന്നു. ക്രൈസ്തവ ഭവനങ്ങ ളിലെ വിവാഹാഘോഷങ്ങൾക്കും മറ്റും ജനോവാ നാടകം, ഉറുശീനാ നാടകം തുടങ്ങിയ തമിഴ് സംഗീത പ്രധാനമായ നാടകങ്ങൾ നടത്തിവന്നിരുന്നു. ഇപ്രകാരം പ്രാചീന കാലത്ത് കലാസാംസ്കാരിക രംഗങ്ങളിൽ ഈ പ്രദേശത്തെ ജനങ്ങൾ തല്പരരായിരുന്നു എന്നു മനസ്സിലാക്കാം.

ഗുരുകുല വിദ്യാഭ്യാസ മാതൃകയിൽ ഇടനാട്ടിൽ ഉണ്ടായിരുന്ന രാമകൃഷ്ണാശ്രമത്തിൽ ഹരിജൻ കുട്ടികളെ താമസിപ്പിച്ച് വിദ്യാഭ്യാസംചെയ്യിക്കുകയും അതോടൊപ്പം ഉന്നത വിദ്യാഭ്യാസത്തിന് മറ്റു സ്കൂളുകളിലേയ്ക്ക് അയക്കുകയും ചെയ്തിരുന്നു. അപ്രകാരം വിദ്യാഭ്യാസം ലഭിച്ച പല ഹരിജനങ്ങളും ഇന്ന് ഉന്നത സ്ഥാനങ്ങളും അലങ്കരിക്കുന്നു.

നമ്മുടെ ദേശീയ സംസ്കാരത്തിന്റെ മുഖ്യ ധാരയിലേയ്ക്ക് വലിയവിലപ്പെട്ട സംഭാവനകളും നൽകിയ ചരിത്രമൊന്നും നമുക്കവകാശപ്പെടാനില്ലെങ്കിലും ആപ്രവർത്തനങ്ങളോടൊത്തുനീങ്ങുവാൻ കഴിഞ്ഞ ഒരു ജനതയാണ് ഈ പ്രദേശത്തു വസിച്ചിരുന്നതെന്ന് പ്രത്യേകം എടുത്തുപറയാവുന്നതാണ്.

ഭൂപ്രകൃതി, ജലസമ്പത്ത്, ജനപ്രകൃതി

കോട്ടയം ജില്ലയുടെ മദ്ധ്യഭാഗത്തു സ്ഥിതി ചെയ്യുന്ന ഒരു പഞ്ചായത്താണ് കരൂർ പഞ്ചായത്ത്. മലനാട്, ഇടനാട്, തീരഭൂമി എന്നീ കേരളത്തിലെ ഭൂവിഭാഗങ്ങളുടെ തരംതിരിവിൽ ഇടനാട്ടിൽപ്പെട്ടതാണിതു്. മറ്റു പല പ്രദേശങ്ങളുമപേക്ഷിച്ച് ഈ പ്രദേശത്തിനുള്ള ഒരു പ്രത്യേകത ഇവിടെ വിസ്തൃതങ്ങളായ സമതലപ്രദേശങ്ങളും ഇല്ല എന്നുള്ളതാണ്. ചെറുതും വലുതുമായ കുന്നുകളും അവയുടെ ചെരിവുകളും അവയുടെ താഴ്വാരത്തുകൂടി ഒഴുകുന്ന ചെറുതും വലുതുമായ തോടുകളുടെ തീരത്തുകാണപ്പെടുന്ന വയലുകളും ഉൾപ്പെട്ട ഭൂപ്രകൃതിയാണ് നമ്മുടെ ഈ പഞ്ചായത്തിനുള്ളതു്.

നമ്മുടെ പഞ്ചായത്തിലെ ഉയരംകൂടിയ മലകളും കൂവയ്ക്കുമല, സെൻറ്തോമസ്മൗണ്ട് (ഓന്തനാമല), കുര്യത്തുമല, ഇളപൊഴുതുമല എന്നിവയാണ്. ഇതിനുപുറമെ കൊച്ചുകൊച്ചുകുന്നുകളും പഞ്ചായത്തിന്റെ എല്ലാഭാഗത്തും കാണപ്പെടുന്നു. ഈ വലുതും ചെറുതുമായ കുന്നുകളുടെ ചെരിവുകളാണ് നമ്മുടെ ഭൂപ്രദേശത്തിന്റെ മുഖ്യപങ്കും.

ഭൂപ്രകൃതിയനുസരിച്ച് കരൂർ പഞ്ചായത്തിനെ മൂന്നായി തിരിക്കാം

ഇനം	വിസ്തീർണ്ണം ഹെക്ടറിൽ
താഴ്വര	195
ചെരിവുകളും	3758
പാറ	40

ഈ പ്രദേശത്തെ പ്രധാന പാറകളും—

കോണാലിപ്പാറ, നെല്ലാനിക്കാട്ടുപാറ, തോണിപ്പാറ, പുൽപ്പാറ, ചാത്തൻപാറ, വാണിയപ്പാറ, പുറവിപ്പാറ തുടങ്ങിയവയാണ്.

മൺതരങ്ങൾ

കുന്നിൻചെരിവുകളിലെ മണ്ണ് മണൽ കലർന്ന ചെമ്മണ്ണാണ്. താഴ്വാരപ്രദേശങ്ങളിൽ മണൽകലർന്ന എക്കൽമണ്ണാണ് കളിമണ്ണും.

നമ്മുടെ പ്രദേശത്തെ ഏറ്റവും പ്രധാന കൃഷി റബ്ബറാണ്. റബ്ബർ കൃഷിയ്ക്ക് വളരെ അനുയോജ്യമായ മണ്ണാണ് ഈ പ്രദേശത്തുള്ളതു്. ആ മൺതരം ഈ പഞ്ചായത്തിന്റെ സാമ്പത്തികശേഷി അടുത്തകാലത്തായി വളരെ ഇരട്ടി വർദ്ധിപ്പിച്ചിട്ടുണ്ട്. എന്നാൽ നമ്മുടെ പരമ്പരാഗത കൃഷികളിൽ പലതും പിന്നോട്ടു പോയിക്കൊണ്ടിരിക്കുന്നു.

ജലസമ്പത്ത്

നമ്മുടെ പഞ്ചായത്തുപ്രദേശം ധാരാളം മഴ ലഭിക്കുന്ന സ്ഥലമാണ്. ഈ പ്രദേശത്തെ വാർഷിക വർഷപാതം 3137 മില്ലീമീറ്ററാണ്. ഈ പഞ്ചായത്തു പ്രദേശത്ത് ഏറ്റവും കൂടുതൽ മഴ ലഭിക്കുന്ന മാസങ്ങളും ജൂൺ, ജൂലൈ മാസങ്ങളാണ്. ഏറ്റവും കുറവു ലഭിയ്ക്കുന്ന മാസങ്ങളും ഫെബ്രുവരി–മാർച്ചും.

കഴിഞ്ഞ 1975 മുതൽ 1992 വരെ ലഭിച്ച വർഷപാതം മില്ലീമീറ്ററിൽ ചുവടെ ചേർക്കുന്നു.

1975—76	1976—77	1977—78	1978—79	1979—80	1980—81
2881	2953	3333	2525	2293	2971

1981—82	1982—83	1983—84	1984—85	1985—86	1986—87
2204	1059	2939	3404	1885	1942

1987—88	1988—89	1989—90	1990—91	1991—92	1992—93
2427	2998	2855	3210	2622	3308

ഈ പട്ടികയിൽ നിന്നും വാർഷിക വർഷപാതത്തിലുള്ള വ്യതിയാനം മനസ്സിലാക്കാവുന്നതാണ്.

ഈ പ്രദേശത്തുകൂടി ഒഴുകുന്ന പ്രധാന തോടുകൾ താഴെപ്പറയുന്നവയാണ്.

1 പയപ്പാർ തോട് 2 ആഴിവേലിത്തോട് 3 പാണ്ടൻതോട് ഈ പ്രധാന തോടുകളും അവയിൽ വന്നുചേരുന്ന കൈത്തോടുകളുമാണ് നമ്മുടെ ജലവാഹിനികൾ. പയപ്പാർതോട്, അന്തീനാട്, പയപ്പാർ പോണാട് എന്നീ വാർഡുകളിൽ കൂടി കടന്നുപോകുന്നു. ആഴിവേലിത്തോട് ഒന്നിച്ചിപ്പുഴൂർ, വലവൂർ, ഇടനാട്, പോണാട്, വള്ളീച്ചിറ എന്നീ വാർഡുകളിൽ കൂടിയാണ് ഒഴുകുന്നത്. പാണ്ടൻതോട്, കുടക്കച്ചിറ, വലവൂർ, ഇടനാട്, വള്ളീച്ചിറ എന്നീ വാർഡുകളിൽ കൂടിയാണ് പ്രവഹിക്കുന്നത്. സാധാരണയായി തോടുകളുടെ ഇരുകരകളിലും ധാരാളം നിലങ്ങൾ കാണാറുണ്ട്. എന്നാൽ പയപ്പാർ തോടിനോടനുബന്ധിച്ച് ഒട്ടും നിലങ്ങൾ കാണപ്പെടുന്നില്ല. ആഴിവേലിത്തോടിന്റെ തീരപ്രദേശങ്ങളിലും വളരെ കുറച്ചുനിലങ്ങൾ മാത്രമേ കാണുന്നുള്ളൂ. എന്നാൽ പാണ്ടൻതോടിന്റെ ഇരുകരകളിലുമായി നമ്മുടെ പഞ്ചായത്തിലെ നിലങ്ങളുടെ മുഖ്യ പങ്കും കാണപ്പെടുന്നു. നമ്മുടെ ജലവാഹികളായ സാമാന്യം വലിയ ഈ തോടുകൾ യഥാർത്ഥത്തിൽ ഇവിടെ കിട്ടിയ വർദ്ധിച്ച ഋതുവിലുള്ള ജലപാതത്തെ എത്രയും വേഗം അടുത്ത നദിയിൽ എത്തിച്ചുചേർക്കുന്ന മാർഗ്ഗങ്ങളായിട്ടാണ് നിലകൊള്ളുന്നത്. വാസ്തവത്തിൽ ഈ തോട്ടിൽ കൂടി ഒഴുകുന്ന വെള്ളം തടഞ്ഞുനിർത്തി ജലസേചനത്തിനും കുടിവെള്ളത്തിനും ഉപകരിക്കത്തക്ക ഒരു പദ്ധതിയും ഇന്നു നിലവിലില്ല. ഇത്രകനത്ത വർഷപാതം കിട്ടുന്ന ഈ പഞ്ചായത്തു പ്രദേശത്ത് ഒരു വെയിൽ തെളിഞ്ഞാൽ ഒരു വേനൽക്കാലത്തിന്റെ പ്രതീതി ജനിപ്പിക്കത്തക്ക ഒരു അവസ്ഥാവിശേഷമാണ് സംജാതമാകുന്നത്

ഇനി പരിഗണിക്കേണ്ട ജലശ്രോതസ്സുകൾ കുളങ്ങളാണ്.

ഈ പഞ്ചായത്തിലെ പ്രധാന കുളങ്ങൾ

വള്ളീച്ചിറ — താമരക്കുളം
അന്തീനാട് — ആശാരിക്കുളം
വലവൂർ — പഞ്ചായത്തുകുളം
വലവൂർ — പല്ലൻപ്പാവിൽകുളം
പയപ്പാർ — അല്ലപ്പാറക്കുളം

ഇവകൂടാതെ എല്ലാ ക്ഷേത്രങ്ങളോടനുബന്ധിച്ചും ചില പ്രധാന കുടുംബങ്ങളുടെ വകയായും ചെറുതും വലുതുമായ കുളങ്ങളുണ്ട്. പക്ഷെ എല്ലാ കുളങ്ങളും വേനൽക്കാലത്തു വറ്റിപ്പോകുന്നതിനാൽ ജലസേചനത്തിനോ മറ്റുപയോഗങ്ങൾക്കോ ഉപകരിക്കുന്നില്ല. പൊതുവേ ജലക്ഷാമം രൂക്ഷമായ ഒരു പ്രദേശമാണ് നമ്മുടെ പഞ്ചായത്ത്.

ജനപ്രകൃതി

1996 ലെ കണക്കനുസരിച്ച് നമ്മുടെ പഞ്ചായത്തിൽ 20767 മനുഷ്യരുണ്ട്. ഇതിൽ 10472 പുരുഷന്മാരും 10295 സ്ത്രീകളുമാണുള്ളത്. കേരളത്തിന്റെ പൊതുവായ സ്വഭാവം പുരുഷന്മാരേക്കാൾ കൂടുതൽ സ്ത്രീകളാണെന്നുള്ളതാണ്. എന്നാൽ നമ്മുടെ പഞ്ചായത്തിൽ 177 പുരുഷന്മാരാണ് കൂടുതലുള്ളത്.

വിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ വലിയ പുരോഗതി പ്രാപിച്ചിട്ടുണ്ടെങ്കിലും ഗുണപരമായ പാപ്പരത്തം നാം പല രംഗങ്ങളിലും കാണുന്നുണ്ട്. റബ്ബറിന്റെ കൃഷിയിലൂടെ ഈ പഞ്ചായത്തു പ്രദേശത്തിനു ലഭിച്ച സാമ്പത്തിക വളർച്ച കർഷകരെ മടിയന്മാരും സുഖാസക്തരുമാക്കി മാറ്റിയിട്ടുണ്ട്. ജാതിപരമായ ഉച്ചനീചത്വങ്ങൾ ഈ പഞ്ചായത്തു പ്രദേശത്തും നിലനിന്നിരുന്നുവെങ്കിലും രൂക്ഷമായ ഒരു ചേരിതിരിവും ഇവിടെ ഉണ്ടാക്കിയിട്ടില്ല. സാമൂഹ്യമാറ്റത്തിന്റെ അലയൊലികൾ ഉൾക്കൊണ്ടുകൊണ്ട് ഇന്ന് മതസൗഹാർദ്ദത്തിന്റെ ഒരു മാതൃകയായി ഈ പഞ്ചായത്തു പരിലസിക്കുന്നു.

ഈ പഞ്ചായത്തിന്റെ സാരഥികൾ ഇതുവരെ.

കരുർ പഞ്ചായത്തിന്റെ തിരഞ്ഞെടുക്കപ്പെട്ട ആദ്യഭരണസമിതി നിലവിൽ വന്നത് 1953 ആഗസ്റ്റ് 12 നാണ്.

ശ്രീ ടി. എൻ. നാരായണൻ നമ്പൂതിരി പ്രസിഡൻറും ശ്രീ ഒ. ഉലഹന്നൻ വൈസ് പ്രസിഡൻറുമായിരുന്ന ആദ്യകമ്മറ്റിയിലെ മറ്റംഗങ്ങൾ

1 എം. വി. വാസുദേവൻനായർ

2 കെ. ജി. നാരായണൻനായർ

3 കെ. എസ്. ജോസഫ്

4 സി. കെ. രാമൻ

5 വി. പി. വർക്കി

6 കെ. ടി. തോമസ്

7 വാർഡുകളിൽ നിന്നും 8 അംഗങ്ങളാണുണ്ടായിരുന്നത്.



സാമൂഹിക-സാമ്പത്തികമേഖലകൾ

കൃഷിയും ജലസേചനവും

നമ്മുടെ കൊച്ചുകേരളത്തിനു് അതിപ്രാചീന കാലം മുതൽക്കു തന്നെ വർണ്ണാഭമായ ഒരു കാർഷിക ചരിത്രമുണ്ടു്. നമ്മുടെ സുഗന്ധവിളകളായ കുരുമുളകു്, ചുക്കു്, മഞ്ഞൾ, ഏലം, ഏലവറുങ്ങം മുതലായവ അതിപുരാതനകാലംമുതൽ, അന്നത്തെ പരിഷ്കൃത ലോകത്തിനു മുഴുവൻ അവശ്യവസ്തുക്കളായിരുന്നു. നമ്മുടെ സംസ്ഥാനത്തിനു് കിഴക്കു് അതിരിട്ടു് നിൽക്കുന്ന സഹ്യപർവ്വതസാനുക്കളിലും മലഞ്ചെരുവുകളിലും സമൃദ്ധിയായി വിളഞ്ഞിരുന്ന ഈ ഉൽപ്പന്നങ്ങൾ പിന്നീടു് ലോകത്തിന്റെ ചരിത്രംതന്നെ മാറിമറിച്ചു എന്നതു് ഒരു സത്യം തന്നെയാണു്. കിഴക്കു് അതിരായ സഹ്യനിൽ നിന്നും പടിഞ്ഞാറു് അതിരായ അറബിക്കടൽ തീരത്തേയ്ക്കുള്ള യാത്രയിൽ പർവ്വത പ്രാന്തങ്ങൾ കടന്നു് മലകളും ചെരിവുകളുംതാണ്ടി വരുമ്പോൾ മലകളും അവയുടെ ചെരിവുകളും അവസ്സു് വട്ടമിട്ടു് ഒഴുകുന്ന തോടുകളും ആ തോടുകൾക്കു് ഇരുകരകളിലുമായി വീതികുറഞ്ഞു് പച്ചനിറത്തിൽ അരികു് പിടിപ്പിച്ച താഴ്വരകളും ചേർന്ന ഗ്രാമപ്രദേശങ്ങൾ കാണുന്നു. ഇതിലൊരു ഭാഗത്താണു് നമ്മുടെ കരുർ പഞ്ചായത്തിന്റെ സ്ഥാനം.

നാമിപ്പോൾ പിന്നിട്ടുന്ന ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യപാദങ്ങളിലേക്കു് തിരിഞ്ഞുനോക്കുമ്പോൾ, നിലവിലിരുന്ന ഫ്യൂഡൽ സമ്പ്രദായത്തിന്റെ പരിഛേദങ്ങൾ നമുക്കു് ഇവിടെയും കാണാം. ജന്മികളും കുടിയാന്മാരും സമൂഹത്തിന്റെ രണ്ടു് പ്രധാന ഘടകങ്ങളായിരുന്ന അക്കാലത്തു് കാർഷികഭൂമിയിൽ ബഹു ഭൂരിഭാഗവും ജന്മിമാരുടേയും ദേവസ്വങ്ങളുടേയും നാടുവാഴികളുടേയും വകയായിരുന്നു. കാണപ്പാട്ടം, വെറുംപാട്ടം, ചൂണ്ടിപ്പാട്ടം എന്നിങ്ങനെ പല വ്യവസ്ഥകളിൽ ഈ ജന്മിവിഭാഗങ്ങൾ തങ്ങളുടെ ഭൂമി, കുടിയാന്മാർ എന്നു് വ്യവഹരിക്കപ്പെട്ടിരുന്ന കർഷകർക്കു് നൽകിയിരുന്നു. കുടിയാന്മാർ ഈ ഭൂമിയിൽ കൃഷിചെയ്തു് വിളവിന്റെ ഒരു ഭാഗം ജന്മിമാർക്കു് പ്രതിഫലമായി നൽകിയിരുന്നു. വിശേഷാവസരങ്ങളിൽ കാർഷികവിളകൾതന്നെ സമ്മാനമായി ജന്മിക്കു് നൽകി ജന്മിയിൽ നിന്നും പാരിതോഷികവും വാങ്ങി ജന്മി-കുടിയാൻ ബന്ധം ഊഷ്മളമാക്കി നിലനിർത്തിയിരുന്നു. ഭൂമിയുടെ സ്ഥിരാവകാശം തങ്ങൾക്കല്ലാതിരുന്നതിനാൽ വാർഷികവിളകളായ ഇഞ്ചി, മഞ്ഞൾ തുടങ്ങിയവയും അടുത്തവർഷം അതേ സ്ഥാനത്തു് മരച്ചീനിയും, തുടർന്നു് ഏതാനും വർഷം ആ ഭാഗം തരിശിട്ടും കുടിയാന്മാർ കൃഷി ചെയ്തിരുന്നു. അക്കാലത്തു് വീടുകൾ എല്ലാംതന്നെ ഓലമേഞ്ഞവയായിരുന്നു. മരച്ചീനി കൃഷി അടുത്തകാലംവരെ വ്യാപകമായുണ്ടായിരുന്നു. ഇവയുടെ കിഴങ്ങുകൾ ശേഖരിച്ചു് തൊണ്ടുകളഞ്ഞു് അരിഞ്ഞു് തിളപ്പിച്ചു് ഉണങ്ങി ജലാംശം ഒഴിവാക്കി ഒരു കൊല്ലത്തോളം സൂക്ഷിച്ചു് ഭക്ഷണത്തിനു് ഉപയോഗിച്ചിരുന്നു. പലപ്പോഴും പുരമേയലും മരച്ചീനിയുടെ വിളവെടുപ്പും ചേരിക്കൽ കിളയ്ക്കലും അയൽക്കാർ അന്യോന്യംകൂടി പണിനടത്തിയിരുന്നു. 'പൂണ്ടൻപണി' എന്നു വ്യവഹരിച്ചിരുന്ന ഈ പണികൾക്കു് അൽപ്പം മദ്യവും മാംസവും ഹൃദ്യത പകർന്നിരുന്നു.

ജലസേചനം;അത്യാവശ്യമല്ലാതിരുന്ന 'വെള്ളാരൻ തുടങ്ങിയ നെല്ലിനങ്ങൾ മലകളിൽ കൃഷി ചെയ്തിരുന്നു. മൂന്നും നാലും വർഷത്തിലൊരിക്കൽ മലവെട്ടിച്ചുട്ടു് വിത്തു് വിതച്ചു് പത്തുമിരുപതും ആളുകൾ അണിനിരന്നു് പാട്ടുംപാടി (കിളപ്പാട്ടു്) താളത്തിനൊപ്പിച്ചു് ഒരേ സമയത്തു് കിളച്ചു് അന്നത്തെ കൃഷിപ്പണികൾ ഉല്ലാസവേളകളാക്കിയിരുന്നു. നെല്പാടങ്ങളിൽ കളയെടുക്കുന്നതിനു് പത്തിരുപതു പെണ്ണാളുകൾ നിരന്നു്, മൂന്നോ നാലോ പുരുഷന്മാർ പിന്നിൽനിന്നു് തുടികൊട്ടി താളമടിച്ചു് പാടിക്കൊടുക്കുമ്പോൾ പെണ്ണാളുകൾ മുടിയഴിച്ചു് താളത്തിനൊത്തു് ആടിപ്പാടി കളയെടുത്തിരുന്നതിന്റെ മധുരസ്മരണകൾ ഇന്നു് മാഞ്ഞുകൊണ്ടിരിക്കുന്നു. ഞാറു നടുമ്പോഴും കതിരു കൊയ്യുമ്പോഴും പാട്ടു്. അങ്ങനെ കുടിയാന്മാരായ കൃഷകരും കർഷകതൊഴിലാളികളും കൃഷിപ്പണികൾ ഉല്ലാ

സ വേളകളാക്കിയിരുന്ന ഗതകാല സംഭവങ്ങളും ഇപ്പോഴും നമ്മിൽ മധുരസ്മരണകളും ഉണർത്തുന്നു. വാഴ, ചേന, കാച്ചിൽ, പയറുവർഗ്ഗങ്ങൾ മുതലായവയെല്ലാം ആവശ്യാനുസരണം കൃഷി ചെയ്തിരുന്നു. ചാണകം, ചാരം, പച്ചില എന്നിവ മാത്രമായിരുന്നു വളങ്ങൾ. കീടബാധകളും ഇല്ലെന്നു തന്നെ പറയാം. തെങ്ങ്, കമുക്, കുരുമുളക് മുതലായവയും അന്നു കൃഷി ചെയ്തിരുന്നു. കാർഷികോല്പന്നങ്ങളുടെ അന്നത്തെ പ്രധാന വിപണി ആലപ്പുഴയായിരുന്നു. കാളവണ്ടികളിൽ ചരക്ക് അടുത്ത കടവുകളിൽ എത്തിക്കും. അവിടെ നിന്നും വള്ളങ്ങളിൽ ആലപ്പുഴ തുറമുഖത്തും. കർഷക തൊഴിലാളികളും തങ്ങൾ പണിയെടുക്കുന്ന കർഷകന്റെ പുരയിടത്തിൽ ഒരു കൊച്ചു വീടുകെട്ടി അതിൽ താമസിച്ചിരുന്നു. കർഷകത്തൊഴിലാളികളെ കർഷകർ അന്യരായിട്ടല്ല കരുതിയിരുന്നത്. കോഴിയും, പട്ടിയും പന്നിയും തൊഴുത്ത് നിറയെ കാലികളും ഇവയെല്ലാം ചേർന്നതായിരുന്നു അന്നത്തെ ഗ്രാമങ്ങൾ.

ഭൂപ്രകൃതി

നമ്മുടെ പഞ്ചായത്തിൽ വ്യക്തമായ രണ്ടു ഭൂപ്രകൃതി വിഭാഗങ്ങളേ ഉള്ളുവെന്നു പറയാം. ശരാശരി 65 ശതമാനത്തോളം വരുന്ന മലഞ്ചെരുവുകളും അവയുടെ താഴെ ഒഴുകുന്ന തോടുകൾക്കിരുവശവുമായി വീതി കുറഞ്ഞ് തോടുനീളത്തിൽ കാണപ്പെടുന്ന താഴ്വരകളും മലകളുടെ മുകൾഭാഗത്ത് ചെറിയ പീഠസമതലങ്ങളും ഭൂവിസ്തൃതിയിൽ ചെറിയ ഒരു ഭാഗം മാത്രമാണ് നാമമാത്രമായ തരിശുഭൂമിയും.

ഭൂമി സംബന്ധിച്ച വിവരങ്ങൾ

ഇനം	വിസ്തീർണ്ണം (ഏക്കറിൽ)
നിലം	488.22 236
പുരയിടം	8117.65.215
പുറമ്പോക്ക്	276.69.202
തരിശ്	96.43.767
ആകെ	8979.00.420

മലഞ്ചെരുവുകളും നീർവാർച്ചയുള്ളതുകൊണ്ട് റബർ, കുരുമുളക്, തെങ്ങ്, കാപ്പി, ഇഞ്ചി, മഞ്ഞൾ, തുടങ്ങിയ എല്ലാ കൃഷികൾക്കും അനുയോജ്യമായ മണ്ണാണ്. ഈ പ്രദേശങ്ങളിൽ മണൽ കലർന്ന ചെമ്മണ്ണ് കാണപ്പെടുന്നു. താഴ്വരകളിലെ തടങ്ങളിൽ മണൽ കലർന്ന എക്കൽമണ്ണ് കാണുന്നു. ഈ ഭാഗത്തുകൂടി ഒഴുകുന്ന തോടുകളും താഴ്വരകളുടെ തോടിനോട് ചേർന്ന പാർശ്വഭാഗങ്ങളും നനവുകൊടുക്കുന്നു. തോടുകളിൽ താൽകാലിക ചിറകളോ സ്ഥിരം ചിറകളോ നിർമ്മിച്ച് ജലസേചനം നടത്തി ഒരു പ്രാവശ്യമോ രണ്ടുപ്രാവശ്യമോനെൽകൃഷി നടത്തിവരുന്നു. ഒരേക്കറിൽ ഒരു പ്രാവശ്യം ശരാശരി 100 പറ (800 kg) നെല്ല് ലഭിക്കുന്നു. നെൽകൃഷിക്ക് ശേഷം പയർ,ഉഴുന്ന്, എള്ള്, പച്ചക്കറികളും മുതലായവ കൃഷി ചെയ്യുന്നു.

ഈ നൂറ്റാണ്ടിന്റെ പകുതിക്ക് ശേഷം കാർഷികരംഗത്ത് സമഗ്രമായ മാറ്റംതന്നെ ഉണ്ടായി. 1957 മുതൽ 71 വരെയുള്ള കാലഘട്ടത്തിൽ നിലവിൽ വന്ന വിവിധ ഭൂപരിഷ്കരണ നടപടികളിൽ കൂടി കൃഷിചെയ്യുന്ന ഭൂമിയുടെ ഉടമസ്ഥത കർഷകനായിത്തീർന്നു. കൂടികിടപ്പവകാശം വഴി കർഷകതൊഴിലാളിക്കും അവന്റെ കൈവശഭൂമി സ്വന്തമായി തീർന്നു. ഫ്യൂഡൽ ജന്മിത്ത സമ്പ്രദായം അപ്രത്യക്ഷമായി ഭൂപരിഷ്കരണ നിയമത്തിലെ വ്യവസ്ഥകളനുസരിച്ച് സർക്കാർ നിശ്ചയിച്ച നിരക്കിൽ ജന്മിക്ക് തുക നൽകി ഭൂമിയുടെ പൂർണ്ണാവകാശം കർഷകനായി. ഇതിനുമുമ്പു തന്നെ തെങ്ങ്, റബർ, കുരുമുളക് മുതലായവയുടെ കൃഷി വ്യാപകമായി കഴിഞ്ഞിരുന്നു. കൃഷിരീതിയിലും വിളസമ്പ്രദായങ്ങളിലും ചെറിവ് ഭൂമികളും മലകളുടെ തടങ്ങളും തമ്മിൽ വലിയ വ്യത്യാസമില്ല.

മഴയുടെ ലഭ്യത

ഇവിടെ ഹരിതജീവനം തളിർക്കുന്നതും തളരുന്നതും നമുക്ക് ലഭിക്കുന്ന മഴയെ അടിസ്ഥാനമാക്കിയാണ്. സമയം തെറ്റി മഴപെയ്യുന്നതും, ലഭിക്കുന്ന മഴയുടെ ഏറ്റക്കുറച്ചിലും കാർഷിക രംഗത്ത് വലിയ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു. നമ്മുടെ നാടിന് സ്വാതന്ത്ര്യം കിട്ടിയിട്ട് 50 വർഷമായി. പഞ്ചവത്സര പദ്ധതികളും എട്ടുപൂർത്തിയാവുകയാണ്. കാർഷിക രംഗത്തോ, ജലവിഭവ മാനേജ്മെന്റിലോ, ഈ പദ്ധതികളൊന്നും തന്നെ സ്വാധീനം ചെലുത്തിയില്ല. വർഷപാതത്തിന്റെ കണക്കുകളും നോക്കുമ്പോൾ 85 മുതൽ 90 വരെ ശരാശരിയിലും താഴ്ന്ന നിലയിയിലാണ് നമുക്ക് വർഷപാതം ലഭിച്ചത് എന്നാൽ 91 മുതൽ വാർഷിക വർഷപാതം ഉയർന്നു. 92 ലും താഴ്ച ഉണ്ടായില്ല. ഈകാലത്ത് സാധാരണ വർഷപാതമായ 307 സെ. മീറ്ററിൽ നിന്നും 337 സെ. മീറ്ററിലേയ്ക്ക് ഉയർന്നു. എന്നാൽ 93 ൽ 8 ശതമാനം

കുറഞ്ഞു. 94–95 ൽ വീണ്ടും ഉയർന്ന് 340 സെ. മീ. എത്തി. നമ്മുടെ ദേശീയ ശരാശരി 1500 മില്ലി മില്ലി. മീ. ആണ്. അതേസമയം കേരളത്തിലേത് അതിന്റെ ഇരട്ടിയിൽ കൂടുതലാണ്. കേരളത്തെ അതേനീളവും വീതിയുമുള്ള ഒരു പരന്ന പാത്രമായി കണക്കാക്കിയാൽ ആ പാത്രത്തിൽ 3 മീറ്ററിലധികം വെള്ളം നിറയുന്നു. നമുക്ക് ആവശ്യമുള്ളതിൽ എത്രയോ അധികമാണിത്. ശാസ്ത്രീയമായ ഒരു ജലവിഭവ മാനേജ് മെന്റിന് രൂപംകൊടുത്ത് പ്രാവർത്തികമാക്കിയാൽ കുടിവെള്ളം, കാർഷികജലസേചനം തുടങ്ങിയ പ്രശ്നങ്ങൾ പരിഹരിക്കാവുന്നതേയുള്ളൂ.

ഈ പ്രദേശത്തിന്റെ രക്തധമനികൾ പോലെ പ്രധാനമായും നാലുതോടുകളാണ് ഈ പഞ്ചായത്തിൽ കൂടി ഒഴുകുന്നത്.

	തോടിന്റെ പേര്	തോട് ഒഴുകുന്ന വാർഡുകളുടെ പേര്
1	പയപ്പാർ തോട്	അന്തിനാട്, പയപ്പാർ, പോണാട്
2	നെച്ചിപ്പുഴൂർ തോട്	നെച്ചിപ്പുഴൂർ, ഇടനാട്, വള്ളിച്ചിറ
3	ഇരട്ടയാനി തൊണ്ടിയോടി തോട്	വലവൂർ, ഇടനാട്
4	കുടക്കച്ചിറ-വള്ളിച്ചിറ തോട്	കുടക്കച്ചിറ, വലവൂർ. ഇടനാട്, വള്ളിച്ചിറ ഒന്നും രണ്ടും വാർഡുകൾ

മഴക്കാലത്ത് കുത്തിയൊഴുകി ഇരുകരകളുംതട്ടിത്തകർത്ത് പ്രവഹിക്കുന്ന ഈ തോടുകൾ കർഷകനു ഗുണത്തേക്കാൾ ദോഷം ചെയ്യുന്നു. വർദ്ധിച്ച തോതിൽ മണ്ണൊലിപ്പിനും കൃഷിനാശത്തിനും ഈ തോടുകൾ ഇന്ന് കാരണമായിക്കൊണ്ടിരിക്കുന്നു. തോടുകൾക്ക് ഇരുവശവും സംരക്ഷണഭിത്തികളും, തോട്ടിൽ ആവശ്യാനുസരണം ചെക്കുഡാമുകളും, ക്രോസ് ബാറുകളും തീർത്താൽ ഈ തോടുകളെ മെരുക്കി കർഷകർക്കും അതുവഴി ഈ നാടിനും പ്രയോജനപ്പെടുത്താവുന്നതാണ്.

കാർഷികരംഗത്തെ പ്രതിസന്ധികൾ

ശാസ്ത്രീയവും ആസൂത്രിതവുമായ ഒരു ജല വിഭവ മാനേജ്മെന്റിന്റെ അഭാവത്തിൽ, സമൃദ്ധമായി നമുക്ക് ലഭിക്കുന്ന വർഷപാതത്തിന്റെ ഗുണം ലഭിക്കുന്നില്ലെന്നമാത്രമല്ല, ഭീമമായ മണ്ണൊലിപ്പിനു ഇതു കാരണമായിത്തീരുകയും ചെയ്യുന്നു. മണ്ണൊലിപ്പിനെപ്പറ്റിയുള്ള ശാസ്ത്രീയ പഠനം അതിന്റെ ഭീകരമായ അവസ്ഥ വ്യക്തമാക്കുന്നു. ഒരുഹെക്ടർ ഭൂമിയിൽനിന്നും, ആ ഭൂതലം പുല്ലുകൊണ്ട് മൂടപ്പെട്ടിരിക്കുകയാണെങ്കിൽ പോലും ഒരു വർഷം ഏഴ ടൺ മണ്ണ് നഷ്ടപ്പെടുന്നു. പുല്ലില്ലാത്ത സ്ഥലമെങ്കിൽ 441ടൺ മണ്ണ് നഷ്ടപ്പെടുന്നതായും കിളച്ച് മണ്ണിളക്കിയ ഭൂമിയിൽനിന്നും 520 ടൺവരെയും മണ്ണ് നഷ്ടപ്പെടുന്നതായും കണക്കുകൾ വ്യക്തമാക്കുന്നു. ഭൂമിയുടെ ഉപരിതലത്തിൽനിന്നും ഫലപുഷ്ടിയുള്ള മണ്ണാണ് ഇപ്രകാരം നഷ്ടപ്പെടുന്നത്. അരസെന്റിമീറ്റർ വരെ മണ്ണ് പരുവപ്പെടുണ്ടാകുവാൻ 600വർഷം വേണ്ടിവരുമെന്നു കണക്കാക്കപ്പെടുന്നു. കർഷർ പഞ്ചായത്തിലെ 75%ഭൂമിയും കുന്നിൻചെരുവുകളാണ് ഇതിൽ മണ്ണ് സംരക്ഷണപ്രവർത്തനങ്ങൾ വേണ്ടവിധം നടത്തിയിട്ടില്ലാത്തതിനാൽ നമുക്കുണ്ടാകുന്ന നഷ്ടത്തിന്റെ ഭീകരത വളരെ വലുതാണ്.

രാസവളങ്ങൾ വിലപ്പെടുന്ന ഈ പഞ്ചായത്തിലെ മൂന്നു സർവ്വീസ് സഹകരണ ബാങ്കുകളിൽനിന്നും

പ്രതിവർഷം 300 ടൺ വളം വില്ക്കുന്നുണ്ട്. റബ്ബർ ഉല്പാദക സംഘങ്ങൾ, കേരവികസന സമിതി, കൃഷിഭവൻ എന്നിവ വഴി ഏകദേശം 85 ടൺ വളം കർഷകർക്ക ലഭിക്കുന്നു. പഞ്ചായത്തിലുള്ള സ്വകാര്യ വ്യാപാരികളിൽനിന്നും, പഞ്ചായത്തിനു് വെളിയിൽനിന്നുമായി ലഭിക്കുന്ന 80 ടൺ വളം കൂടി ചേത്താൽ പ്രതിവർഷം 465 ടൺ രാസവളം നമ്മുടെ പഞ്ചായത്തിലെ മണ്ണിൽ നിക്ഷേപിക്കപ്പെടുന്നു. ഈ പ്രക്രിയ കഴിഞ്ഞ പത്തിരുപതു വർഷമായി നമ്മുടെ പഞ്ചായത്തിൽ തുടരുകയാണു്. ഈ രാസവളങ്ങളും നമ്മുടെ മണ്ണിൽ വരുത്തി വയ്ക്കുന്ന ഘടനാ വ്യത്യാസം, ആവശ്യാനുസരണം ജൈവ വളങ്ങളും ഉപയോഗിക്കപ്പെടാത്തപക്ഷം ഭാവിയിൽ അപകടമായിരിക്കുമെന്നു് വിദഗ്ധർ ചൂണ്ടിക്കാണിക്കുന്നു.

കാർഷിക രംഗത്തു് ആവശ്യമുള്ളിടത്തോളം തൊഴിലാളികളില്ലെന്നുള്ളതു് സംസ്ഥാന വ്യാപകമായ ഒരു പ്രശ്നമാണു്. ഈ പഞ്ചായത്തിലും ഈ പ്രശ്നം രൂക്ഷമാണു്. 1991-ലെ സെൻസസ് അനുസരിച്ചു് 1519 എന്നു കാണുന്നുവെങ്കിലും അവരിൽ യുവതലമുറയിൽപ്പെട്ടവർ എല്ലാം തന്നെ മരംമുറിക്കൽ, പാറമടയിലെ വിവിധ പണികൾ, കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട ജോലികൾ, സർക്കാർ നേതൃത്വത്തിലുള്ള വിവിധ നിർമ്മാണ പ്രവർത്തനങ്ങൾ എന്നിവയിലേപ്പെടുന്നു. കാർഷിക ജോലികൾക്കു് 75 രൂപാ മുതൽ തൊഴിലിന്റെ സ്വഭാവ വ്യത്യാസമനുസരിച്ചു് 125രൂ. വരെ പ്രതിഫലമുണ്ടു്. എന്നാൽ ഒരു മരം മുറിക്കൽ തൊഴിലാളിക്കു് ഇതിലും വർദ്ധിച്ച പ്രതിഫലം ലഭിക്കുന്നു. തന്മൂലം താരതമ്യേന കുറഞ്ഞ കൂലിമാത്രം ലഭിക്കുന്ന കാർഷിക ജോലിയിൽനിന്നും പിന്തിരിയുന്ന അവർ കൃഷിപ്പണി ഉപേക്ഷിക്കുന്നു. കൃഷിപ്പണികൾ കാലാവസ്ഥയും മഴയുടെ ലഭ്യതയുമനുസരിച്ചു് സമയബന്ധിതമായി നടക്കണം. എല്ലായിടത്തും ഒരേ കാലയളവിൽ തന്നെ നടക്കണം. കർഷകതൊഴിലാളികളുടെ അഭാവം പലരേയും കാർഷികവൃത്തിയിൽനിന്നു് പ്രത്യേകിച്ചു് വാർഷിക വിളകളുടെ കൃഷിയിൽനിന്നു് പിന്തിരിപ്പിക്കുന്നു.

ഉല്പാദന ചെലവിന്റെ അടിസ്ഥാനത്തിൽ ഒരു കൃഷിയിൽനിന്നും അറുദായം ലഭിക്കുന്നില്ലെന്നുള്ളതു് ഒരു യാഥാർത്ഥ്യമാണു്. കാർഷികോൽപ്പന്നങ്ങളുടെ വിലയിലുണ്ടാകുന്ന ഭീമമായ ഏറ്റക്കുറച്ചിൽ കൃഷിയിലുള്ള താൽപ്പര്യം ഇല്ലാതാക്കുന്നു. മറ്റൊരു തൊഴിൽ ഇല്ലാത്തതുകൊണ്ടും ശീലിച്ച തൊഴിൽ ഇതായതുകൊണ്ടും ഇന്നും കൃഷി നടക്കുന്നു. 1995-ൽ റബർ കിലോഗ്രാമിനു് 70 രൂപവരെ വില ഉയർന്നുവെങ്കിൽ ഇപ്പോഴം അതിനു് വില 50രൂപയിൽ താഴെയാണു്. ഇപ്പോഴം നാളികേരം ഒന്നിനു് ശരാശരിവില നാലുരൂപയാണു്. 90% കർഷകർക്കും അവരുടെ നിത്യനിദാന ചെലവു കഴിക്കുവേണ്ടി അവരുടെ ഉൽപ്പന്നങ്ങളും അന്നന്നു് കിട്ടുന്നവിലയ്ക്കു് വിൽക്കേണ്ടിവരുന്നു.

ദുരിതാശ്വാസത്തിൽനിന്നു് മോചനം ലഭിക്കാത്ത അവസ്ഥ കർഷകന്റെ പുരോഗതിയുടെ ഏറ്റവും വലിയ പ്രതിബന്ധങ്ങളിൽ ഒന്നാണു്. കടത്തിൽ ജനിച്ചു് കടത്തിൽ വളർന്നു് അവസാനിക്കുന്നു എന്നു് കർഷകരെപ്പറ്റിയുള്ള വിലയിരുത്തൽ ഇന്നും ഒരു യാഥാർത്ഥ്യമായി നിലനിൽക്കുന്നു. ലഭ്യമായ കണക്കുകളനുസരിച്ചു് ഈ പഞ്ചായത്തിലെ ശരാശരി പ്രതിശീർഷ കടബാദ്ധ്യത 5223 രൂപയാണു്. ഈ കടഭാരം പേറുന്നവർക്കു് ലഭ്യമായ ഭൂസ്വത്തിന്റെവിവരം കേന്ദ്രീകരിക്കുമ്പോഴം ഒരു ശരാശരി കർഷകന്റെ ദയനീയാവസ്ഥ വ്യക്തമാക്കുന്നു. വള്ളീച്ചിറ വില്ലേജും ളാലം വില്ലേജിന്റെ ഏതാനും ഭാഗങ്ങളുമുൾപ്പെട്ട ഈ പഞ്ചായത്തിലെ ഭൂടമസ്ഥത സംബന്ധിച്ച വിവരങ്ങൾ താഴെ ചേർക്കുന്നു.

വില്ലേജിന്റെ പേര്	ഉടമസ്ഥരുടെ എണ്ണം						
	1—10 സെന്റ്	11—25 സെന്റ്	26—50 സെന്റ്	51—100 സെന്റ്	1—2 ഏക്കർ	2—5 ഏക്കർ	5 ഏക്കറിന് മേൽ
വള്ളീച്ചിറ	1017	950	625	1488	1517	1194	79
ളാലം	2011	1418	838	1376	924	892	107

നാമമാത്രകർഷകരും ചെറുകിട കർഷകരും കർഷക തൊഴിലാളികളും അടങ്ങുന്ന ഈ പഞ്ചായത്തിലെ ബഹുഭൂരിപക്ഷം വരുന്ന ജനങ്ങളും അവരുടെ അദ്ധ്വാന ഫലത്തിന്റെ സിംഹഭാഗവും ഉപയോഗിച്ചാൽപോലും കടത്തിൽനിന്നും കരകയറുവാൻ സാധിക്കുകയില്ല. കടത്തിൽനിന്നും കടത്തിലേയ്ക്ക് കൂപ്പുകുത്തുന്ന സ്ഥിതിയാണുള്ളതു്.

നമ്മുടെ ഭാരതത്തിൽ ജനകീയ ഭരണവും ആസൂത്രണവും ആരംഭിച്ചിട്ട് അരനൂറ്റാണ്ടായിട്ടും കർഷകർ ഇന്നും പ്രകൃതിയുടെ ദയാദാക്ഷിണ്യങ്ങൾക്ക് പൂർണ്ണമായും വിധേയരാണ്. ഈ പ്രദേശവും അതിൽ നിന്ന് വ്യത്യസ്ഥമല്ല. മഴയൊന്ന് കനത്തുപെയ്താൽ മലമ്പ്രദേശങ്ങളിൽ നിന്ന് കുത്തിയൊഴുകുന്ന വെള്ളം തോടിന്റെ ഭിത്തികളും തകർത്ത് മണലും കല്ലും അവന്റെ പാടത്തേയ്ക്ക് കയറ്റുന്നു. ഒരാഴ്ചയോ രണ്ടാഴ്ചയോ കഴിഞ്ഞ് വെള്ളം ഇറങ്ങുമ്പോഴേയ്ക്കും കൃഷി നശിച്ചിരിക്കും. ശക്തിയായ കാറ്റിൽപ്പെട്ട് പല പ്പോഴും റബർ, വാഴ, മരച്ചീനി തുടങ്ങിയ വിളകളും നശിക്കുന്നു. ഉരുൾപൊട്ടൽ മൂലം അവന്റെ കൃഷിഭൂമി പാറക്കൂട്ടങ്ങളോടുകൂടിയ തോടായിത്തീരാം. ഇവയൊക്കെ നമ്മുടെ നാട്ടിൽ ഓരോ വർഷവും അനുഭവപ്പെടുന്നു.

തുണ്ടുതുണ്ട് ഭൂമികളിലെ കൃഷി ഭൂരിപക്ഷം കർഷകരുടേയും ജീവിതാവശ്യങ്ങളും നിറവേറ്റുവാൻ പര്യാപ്തമല്ല. 1957 മുതൽ 71 വരെയുള്ള കാലയളവിൽ നമ്മുടെ നാട്ടിൽ നിലവിൽവന്ന ഭൂപരിഷ്കരണങ്ങളിൽകൂടി ഭൂപരിധി ക്ലിപ്തപ്പെടുത്തിയിരുന്നു. അന്ന് അനുവദനീയമായ ഏറ്റവും കൂടിയ ഭൂഉടമപോലും, ഭൂമി തങ്ങളുടെ പിൻഗാമികൾക്കായി വിഭജിക്കപ്പെട്ടതിനേതുടർന്ന്, നാമമാത്രകർഷകരും കേവലം ചെറുകിടകർഷകരുമായി മാറി. ഭൂമിയുടെ ക്രമാതീതമായ വിലക്കയറ്റം, ഭൂമിവിലയ്ക്ക് വാങ്ങി കാർഷികവൃത്തി തുടരുക അസാദ്ധ്യമാക്കി. അടുത്ത തലമുറയ്ക്ക് കാർഷികവൃത്തി ഒരു ജീവിതോപാധിയായി കാണുക അസാദ്ധ്യമാണ്.

കാർഷികരംഗത്തെ കണ്ടുപിടിത്തങ്ങളും അത്യുൽപാദനശേഷിയുള്ള വിത്തിനങ്ങളും അവയുടെ ശാസ്ത്രീയ പരിചരണമുറകളും കർഷകരിൽ എത്തിക്കുന്നതിനുള്ള കൃഷിഭവനേറയും, നെൽപ്പാട സംഘങ്ങളുടേയും കേരവികസനസമിതി, സ്പൈസസ് ബോർഡ് മുതലായവയുടേയും പ്രവർത്തനം കാര്യക്ഷമമല്ല. ഈ സംവിധാനങ്ങളൊക്കെ കർഷകരുമായും, കർഷകർ ഈ പ്രസ്ഥാനങ്ങളുമായും വേണ്ടവിധത്തിൽ ബന്ധപ്പെട്ടു കഴിഞ്ഞിട്ടില്ല. ശാസ്ത്രീയ കൃഷിരീതികളും വളരെ പ്രയോഗമാർഗ്ഗങ്ങളും, അത്യുൽപാദനശേഷിയുള്ള വിത്തിനങ്ങളും അവയേപ്പറ്റിയുള്ള ബോധവൽക്കരണവും ഇപ്പോഴും ഭൂരിഭാഗം കർഷകരിൽ നിന്നും അന്യമായിത്തന്നെ നിലനിൽക്കുന്നു.

ഈ പഞ്ചായത്തിലെ അറുപത്തഞ്ച് എഴുപത് ശതമാനം ഭാഗത്തും പ്രധാനകൃഷി റബർ ആണ്. സാമാന്യം മെച്ചപ്പെട്ടവിലയും റബർ ബോർഡിന്റെ കാര്യക്ഷമതയും ആസൂത്രിതവുമായ നേതൃത്വവും ഇതിന് വഴിയൊരുക്കി. മറ്റു കൃഷികളിൽ നിന്ന് ന്യായമായ നേട്ടമുണ്ടാകാത്തതും, പലവിധരോഗങ്ങളും കീടശല്യങ്ങളുടെ ആക്രമണവും ഈ കൃഷിമാറ്റത്തിന് വേഗത വർദ്ധിപ്പിച്ചു.

നമ്മുടെ നാട്ടിലെ മുഖ്യ ആഹാരപദാർത്ഥം നെല്ലരിയാണ്. നെല്ലുൽപാദനത്തിൽ സ്വയം പര്യാപ്തമാകണമെന്ന് അംഗീകരിക്കപ്പെട്ട ആശയവും അത്യാകർഷകമാണ്. നമ്മുടെ നിലങ്ങളിലെല്ലാം നെൽകൃഷി തന്നെ നടക്കുന്നുവെന്നും, കാര്യക്ഷമമായ ജലസേചന സംവിധാനങ്ങളുണ്ടായിയെന്നും, പുതിയ വിത്തിനങ്ങളും ശാസ്ത്രീയ കൃഷിരീതികളും ഇവയെല്ലാം ഉണ്ടാക്കുന്നുവെന്നും കരുതിയാൽപോലും, നമ്മുടെ കേരളത്തെസ്വയം പര്യാപ്തമാക്കുവാൻസാധിക്കുമോഎന്ന് വിദഗ്ദ്ധപഠനം നടത്തേണ്ടിയിരിക്കുന്നു. ഈ പാടങ്ങൾക്കെല്ലാം കാര്യക്ഷമമായ ജലസേചന സൗകര്യമുണ്ടാക്കുവാൻ പറ്റുമോ, അതിനുള്ള ചെലവെത്രമാത്രം, നിലങ്ങൾക്ക് സംരക്ഷണ ഭിത്തികളും, കൃഷിക്ക് ആവശ്യമായ യന്ത്ര സംവിധാനങ്ങളും, അവ പാടത്തിറക്കുവാനുള്ള റോഡ് സൗകര്യങ്ങളും, കൃഷി ചെലവുകളും, എല്ലാം കണക്കിലെടുത്താൽ നെൽകൃഷി ലാഭകരമാക്കുവാൻ സാധിക്കുമോ എന്നും പഠിക്കേണ്ടിയിരിക്കുന്നു. ഈ നെൽപ്പാടങ്ങളിൽ സാദ്ധ്യമായിടത്തൊക്കെ തെങ്ങ്, റബർ തുടങ്ങിയവ ശാസ്ത്രീയമായി കൃഷി ചെയ്ത് പരിചരിച്ചാൽ കിട്ടുന്ന വിലയും, അതുയും സ്ഥലത്തെ നെല്ലുല്പാദനത്തിൽ നിന്നും കിട്ടുന്ന വിലയും താരതമ്യപ്പെടുത്തിയാൽ ഏതായിരിക്കും സ്വീകാര്യം എന്നും പഠിക്കേണ്ടിയിരിക്കുന്നു. നെൽകൃഷിയേക്കാൾ മരച്ചീനി, റബർ, തെങ്ങ് മുതലായവയുടെ കൃഷി ആദായകരമെന്നു കാണുന്നപക്ഷം ആദായകരമായ മറ്റു കൃഷികളും ഉപേക്ഷിച്ച് പൊതുഗ്രഹണത്തിനുവേണ്ടി നെൽകൃഷി ചെയ്യേണ്ടതായിവന്നാൽ ആ നഷ്ടം ആരു സഹിക്കണം ഈ കാര്യങ്ങളൊക്കെ പഠനവിധേയമാക്കേണ്ടതാണ്.

കാർഷികരംഗത്ത് കൂലിച്ചെലവ്, വളത്തിന്റെ വില, കീടനാശിനികളുടെ വില ഇവയുടെ വർദ്ധനക്രമമായി ഉയർന്നുകൊണ്ടിരിക്കുന്നു. ഈ ഉൽപ്പാദന ചെലവിന്റെ അടിസ്ഥാനത്തിൽ ഉൽപ്പന്നത്തിന് ഒരു വില നിശ്ചയിച്ചാൽ, അരിക്കു വിലകൂടുന്നു, പച്ചക്കറിക്കു വിലകൂടുന്നു എന്ന പരാതി ഉയരുന്നു. ഇതെല്ലാം പരിഗണിച്ച് രൂപം കൊടുത്ത ഒരു സമഗ്ര കാർഷിക നയത്തിന്റെ അഭാവവും കാർഷിക രംഗത്തെ ഒരു പ്രശ്നമാണ്.

തെങ്ങുകൃഷി

ഒരു കാലത്ത് കേരളത്തിലെ കൃഷിയിൽ പ്രാമുഖ്യം തെങ്ങിനായിരുന്നു. നാളികേരോൽപ്പാദനത്തിന്റെ 60 ശതമാനവും കൊപ്രാ ഉൽപ്പാദനത്തിന്റെ 90 ശതമാനവും കേരളത്തിന്റെ സംഭാവനയായിരുന്നു. എന്നാലിപ്പോൾ കേരകൃഷി 54 ശതമാനമായും നാളികേരോൽപ്പാദനം 45 ശതമാനമായും, കൊപ്രാ ഉൽപ്പാദനം 70 ശതമാനമായിരിക്കുന്നു. നാളികേരത്തിനോട് കേരളീയർക്ക് മാത്രമല്ല ഭാരതീയർക്കാകെ ദൃഢമായ ഒരാത്മബന്ധം ഉണ്ട്. മൊത്തം നാളികേരോൽപ്പാദനത്തിന്റെ 60 ശതമാനം പച്ചത്തേങ്ങയായി ഭക്ഷ്യാവശ്യങ്ങൾക്കും മതപരമായ ആവശ്യങ്ങൾക്കുമായി ഉപയോഗിക്കുന്നു. 31 ശതമാനം എണ്ണയ്ക്കായി ആട്ടു കൊപ്രയാക്കുന്നു. 10 ശതമാനം ഇളനീരിനു ഉപയോഗിക്കപ്പെടുന്നു. ഏകദേശം 25 ശതമാനം ചകിരിയുടെ നാരു് കയറിന്റെയും കയറുൽപ്പന്നങ്ങളുടേയും നിർമ്മാണത്തിനുപയോഗിക്കുന്നു. വാഹനങ്ങൾ, ഫർണീച്ചർ, കരകൗശലവസ്തുക്കൾ എന്നിവയുടെ നിർമ്മാണത്തിനു് തെങ്ങുതടി ഉപയോഗപ്പെടുന്നു തെങ്ങിന്റെ എല്ലാ ഭാഗങ്ങളും ഉപയോഗപ്രദമാണ്. കല്പവൃക്ഷം എന്ന ഓമനപ്പേരിൽ നാം തെങ്ങിനെ ആദരിക്കുന്നു.

എന്നാൽ ഇന്നു് തെങ്ങുകൃഷിക്കു് കേരളത്തിൽ ദുർഗ്രഹയാണ്. പലവിധ രോഗങ്ങളും, പ്രായംചെന്ന തെങ്ങുകളും മൂലം കേരളത്തിൽ തെങ്ങിന്റെ ഉല്പാദനക്ഷമത ഗണ്യമായി കുറഞ്ഞിരിക്കുന്നു.

ഉല്പാദന ക്ഷമതവിവിധ സംസ്ഥാനങ്ങളിൽ

		നാളികേരം
1	ഒരു ഹെക്ടറിനു് തമിഴ്നാട്ടിൽ	12,141 ,,
2	,, ആന്ധ്രയിൽ	13,812 ,,
3	,, പശ്ചിമബംഗാളിൽ	14,700 .,
4	,, പോണ്ടിച്ചേരിയിൽ	16,425 ,,
5	,, കേരളത്തിൽ	5,336 ,,

കേരളത്തിൽ അശാസ്ത്രീയമായ കൃഷിരീതിക്കു പുറമേ അത്യുല്പാദനശേഷിയുള്ള തെങ്ങിനങ്ങളുടെ കുറവു ഉല്പാദനക്ഷമത കുറയുവാൻ കാരണമാണ്. കായ് ഫലക്കുറവും, രോഗബാധയും കൂടിയപ്പോൾ ആ സ്ഥലത്ത് റബ്ബർ കൃഷിയും ആരംഭിച്ചു. നമ്മുടെ പഞ്ചയാ

ത്തിന്റെ ചില ഭാഗങ്ങളിൽ ഈ ന്യൂനത ഗണ്യമായി കാണുന്നു. സൂര്യപ്രകാശം തെങ്ങിന് അത്യന്താപേക്ഷിതം, ജലസേചനം കായ്ഫലം ഗണ്യമായി വർദ്ധിപ്പിക്കുന്നു. ആവശ്യമായ അകലം പാലിക്കേണ്ടത് അത്യാവശ്യമാണ്. ശരിയായ വിധം ജലസേചനവും വളവും നൽകിയാൽ നമ്മുടെ നാളികേരോല്പാദനം ഗണ്യമായി വർദ്ധിപ്പിക്കാവുന്നതാണ്. നമ്മുടെ പഞ്ചായത്തിൽ 50350 തെങ്ങുകളുണ്ടെന്ന് കണക്കാക്കപ്പെടുന്നു. ഇതിൽ 28413 കായ്ഫലമുള്ള തെങ്ങുകളും 10450 കായ്ഫലമായിട്ടില്ലാത്ത തെങ്ങുകളും 11478 രോഗംബാധിച്ച തെങ്ങുകളുമുണ്ടെന്നും കാണുന്നു.

പച്ചക്കറി, വാഴ, കുരുമുളക് കാപ്പി തുടങ്ങിയ മറ്റുകൃഷികൾക്കും ശാസ്ത്രീയസമീപനം അത്യന്താപേക്ഷിതമാണ്.

പ്രശ്നങ്ങളും സാദ്ധ്യതകളും

ഈ ദുസ്ഥിതിയ്ക്ക് ഗ്രാമസഭയിൽ തന്നെ പല പരിഹാരമാർഗ്ഗങ്ങളും നിർദ്ദേശിക്കപ്പെട്ടിട്ടുണ്ട്.

1 തോടിന്റെ ഇരുവശങ്ങളിലും കരിങ്കൽ ബണ്ടുകൾ നിർമ്മിച്ച് വർഷകാലത്തെ മടവീഴ്ചയിൽ നിന്നും രക്ഷിക്കുക.

2 തോട്ടിൽ ആവശ്യാനുസരണം ക്രോസ് ബാറുകൾ നിർമ്മിച്ച് നിലവിലുള്ള നെൽപാടങ്ങളിലെങ്കിലും നെൽകൃഷി തുടരുവാൻ സഹായിക്കുക.

3 സാദ്ധ്യമല്ലാത്തിടത്ത് പറ്റുമെങ്കിൽ കുളങ്ങളും കിണറുകളും നിർമ്മിച്ച് ജലസേചന സൗകര്യമുണ്ടാക്കിക്കൊടുക്കുക.

4 മണ്ണൊലിപ്പുമൂലമുണ്ടാകുന്ന നഷ്ടം പരോക്ഷമായതുകൊണ്ട് അത് ഗൗരവമായ ശ്രദ്ധയിൽപ്പെടുന്നില്ല. വാട്ടർ ഷെഡ് പദ്ധതികൾ വഴിയും മറ്റ് മണ്ണൊലിപ്പുനിവാരണ പദ്ധതികൾ മൂലവും മണ്ണൊലിപ്പ് തടയേണ്ടത് ഇന്നിന്റേയും നാളയുടേയും അതിപ്രധാന ആവശ്യമാണ്. നമ്മുടെ വിലപ്പെട്ട ഭൂമി ഭാവിയിൽ മരുഭൂമിയാകാതിരിക്കുവാൻ വേണ്ടത് തക്കപ്രാധാന്യം കൊടുത്ത് നിർവ്വഹിക്കുക.

5 കടത്തിന്റെ സ്വഭാവം കണക്കിലെടുത്ത് അർഹതയുള്ള കർഷകരുടെ കാർഷിക കടങ്ങൾ വെട്ടിക്കുറക്കുക.

6 കാർഷിക വായ്പകൾക്ക് കുറഞ്ഞ പലിശ ഈടാക്കുകയോ പലിശയ്ക്ക് സബ്സിഡി അനുവദിക്കുകയോ ചെയ്യുക.

7 വിള ഇൻഷ്വറൻസിലെ വ്യവസ്ഥകൾ ഉദാരമാക്കുക.

8 കർഷകർക്ക് ഏറ്റവും പ്രയോജനപ്രദമായ തോട്ടകളിൽ വാട്ടർഷെഡ് പദ്ധതി നടപ്പിലാക്കിയും ഇതര സ്ഥലങ്ങളിൽ ഏറ്റവും കുറഞ്ഞ ഒരു കാലഘട്ടം കണക്കിലെടുത്ത് മണ്ണൊലിപ്പ് നിവാരണം നടപ്പിലാക്കിയും ഈപഞ്ചായത്തിലെ മുഴുവൻ ഭൂമിയും മണ്ണൊലിപ്പിൽനിന്നും വിമുക്തമാക്കുക.

9 പഞ്ചായത്തുതലത്തിൽ ഒരു കാർഷിക വികസന സമിതി രൂപീകരിക്കുക.

10 കാർഷികവൃത്തി അഭികാമ്യമാകണമെങ്കിൽ ഉൽപാദനചെലവും ന്യായമായ ലാഭവും പരിഗണിച്ച് ആദായകരമായ വിലകിട്ടുവാനുള്ള സംവിധാനമുണ്ടാക്കുക.

11 അത്യുല്പാദനശേഷിയുള്ള വിത്തിനങ്ങളും നടീൽ വസ്തുക്കളും കർഷകരുടെ ഇടയിൽ എത്തിക്കുക.

12 ജൈവവളം, ജൈവകീടനിയന്ത്രണം ശാസ്ത്രീയ കൃഷിരീതികളും പരിചരണമുറകളേയുംപറ്റി കർഷകരുടെ ഇടയിൽ ബോധവൽക്കരണം നടത്തുക.

13 കൃഷിഭവൻ, നെൽപാടസമിതികൾ, കേരവികസനസമിതികൾ തുടങ്ങിയ കാർഷിക വികസന ഏജൻസികളെ ശാസ്ത്രീയമാക്കി പ്രവർത്തനനിരതമാക്കുക.

14 ഒരു വീടിന് ഒരു കമ്പോസ്റ്റുകുഴി എന്ന നിലയിൽ നിർമ്മിക്കുന്നതിന് കർഷകർക്ക് നിർമ്മാണരീതികളെപ്പറ്റിയുള്ള അറിവും, ചെലവിന്റെ 50 ശതമാനത്തിൽകവിയാത്ത സബ്സിഡിയും നൽകുക.

15 ജലസേചനത്തിന് സൗജന്യമായി വൈദ്യുതി നൽകുക. കാർഷികാവശ്യത്തിനുള്ള വൈദ്യുതി കണക്ഷനു് കാലതാമസം ഒഴിവാക്കുക.

16 പട്ടണങ്ങളിലെ ചപ്പുചവറുകളും മാലിന്യങ്ങളും കമ്പോസ്റ്റ് നിർമ്മാണത്തിനുപയോഗിക്കാവുന്നതാണ്.

17 പുഷ്പകൃഷി, ഔഷധചെടികൾ, തേനീച്ച വളർത്തൽ,ശുദ്ധജലമത്സ്യം വളർത്തൽ മുതലായവ പ്രചരിപ്പിക്കുക.

18 കാർഷികമേളകളും പ്രദർശനങ്ങളും, വിളമത്സരങ്ങളും മൂലം കൃഷിക്ക് സമൂഹത്തിൽ മാന്യത കൈവരുത്തുക. മാതൃകാകർഷകരെ ഈ സന്ദർഭങ്ങളിൽ ആദരിക്കാവുന്നതാണ്.

19 നെൽപ്പാടങ്ങളിൽ രണ്ടാം വിളവെടുപ്പ് കഴിഞ്ഞാൽ പച്ചക്കറികൃഷി നടപ്പാക്കുകയും, ടില്ലർ, ട്രാക്ടർ, കൊയ്ത്തുയന്ത്രം മുതലായവ പാടത്ത് എത്തിക്കുവാൻ സാധിക്കത്തക്കവിധം റോഡ് സൗകര്യം വർദ്ധിപ്പിക്കുകയും ചെയ്യുക.

20 കാർഷികവിളകളും നശിപ്പിക്കുന്ന എലി തുടങ്ങിയ ക്ഷുദ്രജീവികളെ നശിപ്പിക്കുന്നതിന് കൂട്ടായ യത്നം നടത്തുക.

21 കൃഷിയെ സംരക്ഷിക്കുന്നതിനും കർഷകർക്ക് ആത്മവിശ്വാസം നൽകുന്നതിനും വിളകൾക്ക് ഗ്രൂപ്പ് ഇൻഷുറൻസ് സമ്പ്രദായം നടപ്പിലാക്കണം.

22 പ്രയോജനരഹിതമായി വെള്ളക്കരം അടയ്ക്കേണ്ടിവരുന്ന ഒരു ദുഃസ്ഥിതിയുണ്ട് നമ്മുടെ കർഷകർക്ക്. ഇത് ഉടൻ നിർത്തലാക്കുന്നതിനുള്ള നിയമം ഉണ്ടാവണം.

23 ഈ പ്രദേശത്തെ പ്രധാന കൃഷിയായ റബറിന്റെ ഉൽപ്പാദനം ഇനിയും വർദ്ധിപ്പിക്കേണ്ടതുണ്ട്. റബർബോർഡിന്റെ സംരക്ഷണമോ സഹായമോ ഇല്ലാത്ത നിരവധി ചെറുകിടകർഷകരുണ്ട്. അത്തരം കർഷകർക്ക് ഉല്പാദന വർദ്ധനവിനായി പ്രത്യേകം സംവിധാനം ഏർപ്പെടുത്തണം.

"ആത്മാഭിമാന കൊടിക്കൂറ പൊക്കുവാൻ
കൂട്ടുകാരെ നമുക്കൊത്തുചേരാം
കാലങ്ങളായി നാം കാത്തുകാത്തിരുന്നൊരാ-
ക്കാലമിതാ നമ്മുടെ മുന്നിലെത്തി".

മൃഗസംരക്ഷണവും മത്സ്യ ബന്ധനവും

പരമ്പരാഗതമായി കേരളത്തിലെതന്നെ കൃഷിയുടെ ഉറവിടമായ മീനച്ചിൽ താലൂക്കിന്റെ ഹൃദയഭാഗമാണ് കരൂർ പഞ്ചായത്ത്. ഇവിടെ ആദ്യകാലങ്ങളിൽ വീട്ടുകളിൽ ധാരാളം മൃഗങ്ങളെ വളർത്തിയിരുന്നു. ഇവയെല്ലാംതന്നെ നാടൻ ഇനം പശുക്കളും ആടുകളും കോഴികളും കാളകളും പന്നികളും ആയിരുന്നു. അന്ന് കൃഷി വ്യാപകമായിരുന്നില്ല. അതിനാൽ മൃഗങ്ങളെ അഴിച്ചുവിട്ട വളർത്തുക എന്നതു് സ്വീകാര്യമായിരുന്നു. പരിമിതമായി ഭക്ഷണാവശ്യത്തിനു് മാത്രം എന്തെങ്കിലും കൃഷി ചെയ്തിരുന്നെങ്കിൽ അതു വളപ്പുകളുണ്ടാക്കിയായിരുന്നു. അന്ന് വളർത്തിയിരുന്ന നാടൻ ഇനം മൃഗങ്ങൾ ഉല്പാദനം കുറഞ്ഞവയായിരുന്നു. ഇവയ്ക്കെല്ലാം വേണ്ടുവോളം തീറ്റ തരിശായി കിടന്നിരുന്ന ഭൂമിയിൽ ലഭ്യമായിരുന്നു.

വിവിധ പദ്ധതികളുടെ അനുബന്ധമായി ഉല്പാദന ശേഷിയുള്ള ഇനം കന്നുകാലികളും, ആടുകളും വളർത്തുപക്ഷികളും നമ്മുടെ പ്രദേശത്തു് പ്രചാരത്തിൽ വരികയും എല്ലാവരും ആവേശത്തോടുകൂടി ഇതിനെ സ്വീകരിക്കുകയും ചെയ്തു. അതിലൂടെ നമ്മുടെ പഞ്ചായത്തിലും ഉൽപാദനശേഷിയുള്ള ഇനം മൃഗങ്ങളെ വളർത്തുന്ന ഒരു പ്രവണത ഉടലെടുക്കുകയും ചെയ്തു.

പട്ടിക

വളർത്തുമൃഗങ്ങളും പക്ഷികളും

കന്നുകാലി											മറ്റുള്ളവ			
സങ്കര ഇനം		മറ്റുള്ളവ			കന്നു്			ആടു്		പന്നി	പട്ടി			താറാവു്
ആൺ	പെൺ	ബ്രീഡ് ബീഫ്	ആൺ	പെൺ	ബ്രീഡ് ബീഫ്	ആൺ	പെൺ	ബ്രീഡ് ബീഫ്	ആൺ	പെൺ		നല്ല യിനം	നാടൻ	മെച്ചപ്പെട്ട ഇനം	
287	2922	1692	174	1483	935	2	40	23	417	1140	677	1983	17459	3450	55

അവലംബം 91 കന്നുകാലി സെൻസസ്

നമ്മുടെ പഞ്ചായത്തിൽ ഒരു ഗവ: വെറ്ററിനറി ആശുപത്രിയുണ്ട്. കന്നുകാലികളെ കൃത്രിമബീജസങ്കരണത്തിനും മറ്റുമായി 4 ICDP സെൻറുകളും പ്രവർത്തിക്കുന്നു. മൃഗാശുപത്രി വലവൂരിൽ സ്ഥിതിചെയ്യുന്നു. നമ്മുടെ പഞ്ചായത്തിന്റെ ഭൂപ്രകൃതിയനുസരിച്ച് ഈ ആശുപത്രികൊണ്ട് പഞ്ചായത്തിലെ വളരെകുറച്ച് ആളുകൾക്കേ പ്രയോജനം കിട്ടുന്നുള്ളൂ.

നമ്മുടെ പഞ്ചായത്തിലെ തരിശായി കിടന്നിരുന്ന ഭൂമിയെല്ലാം കൃഷി ചെയ്യുവാൻ തുടങ്ങിയതോടെ മൃഗങ്ങൾക്കുള്ള തീറ്റക്കാര്യത്തിൽ ദുർലഭ്യം അനുഭവപ്പെടാൻ തുടങ്ങി. അതുമൂലം മൃഗപരിപാലനം നമ്മുടെ പ്രദേശത്തു് സാദ്ധ്യമല്ലാതായിവരികയാണ്. കാലിത്തീറ്റ, കോഴിത്തീറ്റ മുതലായവയ്ക്ക് അമിതമായി വിലവർദ്ധിച്ചുകൊണ്ടിരിക്കുകയും അതനുസരിച്ച് പാൽ വില വർദ്ധിക്കാതിരിക്കുകയും ചെയ്തതോടെ കൃഷിക്കാർ ബുദ്ധിമുട്ടിലായി. അതോടെ ആളുകൾ കാലി വളർത്തലിൽനിന്നും പിന്തിരിയാൻ തുടങ്ങിയിട്ടുണ്ട്.

ഈ പഞ്ചായത്തിൽ 4 ക്ഷീരസഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ട്. പക്ഷെ രണ്ടെണ്ണം

മാത്രമെ ഭേദപ്പെട്ട രീതിയിൽ പ്രവർത്തിക്കുന്നുള്ളൂ. അതും നഷ്ടത്തിലാണ് പ്രവർത്തിയ്ക്കുന്നതെന്നാണറിയുവാൻ കഴിയുന്നത്. അതുകൊണ്ട് നമ്മുടെ പ്രദേശത്തിന്റെ സാഹചര്യം അനുസരിച്ച് ചെറിയ ഇനം പശുക്കളെ വളർത്തുന്നതാണ് അഭികാമ്യമെന്ന് തോന്നുന്നു. താരതമ്യേന തീറ്റ കുറച്ചുകൊടുത്താൽ മതിയാവുന്ന ഇനങ്ങളെ വളർത്തി തങ്ങളുടെ വീട്ടിലേയ്ക്കാവശ്യമുള്ള പാൽ കിട്ടിയാൽ മതിയെന്ന ചിന്താഗതിയിലെത്തി നിൽക്കുകയാണ് നമ്മുടെ കർഷകർ.

ഇറച്ചിക്കോഴി വളർത്തുന്നതിനുവേണ്ടി നമ്മുടെ പഞ്ചായത്തിൽ ചില സ്വകാര്യഫാമുകളും പ്രവർത്തിച്ചിരുന്നുവെങ്കിലും രോഗങ്ങളും കാരണവും തീറ്റവില വർദ്ധനവും മൂലവും ഇപ്പോൾ പ്രവർത്തനം നിലച്ച സാഹചര്യമാണുള്ളത്. ഇപ്പോൾ ഒരു യൂണിറ്റു പോലും പ്രവർത്തിക്കുന്നില്ല.

പേപ്പട്ടിശല്യം സർവ്വസാധാരണമായി നമ്മുടെ പഞ്ചായത്തിൽ കാണപ്പെടുന്നില്ല. ചുരുക്കം സ്ഥലങ്ങളിൽ ചിലകാലങ്ങളിൽ പേപ്പട്ടിശല്യം കാണപ്പെടാറുണ്ട്. അലഞ്ഞുതിരിഞ്ഞു നടക്കുന്ന പട്ടികളെ പിടിയ്ക്കുന്നതിന് വേണ്ട നടപടികളും സ്വീകരിക്കണം

പ്രശ്നങ്ങൾ

1 I. C. D. P. സെൻറുകളിൽ ചികിത്സാ സൗകര്യമോ ആവശ്യമുള്ള മരുന്നുകളോ ഇല്ല.

2 I. C. D. P. സെൻറുകളിൽ ഇടയ്ക്ക് കൂട് ഇല്ല.

3 കാലിത്തീറ്റ കുറഞ്ഞവിലയ്ക്ക് ലഭ്യമാകുന്നില്ല.

4 നല്ലയിനം കന്നുകാലികളുടെ പാൽ ഉല്പാദന ശേഷി പൂർണ്ണമായും പ്രയോജനപ്പെടുത്തുന്നില്ല.

5 പുൽകൃഷി വളരെക്കുറവ്.

6 മോശമായ മൃഗപരിപാലനം.

7 പാൽ വിൽക്കുന്നതിനുള്ള സംവിധാനം ഇല്ലായ്മ.

സാദ്ധ്യതകൾ

1 കാലിത്തീറ്റ സൗജന്യനിരക്കിൽ വിതരണം ചെയ്യണം.

2 I. C. D. P. സെൻറുകളിൽ മൃഗാശുപത്രി സൗകര്യങ്ങളും ഏർപ്പെടുത്തുക.

3 തീറ്റപ്പുൽ കൃഷിക്ക് വിത്തും വളവും സൗജന്യനിരക്കിൽ വിതരണം ചെയ്യുക.

4 പാൽവിതരണത്തിന് പഞ്ചായത്ത് തലത്തിൽ ക്ഷീരസഹകരണ സംഘവും വാർഡുകളിൽ സംഭരണ കേന്ദ്രങ്ങളും സ്ഥാപിക്കുക. വിവിധ പാലുല്പന്നങ്ങളുടെ വിപണനവും പ്രോത്സാഹിപ്പിക്കണം.

5 കോഴിക്കുഞ്ഞുങ്ങളെ വിതരണം ചെയ്യുന്നതിന് ഹാച്ചറികളും ആരംഭിക്കുക.

6 അത്യുൽപ്പാദനശേഷിയുള്ള ആടുകളെ സുലഭമാക്കുക.

7 റബർ തോട്ടങ്ങളിൽ തേനീച്ചവളർത്തൽ ആരംഭിക്കുക. ഇറ്റാലിയൻ തേനീച്ചകളെ ലഭ്യമാക്കിയാൽ നന്നായിരിക്കും.

8 നല്ലയിനം പന്നിക്കുഞ്ഞുങ്ങളെ വിതരണം ചെയ്യുകയും ശാസ്ത്രീയമായി വളർത്തുന്നതിനുള്ള പരിശീലനം നൽകുകയും ചെയ്യുക.

മത്സ്യബന്ധനം

നമ്മുടെ പ്രദേശം വ്യാവസായികമായി മത്സ്യം വളർത്തലിന് പറ്റിയ സ്ഥലമല്ലെങ്കിലും ചെറിയ രീതിയിൽ ശുദ്ധജലമത്സ്യകൃഷി നടത്താവുന്നതാണ്. വീട്ടുമുറ്റത്ത് ടാങ്ക് നിർമ്മിച്ച് മത്സ്യകൃഷി ചെയ്യാവുന്നതാണ്. സ്വന്തം ഉപയോഗത്തിനും, ചെറിയ തോതിലുള്ള വിൽപ്പനയ്ക്കും ഇങ്ങനെ മത്സ്യകൃഷി നടത്തിയാൽ കഴിയും. വീട്ടിലെ ഉപയോഗശൂന്യമായ ഭക്ഷണ പദാർത്ഥങ്ങളും കോഴി കാഷ്ഠവും തീറ്റയായി കൊടുക്കാം. മൽസ്യകൃഷി നടത്തുന്നതിനുവേണ്ട പരിശീലനവും നല്ലയിനം മൽസ്യക്ഷണക്കുഞ്ഞുങ്ങളെ വിതരണവും ചെയ്യണം.

വ്യവസായം

വ്യാവസായികമായി കരുർ പഞ്ചായത്തിന്റെ അവസ്ഥ വളരെ മോശമാണെങ്കിലും ഇപ്പോൾ വളച്ച് യുടെ പ്രവണത കാണിച്ചു തുടങ്ങിയിട്ടുണ്ട്. ഈ പഞ്ചായത്തിലെ ഭൂരിഭാഗം തൊഴിലാളികളും കാർഷിക മേഖലയിൽ പണിയെടുക്കുന്നു. രണ്ടാം സ്ഥാനം വ്യാവസായിക മേഖലയ്ക്കും മൂന്നാം സ്ഥാനം പരമ്പരാഗതതൊഴിൽമേഖലയ്ക്കുമാണ്. പഞ്ചായത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള വ്യവസായ സ്ഥാപനങ്ങളിൽ 59 പേർ പണിയെടുക്കുന്നു.

പരമ്പരാഗത വ്യവസായ മേഖലയിൽ പ്രമുഖം തടി വ്യവസായമാണ്. ഈ മേഖലയിൽ തടി കടച്ചിൽ, ഫർണിച്ചർ നിർമ്മാണം, കൊത്തുപണി, കെട്ടിടനിർമ്മാണ വസ്തുക്കളുടെ നിർമ്മാണം എന്നിവ ഉൾപ്പെടുന്നു. രണ്ടാം സ്ഥാനത്ത് ഇരുമ്പുപണിയാണ്. കാർഷികപണിയായുധങ്ങളാണ് ഈ മേഖലയിൽ പ്രധാനമായി നിർമ്മിക്കുന്നത്. കൂടാതെ വള്ളീച്ചിറ നരിതുള്ളംപാറയിൽ ഏകദേശം ഇരുപത്ഞ്ചോളം കുടുംബങ്ങൾ ഉലക്കനിർമ്മാണ പ്രവർത്തനത്തിൽ ഏർപ്പെട്ടിരിക്കുന്നു. കൂടാതെ പഞ്ചായത്തിന്റെ എല്ലാ ഭാഗങ്ങളിലും ചുരുങ്ങിയ തോതിൽ പപ്പട നിർമ്മാണവും നടക്കുന്നു. തേനീച്ച വളർത്തലും അനുബന്ധ വ്യവസായങ്ങളും പഞ്ചായത്തിലെ വിവിധ വാർഡുകളിൽ ചെറിയ തോതിൽ നടക്കുന്നുണ്ട്. പരമ്പരാഗത വ്യവസായം നേരിടുന്ന പ്രധാനപ്രശ്നം വിദഗ്ദ്ധ തൊഴിലാളികളുടെ അഭാവവും, അസംസ്കൃത വസ്തുക്കളുടെ ലഭ്യതക്കുറവുമാണ്.

ആധുനിക വ്യവസായങ്ങളിൽ പ്രമുഖം റബ്ബറധിഷ്ഠിത വ്യവസായങ്ങളാണ്. കാരണം ഈ പഞ്ചായത്തിലെ 80% പ്രദേശത്തും റബ്ബർ ഉല്പാദിപ്പിക്കുന്നു. പഞ്ചായത്തിലെ മിക്ക വാർഡുകളിലും റബ്ബർ ബ്രഷ് ഫാക്ടറികളും പ്രവർത്തിക്കുന്നു. അവയുടെ പേരുവിവരം താഴെക്കൊടുക്കുന്നു.

1 ഹൈ ടെക് ഇൻഡസ്ട്രീസ് വള്ളീച്ചിറ
2 പയനിയർ റബർ ഇൻഡസ്ട്രീസ്, വള്ളീച്ചിറ
3 നെല്ലിക്കയത്ത് റബ്ബേഴ്സ്
4 അഞ്ജലി റബ്ബേഴ്സ്
5 കുളപ്പുറത്ത് റബ്ബേഴ്സ്
6 വേരനാക്കുന്നേൽ ഇൻഡസ്ട്രീസ്
7 കുമ്പളത്ത് റബ്ബേഴ്സ്
8 നാട്ടകാണിയിൽ റബ്ബേഴ്സ്
9 N B J റബ്ബേഴ്സ്
10 വെള്ളാരം കാലായിൽ റബ്ബേഴ്സ്

ഇവ കൂടാതെ പീഡിത വ്യവസായമായി തീർന്നിരിക്കുന്ന സ്വാതി റബ്ബേഴ്സ്, ഇവിടെ റബർ ചെരിപ്പ്, റബർ മാറ്റ് എന്നിവയാണ് ഉല്പാദിപ്പിക്കുന്നത്. സ്വാതി റബ്ബേഴ്സിനു തൊട്ടടുത്ത് എളിയ നിലയിൽ തുടങ്ങി അഭിമാനിയ്ക്കാവുന്ന വിജയം കൊയ്ത പ്രശാന്ത് റബ്ബേഴ്സ് എന്ന സ്ഥാപനവും പ്രവർത്തിക്കുന്നു. ഇവിടെ ചെരിപ്പുകളുടെ വള്ളി, തിരിക, വിവിധയിനം മാറുകൾ എന്നിവ ഉല്പാദിപ്പിക്കുന്നു.

ഓട്ടോമൊബൈൽ റിപ്പയർ രംഗത്ത് ഈ പഞ്ചായത്തിൽ വൻ സാധ്യതകൾ ഉണ്ടെങ്കിലും 1-ാം വാർഡിലും 5-ാം വാർഡിലും മാത്രമേ വർക്ക്ഷോപ്പുകൾ ഉള്ളൂ. ലെയ്ത്ത് വർക്ക്ഷോപ്പുകൾ K N R മെറ്റൽസ്, മുരുകാ മെറ്റൽസ്, പതിയിൽ ഇൻഡസ്ട്രീസ് എന്നിവയാണ് കൂടാതെ റബർ റോളറുകൾ നിർമ്മിക്കുന്ന കാടൻകാവിൽ ഇൻഡസ്ട്രീസും പ്രവർത്തിക്കുന്നു.

ബേക്കറി-കറിപൗഡർ രംഗത്തു് ആശാനിലയം എന്ന സ്ഥാപനത്തിൽ കറിപൗഡറും മെഴുകുതിരികളും നിർമ്മിക്കുന്നു. ആനന്ദഭവൻ സിസ്റ്റേഴ്സ് നടത്തുന്ന മറ്റൊരു കറിപൗഡർ യൂണിറ്റും ഈ പഞ്ചായത്തിലുണ്ട്. രണ്ട് വാർഡുകളിലൊഴികെ മറ്റെല്ലാവാർഡിലും ബേക്കറി യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലായി നല്ല

നിലയിൽ പ്രവർത്തിക്കുന്ന നാലു സോഡാ ഫാക്ടറികളുണ്ട്, തടി വ്യവസായ രംഗത്തു് പയപ്പാറിൽ ആർടെക് എന്ന സ്ഥാപനം പ്രവർത്തിക്കുന്നു. ഇവിടെ ഫർണിച്ചറുകളും, കെട്ടിട നിർമ്മാണസാധനങ്ങളും എന്നിവ ഉൽപ്പാദിപ്പിക്കുന്നു.

ഈ പഞ്ചായത്തിൽ ഏറ്റവും അധികം സ്ത്രീ തൊഴിലാളികളും പണിയെടുക്കുന്ന ഒരു തീപ്പെട്ടിക്കോൽനിർമ്മാണ ഫാക്ടറി ഇടനാട്ടിൽ പ്രവത്തിക്കുന്നു. ഇടനാട്ടിൽതന്നെ ഒരുമൊസേയ്ക്ക ഫാക്ടറിയും പ്രവർത്തിക്കുന്നുണ്ട്.

വളരെ കൂടുതൽ പേർക്കു തൊഴിൽ നൽകുന്ന അരവിന്ദ് ഹോളോബ്രിക്സ്–മെറ്റൽ ക്രഷർ ഫാക്ടറിയിൽ കെട്ടിടനിർമ്മാണത്തിനാവശ്യമായ മെറ്റൽ, ഹോളോബ്രിക്സ് എന്നിവ ഉൽപ്പാദിപ്പിക്കുന്നു. കൂടാതെ പഞ്ചായത്തിന്റെ വിവിധ വാർഡുകളിൽ കൈകൊണ്ടു സിമൻറുകട്ട പിടിക്കുന്ന ഏതാനും ചെറുകിട യൂണിറ്റുകളും പ്രവർത്തിക്കുന്നു.

ഔഷധ നിർമ്മാണ രംഗത്ത് സബിത ഫാർമസ്യൂട്ടിക്കൽസ് നെച്ചിപ്പുഴൂർ വളരെ വിജയകരമായി പ്രവർത്തിക്കുന്നു.

സഹകരണരംഗത്ത് വളരെ വിജയകരമായി D. W. C. R. A. സ്ത്രീമിൽ ഉലം ബ്ലോക്കിന്റെ ആഭിമുഖ്യത്തിൽ തോണിക്കല്ലിൽ ദർശനാ വനിതാ വെൽഫെയർ സൊസൈറ്റി പ്രവർത്തിക്കുന്നു, ഇവിടെകൂടി നിർമ്മാണവും റെഡിമെയ്ഡ് വസ്ത്ര നിർമ്മാണവും നടക്കുന്നു. കൂടാതെ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ റെഡിമെയ്ഡ് വസ്ത്രനിർമ്മാണ യൂണിറ്റുകളും പ്രവത്തിക്കുന്നു. വലവൂരിൽ പഞ്ചായത്തിലെ ഏക സോപ്പു നിർമ്മാണ യൂണിറ്റും പ്രവർത്തിക്കുന്നുണ്ട്.

പ്രശ്നങ്ങൾ

1 നരിതുള്ളംപാറയിൽ ഉലക്കനിർമ്മിക്കുന്നവർക്ക് തടി അറുത്തുലഭിക്കുന്നതിനുള്ള സൗകര്യമില്ല.

2 റേഡിയോ, ടി. വി. തുടങ്ങിയ ഇലക്ട്രോണിക് ഉപകരണങ്ങളും നന്നാക്കുന്നതിനു വിദഗ്ധ തൊഴിലാളികളെ ലഭിക്കുന്നില്ല.

3 പഞ്ചായത്തിൽ പ്രവർത്തിക്കുന്ന വിവിധ ബ്രഷ് ഫാക്ടറികൾക്ക് റബ്ബർ മിക്സ് അരച്ചുലഭിക്കുന്നതിനാവശ്യമായ മിക്സിംഗ് മില്ലിന്റെ അഭാവവും മാർക്കറ്റിംഗിനുള്ള ബുദ്ധിമുട്ടും ഈ മേഖലയിൽ രൂക്ഷമായ പ്രതിസന്ധി സൃഷ്ടിക്കുന്നു.

4 വ്യവസായങ്ങൾക്ക് ആവശ്യമായ വൈദ്യുതി കണക്ഷനുകൾ ലഭിക്കുന്നതിന് വളരെയധികം ബുദ്ധിമുട്ട് അനുഭവപ്പെടുന്നു.

5 വ്യവസായ ലൈസൻസുകൾ ലഭിക്കുന്നതിനു് കാലതാമസം നേരിടുന്നു.

6 വ്യവസായങ്ങൾക്ക് അസൗകര്യം സൃഷ്ടിക്കുന്ന പഞ്ചായത്തു നികുതികൾ കുറഞ്ഞതു് 5 വർഷത്തേയ്ക്ക് പിൻവലിക്കുന്നത് നടത്തിപ്പിനു സഹായകരമാകും.

7 വ്യവസായ സബ്സിഡികൾ ലഭിക്കുന്നതിനു് കാലതാമസം നേരിടുന്നു.

8 പരമ്പരാഗതമേഖലയിലെ തൊഴിലാളികൾക്കും കൈത്തൊഴിലുകാർക്കും പരിശീലനം ലഭിക്കുന്നതിനുള്ള സംവിധാനമില്ല.

9 വനിതകൾക്കു തൊഴിലവസരങ്ങൾ കുറവാണ്.

10 സാങ്കേതിക പരിശീലനം ലഭിച്ച തൊഴിൽരഹിതർക്ക് തൊഴിൽ നൽകാനുള്ള സംവിധാനമില്ല.

11 മുഖ്യ കാർഷികോല്പന്നമായ റബ്ബറിനെ വ്യവസായരംഗത്ത് കാര്യമായി പ്രയോജനപ്പെടുത്തുന്നില്ല.

12 പൂട്ടിക്കിടക്കുന്ന തോംസൺ ട്യൂബ്സ് തുറന്നു പ്രവർത്തിക്കുന്നതിനു കാലതാമസം നേരിടുന്നു.

സാധ്യതകൾ

ഈ പഞ്ചായത്തിലെ ഏറ്റവും പ്രധാനപ്പെട്ട നാണ്യവിള റബ്ബറാണ്. ഏതാണ്ട് 90% ആളുകളും ഏതെങ്കിലും വിധത്തിൽ റബറുമായി ബന്ധപ്പെട്ടാണ് നിത്യവൃത്തി കഴിക്കുന്നത്. ഇന്ന് ഈ റബറിനു് സാമാന്യം മെച്ചപ്പെട്ട വില ലഭിക്കുന്നുണ്ടെങ്കിലും പല പ്പോഴും ഈ വില സ്ഥിരമായി നിൽക്കുന്നില്ല, റബറിന്റെ വില വൻകിട റബർ കമ്പനിക്കാരാണ് നിയന്ത്രിച്ചു കൊണ്ടിരിക്കുന്നത്. അതുകൊണ്ട് റബറിന്റെ വില നിശ്ചയിക്കുന്നതിൽ ഉല്പാദകനു യാതൊരു പങ്കുമില്ല എന്നുമാത്രമല്ല പരമാവധി വില കുറയ്ക്കുവാ

നുള്ള ശ്രമവും നടന്നുകൊണ്ടിരിക്കുന്നു. റബറിന് സ്ഥിരമായി ഒരു വില ലഭിക്കണമെങ്കിൽ അസംസ്കൃത റബറിനെ ഉല്പന്നങ്ങളായി മാറ്റണം. റബർ ഉല്പന്നങ്ങളായി മാറ്റുന്നതിന് നമ്മുടെ പ്രദേശത്തിനു് ഇണങ്ങുന്നത് ചെറുകിട വ്യവസായ യൂണിറ്റുകൾ സ്ഥാപിക്കുക എന്നതാണ്. അപ്രകാരം വ്യാപകമായ ഒരു ചെറുകിട വ്യവസായ ശൃംഖല നമ്മുടെ പഞ്ചായത്തിൽ ആരംഭിച്ചാൽ നമ്മുടെ ഈ പ്രദേശത്ത് അനന്തമായ തൊഴിൽ സാദ്ധ്യതയുണ്ടാകും. മാത്രമല്ല നമ്മുടെ റബറിന് മൂല്യവർദ്ധനവുണ്ടാകും. അങ്ങനെ സംഭവിച്ചാൽ തൊഴിലും വരുമാനവും വർദ്ധിച്ച് നമ്മുടെ പഞ്ചായത്ത് ഐശ്വര്യസമ്പൂർണ്ണമാകും.

നമ്മുടെ പ്രദേശത്ത് ഇപ്പോഴുള്ള ചെറുകിട വ്യവസായ സംരംഭകരേയും വ്യവസായത്തിനു താല്പര്യമുള്ളവരേയും കൂട്ടിച്ചേർത്ത് ഒരു സംഘം രൂപീകരിച്ച് അതിന്റെ കീഴിൽ ഉല്പന്നങ്ങളും ഉണ്ടാക്കുന്നതിനാവശ്യമായ റബർ മിക്സ് അരച്ചെടുക്കുന്നതിനുള്ള മിക്സിംഗ് മില്ലുകളും സ്ഥാപിക്കുകയും ഉല്പന്നങ്ങളും വിറ്റഴിക്കുന്നതിനുള്ള വിപണന ശൃംഖലയും രൂപകല്പന ചെയ്യുകയും ചെയ്താൽ ഈ റബറധിഷ്ഠിത വ്യവസായങ്ങൾക്ക് അമിതമായ വിജയസാദ്ധ്യതയുണ്ടാകുന്നതാണ്. ഈ സംവിധാനം വിജയിപ്പിച്ചാൽ,എല്ലായിടത്തും റബറുൽപ്പാദനവും എല്ലാ വീട്ടിലും റബറുൽപ്പന്നങ്ങളുടെ ഉൽപ്പാനവും, ഒരു കേന്ദ്രത്തിൽ നിന്നുള്ള വിപണനവും, നമ്മുടെ സമ്പദ്ഘടനയുടെതന്നെ സമൂലമായ പരിവർത്തനം, വരുത്തി നമ്മുടെ പഞ്ചായത്തിനെ ഐശ്വര്യപൂർണ്ണമായ നല്ല നാളയിലേയ്ക്ക് നയിക്കുന്നതിന് സഹായിക്കും.

കൂടാതെ ലാറക്സ് സംസ്കരണം, റബർ ബാൻറു നിർമ്മാണം റബർപാലുപയോഗിച്ചുള്ള പശ നിർമ്മാണം, ഫോം ബഡ്ഡുനിർമ്മാണം, ചെരിപ്പു നിർമ്മാണം, മാറ്റുനിർമ്മാണം, റബർതടി സംസ്കരണം തുടങ്ങിയവയൊക്കെ വളരെ സാദ്ധ്യതയുള്ള വ്യവസായങ്ങളാണ്.

റബ്ബർതോട്ടങ്ങളിൽ വ്യാപകമായി തേനീച്ച വളത്തി അതിനോടനുബന്ധിച്ചുള്ള വ്യവസായങ്ങളും നടത്തുന്നതിനു് ഏറെ സാദ്ധ്യതയുണ്ട്. പ്ലാസ്റ്റിക് അധിഷ്ഠിത വ്യവസായങ്ങളായ റബ്ബർ ചിരട്ട നിർമ്മാണം, റെയിൻ ഗാർഡിനുള്ള പ്ലാസ്റ്റിക്ക് നിർമ്മാണം, വിവിധ തരത്തിലുള്ള കണ്ടെയിനറുകളുടെ നിർമ്മാണം, എന്നിവയെല്ലാം വളരെയേറെ വിജയസാദ്ധ്യതകളുള്ള വ്യവസായങ്ങളാണ്.

പഞ്ചായത്തിന്റെ വിവിധഭാഗങ്ങളിൽ വനിതാ വ്യവസായ സഹകരണ സംഘങ്ങൾ സ്ഥാപിച്ച് അവയുടെ കീഴിൽ സോപ്പ്, പപ്പടം, റെഡിമെയ്ഡ് വസ്ത്രം, കറിപൗഡറുകൾ, അച്ചാറുകൾ, പലഹാരങ്ങൾ കൗതുകവസ്തുക്കൾ മുതലായവയുടെ ഉൽപ്പാദനവും വിപണനവും നടത്തി വൻതൊഴിൽ മേഖല കണ്ടെത്താൻ കഴിയും.

ഇരുമ്പുപണിക്കാരുടെയും മരപ്പണിക്കാരുടെയും സംഘങ്ങൾ സ്ഥാപിച്ച് ആ രംഗത്തേയ്ക്ക് പുതിയ ആളുകളേയും ആകർഷിച്ച് വൻതോതിൽ കാർഷിക പണിയായുധങ്ങളും ഫർണിച്ചറുകളും ഉൽപ്പാദിപ്പിച്ച് വിപുലമായ ഒരു തൊഴിൽ മേഖല കണ്ടെത്തുവാൻ കഴിയും.

തമിഴ്നാട്ടിൽ സുലഭമായി ലഭിക്കുന്ന കരിമ്പന വാങ്ങി അറപ്പിച്ച് ഇവിടെ ഉലക്ക നിർമ്മിക്കുന്ന വർക്ക് കൊടുത്താൽ അവർക്ക് ഉലക്ക നിർമ്മാണത്തിനും രൂപാക്കൈ, മഴക്കൈ തുടങ്ങിയ കാഷ്ടികോപാദികളുടെ നിർമ്മാണത്തിനും ഉപകരിക്കും.

ഈ പഞ്ചായത്തിൽ സഹകരണമേഖലയിൽ സ്ഥാപിക്കുവാൻ ഉദ്ദേശിക്കപ്പെട്ടിരിക്കുന്ന പാലാഴി ടയേഴ്സ് നമുക്ക് വൻപ്രതിക്ഷകളും നൽകുന്നുണ്ട്. ആ ഫാക്ടറിയുടെ സ്ഥാപനംവഴി ആയിരക്കണക്കിനു ചെറുപ്പക്കാർക്കു തൊഴിലും നമ്മുടെ ഉൽപ്പന്നമായ റബ്ബറിന്റെ മൂല്യവർദ്ധനവും ഈ പ്രദേശത്തിനു് ഐശ്വര്യവും ലഭിക്കുവാൻ സാദ്ധ്യതയുണ്ട്. ഇത്രയും പ്രാധാന്യമുള്ള ഫാക്ടറി ഉടൻ സ്ഥാപിതമായിത്തീരുന്നതിന് വേണ്ടതെല്ലാം പഞ്ചായത്തു തലത്തിലും ഗവ: തലത്തിലും ചെയ്യേണ്ടതാണ്.

വിദ്യാഭ്യാസം

റിപ്പോർട്ട്

കാർഷികവൃത്തിയിൽ മുഖ്യമായും മുഴുകിയിരുന്ന പഞ്ചായത്തിൽ ഔപചാരിക സ്ത്രീ വിദ്യാഭ്യാസം നിലവിൽ വരുന്നതിനു മുമ്പുതന്നെ നാട്ടെഴുത്തച്ഛന്മാരുടെ കീഴിൽ അക്ഷരാഭ്യാസവും ഗണിതശാസ്ത്രത്തിന്റെ ബാലപാഠങ്ങളും അഭ്യസിപ്പിച്ചുവരുന്ന ഒരു സമ്പ്രദായം നിലനിന്നിരുന്നു. പ്രസിദ്ധങ്ങളായ കളരികളും പ്രഗൽഭരായ ആശാന്മാരും പഞ്ചായത്തിൽ ഉണ്ടായിരുന്നു. ഇന്നും ആ സമ്പ്രദായം പേരറ്റുപോകാതെ നിലനിൽക്കുന്നു. 20-ാം നൂറ്റാണ്ടിന്റെ ആരംഭത്തോടെ ഏതാനും പ്രൈമറി സ്കൂളുകളും തുടർന്ന് മാതൃഭാഷാഭ്യാസത്തിന് ഉതകുന്ന മലയാളം മിഡിൽ സ്കൂളുകളും സ്വാതന്ത്ര്യലബ്ധിയെത്തുടന്ന് ഹൈസ്കൂളുകളും ഉദയം ചെയ്തു.

നമ്മുടെ പഞ്ചായത്തിൽ 3 ഹൈസ്കൂളുകളും 5 യു. പി. സ്കൂളുകളും 8 എൽ. പി. സ്കൂളുകളും പ്രവർത്തിച്ചുവരുന്നു.

(20-ാം പേജിൽ പട്ടിക കൊടുത്തിരിക്കുന്നു.)



പട്ടിക I

പഞ്ചായത്തിലെ സ്കൂളുകളിലെ കുട്ടികളുടെയും അദ്ധ്യാപകരുടെയും വിവരം കാണിക്കുന്ന പട്ടിക

ക്രമ നമ്പർ	സ്കൂളിന്റെ പേരു്	വാർഡു നമ്പർ	അദ്ധ്യാപകരുടെ എണ്ണം	വിദ്യാർത്ഥികളുടെ എണ്ണം																											
				ക്ലാസ്സു് I		II		III		IV		V		VI		VII		VIII		IX		X		ആകെ	
				B	G	B	G	B	G	B	G	B	G	B	G	B	G	B	G	B	G	B	G	B	G		
1	ഗവ: UPS അന്തീനാടു്	I	9	14	12	17	18	18	14	15	17	14	14	15	20	13	18							106	113		
2	സെ: അഗസ്റ്റിൻസു് LPS പ്രവിത്താനം	I	8	27	26	34	25	28	29	20	35													109	115		
3	സെ: മൈക്കിംസു് HS പ്രവിത്താനം	I	29									35	29	35	26	33	27	72	45	81	64	76	80	332	271		
4	സെൻറു് മാത്യൂസു് LPS അന്ത്യാളം	II	4	18	23	10	7	14	10	9	11													51	51		
5	LPUPS മുണ്ടോങ്കൽ	II	11	13	11	20	14	15	20	11	22	31	28	31	21	27	33							148	149		
6	DVNSS LPS നെച്ചിപ്പുഴൂർ	III	4	12	7	12	13	9	12	4	10													37	42		
7	ഗവ. LPS കരൂർ ഈസ്റ്റു്	IV	5	5	5	12	11	9	7	12	8													38	31		
8	സെ. ജോസഫ്സു് LPS കരൂർ	IV	8									43	18	54	11	46	12							143	41		
9	സെ. ആൻറണീസു് UPS പൈങ്ങളം പെറുകര	VI	13	18	26	12	22	23	33	25	31	25	31	26	29	30	25							159	197		
10	ഗവ. LPS ഇടനാടു്	VII	5	9	12	15	16	31	21	23	15													78	64		
11	സെ.ജോർജ്സു് LPS ചിറ്റാർ	VII	3	6	9	5	8	7	8	5	10													23	35		
12	SVNSS HS ഇടനാടു്	VII	18									37	17	34	18	26	30	33	27	33	26	29	26	192	144		
13	ഗവ. UPS വലവൂർ	IX	8	9	12	10	6	11	10	8	5	19	12	15	7	8	8							80	60		
14	ഗവ, LPS കടക്കച്ചിറ	X	4	6	6	3	4	5	1	3	2													17	13		
15	സെ. ജോസഫ്സ LPS കടക്കച്ചിറ	X	4	20	20	26	16	19	17	18	21													83	74		
16	സെ. ജോസഫ്സു് HS കടക്കച്ചിറ	X	20									28	24	41	30	40	24	70	34	31	37	42	34	252	183		
	ആകെ		153	157	169	176	160	189	182	153	187	232	173	251	162	223	177	175	106	145	127	147	140	1848	1583		

നമ്മുടെ സ്കൂളുകൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ

വാർഡ്—1 (അന്തീനാട്)

a) ഗവ യു. പി. സ്കൂൾ അന്തീനാട്

1. സ്കൂളിനു് ആവശ്യമായ സ്ഥല സൗകര്യങ്ങളില്ല.
2. സ്കൂളിനു് ആവശ്യത്തിനുള്ള ഉപകരണങ്ങളില്ല.
3. സ്കൂളിൽ പരിപാടികളും നടത്തുന്നതിനുള്ള സ്റ്റേജില്ല.

b) സെൻറ് അഗസ്റ്റിൻസ് എൽ. പി. സ്കൂൾ പ്രവിത്താനം (എയിഡഡ്) സ്കൂളിനു് ചുറ്റുമതിലില്ല.

c) സെൻറ് മൈക്കിൾസ് ഹൈസ്കൂൾ പ്രവിത്താനം (എയിഡഡ്) സെമി പെർമെനൻറ് കെട്ടിടം അടവാക്കണം.

വാർഡ്—2 (പയപ്പാർ)

a) സെൻറ് മാത്യൂസ് എൽ. പി. എസ്. അന്ത്യാളം (എയിഡഡ്) പ്രത്യേക പ്രശ്നങ്ങളും ചൂണ്ടിക്കാണിക്കപ്പെട്ടിട്ടില്ല.

b) ലിറ്റിൽ ഫ്ളവർ യു. പി. എസ്. മുണ്ടാങ്കൽ (എയിഡഡ്) പ്രശ്നങ്ങളും നിർദ്ദേശിക്കപ്പെട്ടിട്ടില്ല.

വാർഡ്—3 (നെച്ചിപ്പുഴൂർ)

ദേവീവിലാസം എൽ. പി. എസ്. നെച്ചിപ്പുഴൂർ (എയിഡഡ്) സ്കൂളിനു് കളിസ്ഥലമുണ്ടാകണം.

വാർഡ്—4 (പോണാട്)

a) ഗവ. എൽ. പി. സ്കൂൾ കരൂർ ഈസ്റ്റ്

1 സ്കൂൾ കെട്ടിടത്തിനു് അറ്റകുറ്റപ്പണികളും നടത്തണം.
2 സ്കൂൾ വൈദ്യുതീകരിക്കണം.
3 കളിസ്ഥലം, ചുറ്റുമതിൽ എന്നിവ ഉണ്ടാകണം.
4 കിണറിനു് ആഴംകൂട്ടി ചുറ്റുമതിൽ കെട്ടണം.
5 സ്കൂളിനു് ഉടനെ ഒരലമാര ഉണ്ടാവണം.

b) സെൻറ് ജോസഫ് UPS കരൂർ (എയിഡഡ്) പ്രത്യേക പ്രശ്നങ്ങളൊന്നുമില്ല.

വാർഡ്—5 വള്ളീച്ചിറ ഈസ്റ്റ് സ്കൂളുകളില്ല.

വാർഡ്—6 വള്ളീച്ചിറ വെസ്റ്റ്

സെൻറ് ആൻറണീസ് യു. പി. എസ്. പെരുങ്ങളം ചെറുകര (എയിഡഡ്)

1 പഠനോപകരണങ്ങളും ആവശ്യത്തിനില്ല.
2 പാചകമുറിയില്ല.
3 ഫർണിച്ചർ കുറവ്.
4 കക്കൂസില്ല.

വാർഡ്—7 (ഇടനാട്)

a) ഗവ. എൽ. പി. എസ്. ഇടനാട്

1 അടച്ചുറപ്പുള്ള ഒരു കെട്ടിടം ഉണ്ടാവണം.
2 ചുറ്റുമതിൽ അത്യാവശ്യം
3 കക്കൂസ്, മൂത്രപ്പുരകളും വേണ്ടത്രയില്ല.
4 സ്കൂൾകെട്ടിടം വൈദ്യുതീകരിക്കണം.

b) സെൻറ് ജോർജസ് എൽ. പി. എസ്. ചിറ്റാർ (Aided)

1 നിലവിലുള്ള ഷിഫ്റ്റ് സമ്പ്രദായം ഉടനടി നിർത്തലാക്കണം (കെട്ടിടസൗകര്യമുണ്ട്)
2 മൂത്രപ്പുര നിർമ്മിക്കണം.
3 ഫർണിച്ചർ, പഠനോപകരണങ്ങളും എന്നിവ വേണ്ടത്ര ഇല്ല.

c) എസ്. വി. എൻ. എസ്. എസ്. ഹൈസ്കൂൾ ഇടനാട് (Aided)

1 ഫർണിച്ചർ ആവശ്യത്തിനില്ല.
8 പാചകമുറിയില്ല.
3 മൂത്രപ്പുര വേണ്ടത്രയില്ല.
4 കളിസ്ഥലത്തിൻെറ അഭാവം.
5 ബോധനസാമഗ്രികളും കുറവ്

6 ലാബറട്ടറി സൗകര്യങ്ങളും വേണ്ടത്രയില്ല.
7 കായികാദ്ധ്യാപകനെ നിയമിക്കണം.
8 സ്കൂളിൽ ലൈബ്രറിയിൽ പുസ്തകങ്ങളും കൂടുതലായി വേണം.

വാർഡ്—8 (വലവൂർ ഈസ്റ്റ്)
സ്കൂളില്ല.

വാർഡ്—9 (വലവൂർ വെസ്റ്റ്)
ഗവ. യു. പി. എസ്, വലവൂർ
1 കളിസ്ഥലം വികസിപ്പിക്കണം.
2 ശുദ്ധജലവിതരണ പദ്ധതി നടപ്പിലാക്കണം
3 സ്പോർട്സ് ഗ്രൗണ്ട് വേണ്ടത്രയില്ല.

വാർഡ്—10 (കൂടക്കച്ചിറ)

a) ഗവ. എൽ. പി. എസ്. കൂടക്കച്ചിറ
1 കെട്ടിടത്തിന്റെ മേൽക്കൂര മാറ്റിനിർമ്മിച്ചു ഓട്ടുമേയണം.
2 കുടിവെള്ളക്ഷാമം പരിഹരിക്കണം.
3 കളിസ്ഥലത്തിന്റെ അഭാവം.
4 പഠനോപകരണങ്ങളും വേണ്ടത്രയുണ്ടാവണം
5 ഫർണിച്ചർ കുറവ്.
6 ആവശ്യത്തിനുള്ള സ്ഥലം ലഭ്യമാക്കണം.

b) സെന്റ് ജോസഫ്സ് എൽ. പി. എസ്.
കൂടക്കച്ചിറ (Aided)
1 പാചകമുറിയുണ്ടാവണം.
2 മൂത്രപ്പുരകളും വേണ്ടത്രയില്ല.
3 കുടിവെള്ളക്ഷാമം പരിഹരിക്കണം.
4 സ്പോർട്സ് ഉപകരണങ്ങളും പഠനോപകരണങ്ങളും കുറവ്.
5 കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികളും നടത്തണം.

c) സെന്റ് ജോസഫ്സ് ഹൈസ്കൂൾ
കൂടക്കച്ചിറ (Aided)
1 ചുറ്റുമതിൽവേണം.
2 ഫർണിച്ചർ കുറവ്.
3 ലാബറട്ടറി സൗകര്യം അപര്യാപ്തം.
4 സ്പോർട്സ് ഉപകരണങ്ങളും വേണ്ടത്രയില്ല.
5 കുടിവെള്ളക്ഷാമം പരിഹരിക്കണം.
6 ലൈബ്രറിയിൽ കൂടുതൽ പുസ്തകങ്ങളും ഉണ്ടാവണം.

നിർദ്ദേശങ്ങൾ

നമ്മുടെ പഞ്ചായത്തിൽ വേണ്ടത്ര സ്കൂളുകളും പ്രവർത്തിക്കുന്നുണ്ട് എങ്കിലും പഞ്ചായത്തിനോടു ചേർന്നു കിടക്കുന്ന പാലാ നഗരത്തിലേക്ക് കുട്ടികളും ആകർഷിക്കപ്പെടുന്നതും, ഇംഗ്ലീഷ് മീഡിയം ഭ്രമവും ജനന നിരക്കിലെ കുറവും നമ്മുടെ സ്കൂളുകളിൽ പലതിലും കുട്ടികളും കുറയുന്നതിനു കാരണമാകുന്നുണ്ട്. പഞ്ചായത്തിലെ സ്കൂളുകളിലെ ഔപചാരിക വിദ്യാഭ്യാസത്തിന്റെ ഫലമായി സാമൂഹികമായ പലമാറ്റങ്ങളും നിലവിൽ വന്നു. കാലങ്ങളായി വിദ്യാഭ്യാസ കാര്യങ്ങളിൽ പിന്നോക്കം നിന്നിരുന്ന പല വിഭാഗങ്ങളും ഇന്ന് ഉയർച്ചയുടെ പടവുകളിലേക്കു കടന്നുകഴിഞ്ഞു. കഴിഞ്ഞ പത്തു വർഷത്തിനുള്ളിൽ സ്കൂളുകളുടെ എണ്ണം കൂടുകയോ കുറയുകയോ ചെയ്തിട്ടില്ല. എണ്ണത്തിൽ അദ്ധ്യാപികമാരാണ് അദ്ധ്യാപകരെക്കാളും കൂടുതൽ.

സർക്കാർ സ്കൂളുകളുടെ വാർഷിക അറ്റകുറ്റ പണികളും യഥാസമയം നടത്താറില്ല. സ്ഥലപരിമിതി പല സ്കൂളുകളേയും ഞെരുക്കുന്നുണ്ട്. അടച്ചുറപ്പുള്ള കെട്ടിടമില്ലാത്ത ഗവ. വിദ്യാലയം ഈ പഞ്ചായത്തിലുണ്ട്. (ഇടനാട്, കൂടക്കച്ചിറ) മിക്ക സ്കൂളുകളിലും ഫർണിച്ചർ, ബോധനസാമഗ്രികളും, കളിസ്ഥലം, ലാബ്രട്ടറി, ലൈബ്രറി മുതലായ ഭൗതിക സാഹചര്യങ്ങളിൽ പിന്നോക്കമാണ്. മിക്ക വിദ്യാലയങ്ങളിലും കുടിവെള്ളപ്രശ്നം രൂക്ഷമാണ്. മൂത്രപ്പുര, കക്കൂസ് എന്നിവ മിക്ക വിദ്യാലയങ്ങളിലും വേണ്ടത്രയില്ല.

മിക്ക സ്കൂളുകളിലും മാതൃസംഗമം, പി. റ്റി. എ എന്നിവ ശക്തമായി പ്രവർത്തിക്കുന്നു. പല വിദ്യാലയങ്ങളിലും പി. റ്റി. എ. യുടെ ആഭിമുഖ്യത്തിൽ നിർമ്മാണപ്രവർത്തനങ്ങളും മാതൃകാപരമായി നടന്നിട്ടുണ്ട്, നടന്നുവരുന്നുമുണ്ട്. അദ്ധ്യയനനിലവാരം പാഠ്യ-പാഠ്യേതരപ്രവർത്തനങ്ങളും, കലാരംഗത്തെ പ്രവർത്തനം

എന്നിവ പൊതുവേ തൃപ്തികരം. സാക്ഷരതാ പ്രവത്തനം സാമാന്യേന നടക്കുകയുണ്ടായി. തുടർവിദ്യാഭ്യാസ കേന്ദ്രങ്ങൾ തുറന്നു പ്രവർത്തിക്കേണ്ടതാണ്.

നടപ്പിലാക്കേണ്ട കാര്യങ്ങൾ

1 പഞ്ചായത്ത് തലത്തിൽ സ്കൂൾ കോംപ്ലക്സ് ഫലപ്രദമായി നടപ്പാക്കുക,

2 സ്ഥലപരിമിതിയുള്ള സ്കൂളുകൾക്ക് സ്ഥലം ലഭ്യമാക്കണം.

3 കെട്ടിടസൗകര്യം കുറവുള്ള സ്കൂളുകൾക്ക് വേണ്ടത്ര കെട്ടിട സൗകര്യമുണ്ടാക്കണം.

4 ഫർണിച്ചർ കുറവ് പരിഹരിയ്ക്കണം

5 മൂത്രപ്പുര, കക്കൂസ് എന്നിവ വേണ്ടത്ര ഉണ്ടാവണം

6 മിക്ക വിദ്യാലയങ്ങൾക്കും ചുറ്റുമതിലില്ല. ഇക്കാര്യത്തിന് മുൻഗണന നൽകണം.

7 പഞ്ചായത്തിൽ ഇംഗ്ലീഷ് മീഡിയ വിദ്യാഭ്യാസം പ്രൈമറിതലത്തിൽ നിരുത്സാഹപ്പെടുത്തണം.

8 പഞ്ചായത്തു തലത്തിൽ അക്കാഡമിക്ക് കൗൺസിൽ രൂപീകരിക്കുകയും പൊതു ചോദ്യക്കടലാസ് വിതരണം ഏർപ്പെടുത്തുകയും വേണം.

9 അദ്ധ്യാപകർക്ക് വർഷത്തിലൊരിക്കലെങ്കിലും നിർബന്ധമായും ഇൻസെന്റീവ് കോഴ്സ് ഏർപ്പെടുത്തണം. പ്രസ്തുത കോഴ്സുകൾ അവധിക്കാലത്തായിരിക്കണം.

10 എന്യൂമറേഷൻ മുതലായവയ്ക്ക് യാതൊരു സ്കൂളിൽ നിന്നും കൂട്ടത്തോടെ അദ്ധ്യാപകരെ നിയോഗിക്കരുത്.

11 മിടുക്കരായ വിദ്യാർത്ഥികൾക്ക് എല്ലാ ക്ലാസിലും സ്കോളർഷിപ്പുകൾ ഏർപ്പെടുത്തേണ്ടതാണ്.

12 എല്ലാ സ്കൂൾ കെട്ടിടങ്ങളും വൈദ്യുതീകരിക്കേണ്ടതാണ്.

13 എല്ലാ സ്കൂളിലും ദൃശ്യ-ശ്രാവ്യ ഉപകരണങ്ങൾ ഉണ്ടെന്ന് ഉറപ്പുവരുത്തണം.

14 പഞ്ചായത്ത് തലത്തിൽ സ്കൂൾ യൂണിഫോം ഏകീകരിക്കണം.

15 സ്കൂളുകൾ പരിശോധിച്ച് ഗ്രണനിലവാരം തിട്ടപ്പെടുത്തുന്നതിനും പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതിനുമായി വിദ്യാഭ്യാസ വിദഗ്ദ്ധരുടെ ഒരു സമിതിരൂപീകരിക്കണം.

16 സ്കൂളുകളിലെ കലാകായിക വിദ്യാഭ്യാസം പരിപോഷിപ്പിക്കുന്നതിനുവേണ്ട നടപടികൾ കയ്ക്കൊള്ളണം.

17 സർക്കാർ സ്കൂളുകളുടെ വാർഷിക സംരക്ഷണ പ്പണികൾ മെയ് 15 നു മുമ്പുതീർക്കണം.

18 സ്കൂൾ കോമ്പൗണ്ടിൽ ഉപയോഗരഹിതമായ സ്ഥലങ്ങൾ പ്രയോജനപ്പെടുത്തുന്നതിനും കുട്ടികളിൽ കാർഷിക മനോഭാവം വളത്തുന്നതിനുമായി സ്കൂൾ കാർഷിക ക്ലബ്ബുകൾ ഫലപ്രദമായി നടപ്പാക്കണം.

19 ഓരോ സ്കൂളിനും ആവശ്യമായ കളിസ്ഥലം പി. റ്റി. എ. യുടെ പങ്കാളിത്തത്തോടെ നിർമ്മിക്കുന്നതിന് പഞ്ചായത്ത് മുൻകയ്യെടുക്കേണ്ടതാണ്.

20 സ്കൂൾ പരിസരവും വൃത്തിയായി സൂക്ഷിക്കുന്നതിനും മോടിപിടിപ്പിക്കുന്നതിനും ഓരോ സ്കൂളിനേയും പരോക്ഷമായി പ്രേരിപ്പിക്കുന്നതിലേയ്ക്കായി പഞ്ചായത്തിൽ നിന്നും ട്രോഫികൾ ഏർപ്പെടുത്തണം.

21 ശുദ്ധജലം എല്ലാ സ്കൂളുകളിലും ലഭ്യമാണെന്ന് ഉറപ്പുവരുത്തണം.

22 പഞ്ചായത്തിൽ ഷിഫ്റ്റ് സമ്പ്രദായം നിലനിൽക്കുന്ന ഏക സ്കൂളിലെ ഷിഫ്റ്റ് നിർത്തലാക്കണം. (സെൻറ് ജോർജസ് എൽ. പി. എസ്. ചിറ്റാർ)

23 എല്ലാ സ്കൂളുകളിലും കായികാദ്ധ്യാപകരെ നിയമിക്കണം.

24 ഉച്ചഭക്ഷണ വിതരണത്തിന്റെ പൂർണ്ണമായ ചുമതല പഞ്ചായത്ത് ഏറ്റെടുക്കണം.

25 തൊഴിലധിഷ്ഠിത വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുന്നതിലേയ്ക്ക് പഞ്ചായത്തിൽ നിലവിലുള്ള ഹൈസ്കൂളുകളും വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളായി ഉയർത്തണം

26 വള്ളിച്ചിറ ഈസ്റ്റ് വാർഡിലെ നിർമ്മിതി കേന്ദ്രത്തോടൊപ്പം ഒരു പോളിടെക്നിക്ക് കൂടി ഏർപ്പെടുത്തണം.

27 സാക്ഷരതാ തുടർവിദ്യാഭ്യാസ കേന്ദ്രങ്ങളും വയോജന വിദ്യാഭ്യാസ സ്ഥാപനങ്ങളും തുറക്കണം.

28 അടച്ചുറപ്പില്ലാത്ത സ്കൂൾ കെട്ടിടങ്ങൾ അടച്ചുറപ്പിക്കണം.

29 പ്രീ പ്രൈമറി വിദ്യാഭ്യാസത്തിന്റെ ഭാഗമായി പിഞ്ചുകുഞ്ഞുങ്ങൾക്ക് അക്ഷരാഭ്യാസം നൽകിവന്നവരും ഇന്നും പ്രസ്തുത മാർഗ്ഗത്തിൽ തുടരുന്നവരുമായ നിലത്തെഴുത്താശാൻമാർക്ക് മാന്യമായ ധനസഹായം നൽകണം.

30 സ്കൂളുകളിൽ ഉണ്ടാകുന്ന വേക്കൻസികളിൽ ഉടൻതന്നെ നിയമനം നടത്തുന്നതിനുള്ള ചുമതല പഞ്ചായത്തിനെ ഏൽപ്പിക്കണം.

മോചനമരുളുന്നതെന്തോ അതാണ് വിദ്യാഭ്യാസം

നാട്ടിലെ ഓരോവീടും ഓരോ വിദ്യാലയമാണ്
മാതാപിതാക്കളും അദ്ധ്യാപകരും

എല്ലാ വിദ്യാഭ്യാസവും ഒരു തൊഴിലിന്റെ
മാധ്യമത്തിലൂടെയാവണം — ഗാന്ധിജി

കുടിവെള്ളം-പൊതുജനാരോഗ്യം

ജനങ്ങളുടെ ആരോഗ്യ പരിപാലനത്തിൽ ഏറ്റവും സ്വാധീനം ചെലുത്തുന്ന ഘടകങ്ങളാണ് ശുദ്ധവായുവും, ശുദ്ധജലവും ശുചിത്വമുള്ള പാർപ്പിടവും.

വേനൽക്കാലത്ത് രൂക്ഷമായ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്ന പഞ്ചായത്താണ് നമ്മുടേത്. പഞ്ചായത്തിലെ 90% ജനങ്ങളും കുടിവെള്ളത്തിനായി ആശ്രയിക്കുന്നത് കിണറുകളെയാണ്. 4500ഓളം കിണറുകളുള്ളതിൽ 19 എണ്ണം പൊതുകിണറുകളാണ്. ഇതിൽ ഏതാനും കിണറുകളൊഴികെ മറെറല്ലാം വേനൽക്കാലത്ത് വററിപ്പോകുന്നവയാണ്. (കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനു വള്ളീച്ചിറ ഈസ്റ്റ് വാർഡിൽ വേണ്ടാനംവയലിൽ സ്ഥാപിച്ചിട്ടുള്ള കുഴൽക്കിണറിൽനിന്നും സെൻറ് തോമസ് മൗണ്ടിലുള്ള ടാങ്കിൽ വെള്ളം പമ്പുചെയ്ത് പഞ്ചായത്തിൻെറ വിവിധ പ്രദേശങ്ങളിൽ വിതരണം ചെയ്യുന്ന പദ്ധതി പൂർണ്ണമായും ഫലവത്തായിട്ടില്ല.)

കുടിവെള്ളക്ഷാമ ബാധിത പ്രദേശങ്ങൾ

വാർഡ്—1 അന്തീനാട്-അന്തീനാട് പള്ളിഭാഗം, പ്രവിത്താനം പള്ളിഭാഗം, കാഞ്ഞിരത്തുപാറകോളനി ഓലിക്കൽഭാഗം, കൊല്ലൻകുന്ന് മൂപ്പൻമലഭാഗം, തെക്കേടത്ത് മലഭാഗം, മങ്കുരവഴി ലക്ഷംവീട്കോളനി

വാർഡ്—2 പയപ്പാർ-മാഹാളിപ്പാറ ഭാഗം, കുര്യത്ത്മലഭാഗം, പയപ്പാർ അമ്പലഭാഗം മുണ്ടാങ്കൽ ഭാഗം, അന്ത്യാളം, തോണിക്കല്ല് പ്രദേശങ്ങൾ.

വാർഡ്—3 നെച്ചിപ്പുഴൂർ-കലമല ഇളപൊഴത്, പാമ്പാനിക്കാട്ട്, വെള്ളക്കല്ലേൽ വടക്ക്, മുത്തോലിക്കുന്നേൽ, ലക്ഷംവീട്കോളനി, ചിറക്കരക്കാവ്ക്ഷേത്രഭാഗം, നല്ലക്കുടി, കോണാലിപ്പാറ, കളത്തനാനി, മണ്ണാട്ടിക്കാവിൽ കോളനി മുതലായ പ്രദേശങ്ങൾ.

വാർഡ്—4 പോണാട്-കുന്നത്തോലിക്കൽ, തെരുവുംകുന്നേൽ, മണ്ഡപത്തിക്കുന്നേൽ, ആനന്ദഭവൻ, കുരുർപള്ളി, കാടൻകാവിൽ പ്രദേശങ്ങൾ, വെള്ളരിങ്ങാട്ട്, അല്ലപ്പാറ, കോക്കാപ്പള്ളിൽ കയത്തുങ്കരജംഗ്ഷൻ, നെടുംപാറഭാഗം, ചേലമററംകുന്ന്ഭാഗം.

വാർഡ് 5 വള്ളീച്ചിറ ഈസ്റ്റ്—നരിതുള്ളംപാറ കോളനി, ആശാനിലയം, ചൊള്ളാക്കൽ പൂതംപാറ പ്രദേശങ്ങൾ.

വാർഡ് 6 വള്ളീച്ചിറ വെസ്ററ്—ചെറുകരക്കുന്ന്, അമ്പലത്തറ ഇടയ്ക്കാട്ടിൽ കുന്നുംപുറം ലക്ഷംവീട് ഭാഗം.

വാർഡ് 7 ഇടനാട്—ഉറുകുഴി, മങ്കൊമ്പ്, കാഞ്ഞിരപ്പാറ, മഞ്ഞക്കുന്നേൽ, ചിററാർ, വട്ടകുളം, കൊച്ചുപറമ്പ്, മുക്കുഴിക്കൽ, പാറത്തോട്, ആമേറുപിള്ളി നരിച്ചുകുന്ന് പ്രദേശങ്ങൾ.

വാർഡ് 8 വലവൂർ ഈസ്ററ്—ചക്കാമ്പുഴ പാവയ്യൽ കോളനി, പുന്നത്താനം കോളനി, ആമേറുപിള്ളി, വയലുപടിയാനിഭാഗം, പാറത്തോട് കോളനി, അഴികണ്ണിക്കൽ, കോഴിമല, കുവയ്യൽ, കുരുവിനാവേലിൽ, നിറവുമ്മേൽ, ചേകോംപറമ്പ്, സെൻറ് തോമസ് മൗണ്ട് പ്രദേശങ്ങൾ.

വാർഡ് 9 വലവൂർ വെസ്ററ്—മണമറത്തുപാറ കോളനി, വാണിയപ്പാറ കോളനി, വലവൂർ അമ്പലം, പതിക്കൽ കോളനി, മൂന്നോലിപ്പാറ കോളനി, നെല്ലാനിക്കാട്ടുപാറ, താളംപ്ലാക്കീൽ കുന്ന് പ്രദേശങ്ങൾ.

വാർഡ് 10 കുടക്കച്ചിറ—പൊട്ടങ്കികോളനി, പന്തമ്മാവ് ഭാഗം, പാറമട ഭാഗം, പറയാനി ഭാഗം, സെൻറ് തോമസ് മൗണ്ട് മഞ്ഞനാൽ ഭാഗം, കാരയ്യൽ കോളനി, കുന്നോലമല തുടങ്ങിയ പ്രദേശങ്ങൾ.

വേനൽക്കാലത്ത് എല്ലാ വാർഡുകളിലും കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നുണ്ട്. നിലവിലുള്ള ടാപ്പുകളിൽ നിന്ന് ആവശ്യമായ വെള്ളം ലഭിക്കുന്നില്ല. പഞ്ചായത്തിലെ എല്ലാ പ്രദേശങ്ങളിലും പൈപ്പ് ലൈൻ എത്തിയിട്ടില്ല. പൊതുകിണറുകളും ശുചിയായി സൂക്ഷിക്കുന്നില്ല.

നിലവിലുള്ള കിണറുകളും ആഴം കൂട്ടിയാൽ ജല ലഭ്യത വർദ്ധിക്കുമോ എന്നു പരിശോധിക്കണം. പല വാർഡുകളിലും പ്രാദേശിക ജലവിതരണ പദ്ധതി കൾക്ക് സാദ്ധ്യതയുണ്ട്. നിലവിലുള്ള ചില ടാപ്പു കളും കൂടുതൽ ജനങ്ങൾക്ക് പ്രയോജനപ്പെടുന്ന രീതി യിൽ മാറ്റി സ്ഥാപിക്കണം.

നിലവിലുള്ളപൈപ്പുകളിൽ വെള്ളം എത്തുന്നില്ല. പൈപ്പുകൾ പലതും പൊട്ടി ഒലിക്കുന്നു. ടാപ്പുകൾ പലതും ഉപയോഗശൂന്യമായിരിക്കുന്നു. കേടായ കുഴൽ ക്കിണറുകൾ പലതും നന്നാക്കണം.

സാധ്യതകൾ

1 പയപ്പാർ തോട്ടിൽ കയത്തിൻകരഭാഗത്ത് ചെക്ക് ഡാം നിർമ്മിക്കണം. കുര്യത്ത്മല, മലങ്കോട്ട് എന്നിവിടങ്ങളിൽ ടാങ്ക് സ്ഥാപിച്ച് പ്രസ്തുത ഡാമിലെ ജലം വിതരണം നടത്തിയാൽ അന്തീനാട്, പയപ്പാർ, പോണാട്, നെച്ചിപ്പുഴൂർവാർഡുകൾക്ക് പ്രയോജനപ്രദമാണ്.

2 മുണ്ടപാലം ഭാഗത്ത് കുളം കുഴിച്ച് ആശാനിലയം ഭാഗത്തുള്ള ടാങ്കിൽ ജലം എത്തിച്ചാൽ വള്ളീച്ചിറയുടെ കൺപ്രദേശങ്ങളിൽ വിതരണംചെയ്യാം.

3 മണലേൽ ഭാഗത്ത് കുളംകുഴിച്ച് നരിതുള്ളുംപാറ ടാങ്കിൽ ജലമെത്തിച്ച് ആ ഭാഗത്തെ ജലക്ഷാമം പരിഹരിക്കാം.

4 അമ്പലത്തറ–പാറത്തോട് ഭാഗങ്ങളിൽ കുളംകുഴിച്ച് ജലവിതരണം നടത്താം.

5 വട്ടലപ്പാടത്ത് കുളം കുഴിച്ച് കോഴിപ്പള്ളി മലയിൽ വെള്ളം എത്തിച്ചാൽ ആ പ്രദേശത്ത് പ്രയോജനപ്പെടുത്താം.

6 തേക്കിൻകാട് ഭാഗത്ത് കുളംകുഴിച്ച് കോയിക്കാട്ടു നിരപ്പിൽ ടാങ്ക് നിർമ്മിച്ച് വെള്ളമെത്തിക്കാം.

7 പൊട്ടങ്കി ഭാഗത്ത് കുളംകുഴിച്ച് പന്തമ്മാവ് നിരപ്പേൽ ടാങ്കിലെത്തിച്ചാൽ ആ പ്രദേശത്തു് ജല വിതരണം നടത്താം.

8 പാറത്തോട് ഭാഗത്തു കുളം കുഴിച്ച് പുന്നത്താനം ഭാഗത്തു് ടാങ്കിലെത്തിച്ചാൽ പുന്നത്താനം പാറത്തോട്ടഭാഗത്തെ ജലദൗർലഭ്യം പരിഹരിക്കാം.

9 ഇരട്ടിയാനി ഭാഗത്ത് കുളംകുഴിച്ച് സെൻറ് തോമസ് മൗണ്ടിലെ ടാങ്കിലെത്തിച്ച് വിതരണം നടത്താം.

10 കുടക്കച്ചിറ വടക്കേ കുരിശുപള്ളിഭാഗത്തു് കുളം കുഴിച്ച് കുന്നപ്പള്ളി മലയിൽ ടാങ്കിലെത്തിച്ച് വിതരണം നടത്താം.

11 ചെറുകര വാട്ടർ സപ്ലൈ സ്കീമും അമ്പലത്തറ വാട്ടർ സപ്ലൈ സ്കീമും പൂർത്തീകരിച്ചാൽ വള്ളീച്ചിറ, ഇടനാട് എന്നീ വാർഡുകളിലെ ഏതാനും ഭാഗങ്ങൾക്കു പ്രയോജനപ്പെടും.

12 വലവൂർ ഈസ്റ്റ് കുളംകണ്ടത്തിൽ കുളംകുഴിച്ച് നിരവുമ്മേൽ ഭാഗത്ത് ടാങ്കിലെത്തിച്ച് ജല വിതരണം നടത്താം.

13 അന്തീനാട്ടിൽ ഒരു കുഴൽകിണർ കുഴിച്ച് മലങ്കോട്ടഭാഗത്തു ഒരു ടാങ്കു നിർമ്മിച്ച് അന്തീനാട്, കൊല്ലംകുന്ന് ഭാഗങ്ങളിൽ വെള്ളമെത്തിക്കാൻ സാധിക്കും.

14 വഞ്ചിപ്പാടത്ത് കുളംകുഴിച്ച് കൊല്ലംകുന്നുഭാഗത്തു ടാങ്കുനിർമ്മിച്ച് പരിസര പ്രദേശങ്ങളിൽ ജല വിതരണം നടത്താം.

15 പാറമടയ്ക്കടുത്തുള്ള പാടത്തു കുളംകുഴിച്ച് കുരീക്കനിരപ്പിൽ ടാങ്കു നിർമ്മിച്ച് കുടക്കച്ചിറ കിഴക്കൻ ഭാഗത്ത് ജലവിതരണം നടത്താം

16 ജലവിതരണ സംരംഭങ്ങൾ വാട്ടർഅതോറിറ്റിയിൽ നിന്നും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ ഏല്പിക്കണം.

17 ഓരോ വീട്ടിലും അണ്ടർഗ്രൗണ്ട് ടാങ്കുകൾ സ്ഥാപിച്ച് വെള്ളം സംഭരിച്ചുവെച്ചു വരുതിക്കാലത്തു് ഉപയോഗിക്കാം.

ഇതു കൂടാതെ നീർക്കുഴികൾ വ്യാപകമായി കുഴിക്കുവാൻ കഴിയണം. ഇതുമൂലം മഴവെള്ളം ഒഴുകിപ്പോകുന്നതു കുറയ്ക്കാനും അതുവഴി ഭൂമിയിലെ ജല സംഭരണിശേഷി വർദ്ധിപ്പിക്കുവാനും ജലക്ഷാമത്തിൻെറ രൂക്ഷത കുറയ്ക്കുവാനും കഴിയും.

പൊതുജനാരോഗ്യം

ആരോഗ്യരംഗത്ത് ചികിൽസാ സമ്പ്രദായങ്ങളും ക്കായിരുന്നു ഈ പ്രദേശത്ത് പ്രാമുഖ്യം. അന്ധവിശ്വാ സജടിലമായ ചികിൽസാവിധികളും ഇവിടെ നില നിന്നിരുന്നു. ആയുർവ്വേദ ചികിൽസാരംഗത്ത് പ്രശ സ്തരായ നിരവധി വൈദ്യന്മാർ നമ്മുടെ പഞ്ചായത്തി ലുണ്ടായിരുന്നു. ഇന്നും ഈ ചികിൽസാ സമ്പ്രദായം വ്യാപകമായി പ്രചാരത്തിലുണ്ട്. പാരമ്പര്യ വിഷ ചികിത്സാവിദഗ്ദ്ധരും ചികിൽസാരംഗത്തുണ്ട്.

ആധുനിക ചികിൽസാ സൗകര്യങ്ങളും ഇവിടത്തെ ജനങ്ങൾക്ക് കൂടുതലായും ലഭിക്കുന്നത് പഞ്ചായത്തിനു പുറത്തു നിന്നാണ്. ഈ പഞ്ചായത്തിൽ കുടക്കച്ചിറ ഒരു ഗവ: ഹോമിയോ ഡിസ്പെൻസറിയും അന്ത്യാള ത്ത് ഒരു പ്രാഥമിക ആരോഗ്യകേന്ദ്രവും ഉണ്ട്. നെച്ചിപ്പുഴൂർ, വലവൂർ, വള്ളീച്ചിറ, അന്തീനാട് എന്നിവിടങ്ങളിൽ സബ് സെൻറുകളും ഉണ്ട്. ഈ പഞ്ചായത്തിൽ രോഗികളെക്കിടത്തി ചികിൽസിക്കു ന്നതിനുള്ള ഏക ആശുപത്രി സ്വകാര്യമേഖലയിലുള്ള പ്രവിത്താനം കാവുകാട്ട് മെമ്മോറിയൽ ആശുപത്രി യാണ്. എന്നാൽ പഞ്ചായത്തിലെ ഭൂരിഭാഗം ജനങ്ങ ളും പാലാ ഗവ: ആശുപത്രിയിലും മറ്റു സ്വകാര്യ ആശുപത്രികളിലും ആണ് ചികിൽസ തേടുന്നത്.

ആരോഗ്യരംഗം

പൊതുവിവരങ്ങൾ

ജനസംഖ്യ

പുരുഷന്മാർ	10533
സ്ത്രീകൾ	10453
ആകെ	10986

പ്രായാടിസ്ഥാനത്തിൽ ദമ്പതിമാർ സ്ത്രീയുടെ പ്രായക്രമം

15—19	65
20—24	520
25—29	1098
30—34	876
35—39	801
40—44	373
ആകെ	3733

അമ്മമാരുടെ എണ്ണം

ജീവിച്ചിരിക്കുന്ന കുട്ടികളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ

1 കുട്ടി	599
2 കുട്ടികൾ	1396
2 ൽ കൂടുതൽ കുട്ടികൾ	2926

കുടുംബാസൂത്രണ മാർഗ്ഗം സ്വീകരിച്ച അമ്മമാർ
(ജീവിച്ചിരിക്കുന്ന കുട്ടികളുടെ അടിസ്ഥാനത്തിൽ)

1—കുട്ടി	287
2—കുട്ടികം	1252
2—ൽ കൂടുതൽ കുട്ടികം	1151

അംഗവൈകല്യമുള്ളവർ

അന്ധർ	48
ബധിരർ	18
മൂകർ	9
ബധിര മൂകർ	19
ചലന വൈകല്യങ്ങം	48
ആകെ	142

മന്ദബുദ്ധികം

പ്രായം	എണ്ണം
0—5	17
6—10	9
11—15	6
16—നമേൽ	26

ഒരു വയസ്സിൽതാഴെ പ്രായമുള്ള കുട്ടികളുടെ എണ്ണം 614
പ്രതിരോധ കുത്തിവെയ്പ് നടത്തിയവർ 567

ജനനമരണവിവരങ്ങം

വർഷം	ജനനം	മരണം	ചാപിള്ള ജനനം
1	2	3	4
1993—94	320	94	3
94—95	354	123	2
95—96	382	120	Nil

പകർച്ചവ്യാധി വിവരങ്ങം

വർഷം	ജലജന്യ രോഗങ്ങം	വായുജന്യ രോഗങ്ങം	പ്രാണിജന്യ രോഗങ്ങം	മറ്റുള്ളവ
1	2	3	4	5
1995—96	618	1876	207	2582

രോഗങ്ങൾ സംബന്ധിച്ച വിവരം

വർഷം	ഇൻ പേഷ്യൻറ്	ഔട്ട് പേഷ്യൻറ്	രോഗങ്ങൾ സംബന്ധിച്ച വിവരം പ്രതിവർഷം		
			ത്വക് രോഗം	വാത രോഗം	പകച്ച് വ്യാധികൾ
1992—93	5832	121035			3109
93—94	5558	119012			3201
94—95	4759	130287			4097
95—96	4124	100975			3025
ആകെ	20273	471309			13432

ഈ പഞ്ചായത്തിൽ അംഗവൈകല്യമുള്ളവർ 142 പേരും, മന്ദബുദ്ധികൾ 58പേരും ഉണ്ട്. കേരളത്തിലെ മരണനിരക്ക് 5.9 ആണ്. എന്നാൽ ഈ പഞ്ചായത്തിലെ മരണനിരക്ക് 5.7 ആണ്. കേരളത്തിലെ ജനനിരക്ക് 17ഉം നമ്മുടെ പഞ്ചായത്തിൽ 18 ഉം ആണ്.

കക്കൂസ്

പൊതുജനാരോഗ്യത്തെപ്പറ്റി പ്രതിപാദിക്കുമ്പോൾ കുടിവെള്ളം കഴിഞ്ഞാൽ പ്രാധാന്യമർഹിക്കുന്നതാണ് ശുചിത്വം. ശുചിത്വം പാലിക്കുവാൻ പ്രഥമമായിവേണ്ടത് കക്കൂസ് ആണ്. കക്കൂസില്ലാത്ത വീടുകൾ അനവധിയുണ്ട്. തന്മൂലം വിരശല്യം, വയറിളക്കരോഗങ്ങൾ, ജലജന്യരോഗങ്ങൾ എന്നിവ കാണപ്പെടുന്നുണ്ട്. ഏകദേശം 1,500ഓളം വീടുകളിൽ കക്കൂസില്ല.

പരിസര ശുചിത്വം

വ്യവസായവൽക്കരണം കുറഞ്ഞപ്രദേശമാകയാൽ പരിസര മലിനീകരണം കാര്യമായി ഉണ്ടായിട്ടില്ല.

പ്രശ്നങ്ങൾ

1 എല്ലാ വീടുകളിലും കക്കൂസില്ല. തന്മൂലം പരിസര മലിനീകരണവും പകർച്ചവ്യാധികളും ഉണ്ടാകുന്നു.

2 ഈ പഞ്ചായത്തിലെ ഏക പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ രോഗികളെ കിടത്തി ചികിത്സിക്കുന്നതിനു സൗകര്യമില്ല.

3 കൊതുകുശല്യം കൂടുതലുണ്ട്.

4 PHC സബ് സെൻററുകളും എല്ലാ വാർഡുകളിലുമില്ല.

നിർദ്ദേശങ്ങൾ

1 PHC യിൽ കിടത്തി ചികിത്സിക്കുവാൻ സൗകര്യം വേണം.

2 കെട്ടിക്കിടക്കുന്ന മലിനജലം നിർമ്മാർജനം ചെയ്യുക.

3 കൊതുകുശല്യം ഒഴിവാക്കുന്നതിനുള്ള നടപടികളും സ്വീകരിക്കണം.

4 PHC സബ് സെൻററുകളും സ്ഥാപിക്കണം.

5 ജനങ്ങളും തിങ്ങിപ്പാർക്കുന്ന സ്ഥലങ്ങളിൽ ചപ്പുചവറുകളും കമ്പോസ്റ്റ് വളമായി രൂപാന്തരപ്പെടുത്തുക.

6 പഞ്ചായത്ത് തലത്തിൽ രക്തഗ്രൂപ്പു നിർണ്ണയം നടത്തി ഒരു രക്തദാന സന്നദ്ധസേന രൂപീകരിക്കുക.

7 ആരോഗ്യ ക്ലാസ്സുകളും സെമിനാറുകളും വ്യാപകമായി സംഘടിപ്പിക്കുക

8 അന്തിനാട് PHC സബ് സെൻററിനു സ്വന്തമായി സ്ഥലവും കെട്ടിടവും നിർമ്മിക്കുക.

ഗതാഗതം, ഊർജ്ജം

ഗതാഗതം

നമ്മുടെ പഞ്ചായത്തിൽ ആദ്യകാലത്തു് റോഡുകളുടെ ഉപയോഗം, പ്രധാനമായും, കാളവണ്ടികളിൽ ചരക്കുകടത്താൻ മാത്രമായിരുന്നു. ഇവിടെ നിന്നുള്ള കാഷ്ടികോല്പന്നങ്ങളും മീനച്ചിലാറിന്റെ പാലാ, ചേപ്പുങ്കൽ കടവുകളിലാണു് എത്തിച്ചിരുന്നതു്. ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ, മോട്ടോർ വാഹനങ്ങളുടെ വരവു് നാടിന്റെ മുഖഛായതന്നെ മാറ്റി മറിച്ചു. പഞ്ചായത്തിൽ ആദ്യകാലത്തുണ്ടായ റോഡുകളിൽ ഭൂരിഭാഗവും സന്നദ്ധ പ്രവർത്തനങ്ങളിലൂടെയാണു് നിർമ്മിച്ചിട്ടുള്ളതു്. ഈ പ്രവർത്തനങ്ങൾക്കു് നേതൃത്വം കൊടുത്തവരെ പ്രത്യേകം സ്മരിക്കേണ്ടതുണ്ടു്.

ഈ പഞ്ചായത്തിലൂടെ കടന്നുപോകുന്ന പ്രധാന PWD റോഡുകൾ.

1 പാലാ–രാമപുരം റോഡു്
2 പാലാ–തൊടുപുഴ റോഡു്
3 പാലാ–ഉഴവൂർ റോഡു്
4 പാലാ–മരങ്ങാട്ടുപിള്ളി റോഡു്
5 പാലാ–ഏഴാച്ചേരി റോഡു്

മറ്റുപഞ്ചായത്തുകളേക്കാൾ റോഡുകളുടെ ഒരു മെച്ചപ്പെട്ട ശൃംഖല നമ്മുടെ പഞ്ചായത്തിലുണ്ടു്. കുറഞ്ഞ കാലംകൊണ്ടു് ഒട്ടേറെ ഗ്രാമീണ റോഡുകളുണ്ടാവുകയും അവയിൽ പലതും ടാറിംഗ്നടത്താനാവുകയും ചെയ്തിട്ടുണ്ടു്. എങ്കിലും ഒട്ടേറെ പുതിയ റോഡുകൾക്കുള്ള ആവശ്യം ഗ്രാമസഭകളിൽനിന്നും ഉയർന്നിട്ടുണ്ടു്. എല്ലാ കോളനികളേയും പ്രധാന റോഡുകളുമായി ബന്ധിപ്പിക്കുന്ന റോഡുകൾ ഉണ്ടാവേണ്ടതുണ്ടു്.

(പട്ടിക 31–ാം പേജിൽ)



പുതുതായി നിർമ്മിക്കേണ്ട റോഡുകൾ
ഗ്രാമസഭാ നിർദ്ദേശങ്ങൾ

പട്ടിക

വാർഡ്	നിർദ്ദേശിക്കുന്ന പേര്
I അന്തീനാട്	കുഴൽകിണർ-തോട്ടിറമ്പ് റോഡ്
	അന്തീനാട്-അമ്പാട്ടകോളനി-മങ്കര റോഡ്
	തോണിക്കല്ല്-താമരമുക്ക് റോഡ്
II പയപ്പാർ	പയപ്പാർ-മാഹാളിപ്പാറ റോഡ്
	പയപ്പാർ ക്ഷേത്രം-കീച്ചേരി റോഡ്
	പയപ്പാർ-കരിംതുരുത്തിയേൽ-അമ്പലം-കാവുംകുഴിറോഡ്
III നെച്ചിപ്പുഴൂർ	വെള്ളക്കല്ലേൽ-മുത്തോലിക്കുന്ന് കോളനി-ചിറ്റാർ റോഡ്
	നെച്ചിപ്പുഴൂർ ലക്ഷംവീട്-ചിറക്കരക്കാവ് ക്ഷേത്രംറോഡ്
	അന്ത്യാളം-ഇളപൊഴുത് റോഡ്
	കോണാലിപ്പാറ-ചിറക്കരക്കാവ് ക്ഷേത്രം റോഡ്
	ചക്കാമ്പുഴ-കിഴക്കേക്കുറ്റ്-കുറ്റ്യാക്കുന്നേൽ റോഡ്
	അറുകൊലത്തോടിനും കോണാലിപ്പാറ ഭാഗത്ത് നടപ്പുപാലം
IV പോണാട്	പൂതക്കുഴി-അല്ലപ്പാറ റോഡ്
	അല്ലപ്പാറ-മണ്ഡപത്തിക്കുന്നേൽ-പൂതക്കുഴി റോഡ്
	കാടൻകാവിൽ-പുറവിടപ്പാറ-കാവനോടിയിൽ റോഡ്
	ഞവരക്കാട്ട് റോഡ്
VII ഇടനാട്	പടിയാനിക്കൽ-വെള്ളമുക്ക് റോഡ്
	വേരനാൽ-പൂവേലി-കൊന്നയ്ക്കൽ റോഡ്
	ഉറുകുഴി കോളനി-മങ്കൊമ്പ്-വള്ളീച്ചിറ റോഡ്
	കണ്ണങ്കനാൽ-ഒഴുകയിൽ റോഡ്
	പൗവ്വത്ത് കാവ് റോഡ്
	കുന്നുംപുറം-പഞ്ചായത്തുകുളം-മുറിഞ്ഞാറ-കൊമ്പനാനിയിൽ റോഡ്
	കുര്യത്ത്-തടത്തിക്കുഴിപ്പാറ പള്ളി റോഡ്
	പാറത്തോട് അലുമിനിയം ഫാക്ടറി ചേർന്ന് കിഴക്കോട്ട് നടപ്പാത
	ആഴിവേലിത്തോട്ടിൽ നെച്ചിപ്പുഴൂർ-ഇടനാട് നടപ്പുപാലം
VIII വലവൂർഈസ്റ്റ്	അഴികണ്ണിക്കൽക്കുന്നേൽ റോഡ്
IX വലവൂർ വെസ്റ്റ്	സെൻറ് തോമസ് മൗണ്ട്-ഉഴവൂർ റോഡ്
	കുവയ്ക്കൽ ശാസ്താക്ഷേത്രം-സെൻറ് തോമസ് മൗണ്ട് റോഡ്
	അംബേദ്കർ കോളനി-ഇല്ലിക്കൽ റോഡ്
	വലവൂർ-പാലക്കാട്ടുമല-കൊങ്ങിണിക്കാട്ട് കോളനി റോഡ്

പ്രശ്നങ്ങൾ

1 പഞ്ചായത്ത് മൺറോഡുകളുടെ സ്ഥിതി ശോചനീയമാണ്.

2 ശബരിമല തീർത്ഥാടനകാലത്ത് ധാരാളം വാഹനങ്ങൾ കടന്നുപോകുന്ന പാലാ-രാമപുരം റോഡിന് വേണ്ടത്ര വീതിയില്ല.

3 പാലാ-എറണാകുളം റൂട്ടിലെ ഏറ്റവുംദൂരം കുറഞ്ഞ മാർഗ്ഗമായ പാലാ-ഉഴവൂർ റോഡിനു് വീതി തീരെ കുറവാണു്.

4 നിലവിലുള്ള എല്ലാ PWD റോഡുകളിലും അപകടകരമായ വളവുകളുണ്ടു്.

നിർദ്ദേശങ്ങൾ

1 മൺറോഡുകൾ അറ്റകുറ്റപ്പണി നടത്തി സംരക്ഷിക്കണം.

2 പഞ്ചായത്ത് റോഡുകളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങളിൽ മുൻഗണന നൽകേണ്ടതു് ടാറിട്ടതിനേക്കാൾ ആവശ്യമായ ഓടകളും കലുങ്കുകളും തീർക്കുന്നതിലാണ്.

3 പ്രധാന റോഡുകളിൽ ട്രാഫിക് സിഗ്നലുകളും ദൂരമറിയിക്കുന്ന ബോർഡുകളും സ്ഥാപിക്കണം.

4 പഞ്ചായത്ത് തലത്തിൽ റോഡുസംരക്ഷണ സമിതി രൂപീകരിക്കുകയും റോഡുകളുടെ എല്ലാ വിധ ജോലികളും സമിതിയുടെ നേതൃത്വത്തിലാകുകയും വേണം.

5 പ്രധാന ബസ് സ്റ്റോപ്പുകളിൽ വെയിറ്റിംഗ് ഷെഡ് സ്ഥാപിക്കണം.

6 നിലവിലുള്ള റോഡുകളുടെ സംരക്ഷണത്തിനാവശ്യമായ പദ്ധതികൾ രൂപീകരിക്കണം.

7 വലവൂർ ജംഗ്ഷനിൽ ടാക്സി സ്റ്റാൻഡ് സ്ഥാപിക്കണം.

റോഡുകളുടെ വികസനത്തിൽ ജനപങ്കാളിത്തം കൂടിയേ തീരു. ശ്രമദാനം മൂലം പുതിയ റോഡുകൾ നിർമ്മിക്കാൻ കഴിയണം. പഞ്ചായത്തിന്റെ കുറഞ്ഞ വരുമാനവും വലിയ ഫണ്ടിന്റെ ആവശ്യകതയും ധാരാളമായുള്ള മനുഷ്യവിഭവശേഷിയും പരിശോധിച്ചാൽ വ്യക്തമാകുന്നത് നമ്മുടെ മാർഗ്ഗം വ്യത്യസ്തമായിരിക്കണം എന്നതാണെന്നു്. പുതിയ റോഡുകളുടെ നിർമ്മാണത്തിനാവശ്യമായ മനുഷ്യവിഭവശേഷി വിനിയോഗിക്കുവാൻ തയ്യാറാണെന്നു് നമ്മുടെ ഗ്രാമസഭകളിലൂടെ കിട്ടിയ സന്ദേശം ജനകീയ വികസന പ്രവർത്തനങ്ങളുടെ സാദ്ധ്യത വ്യക്തമാക്കുന്നു.

ഊർജ്ജം

മനുഷ്യൻ പ്രകൃതിയെ രൂപാന്തരപ്പെടുത്തുന്നു എന്നതാണല്ലോ മനുഷ്യജീവിതത്തിന്റെ സത്ത. ഓരോ രൂപാന്തരീകരണത്തിലും ഊർജ്ജം ഉണ്ടാവുന്നു. നമുക്ക് എല്ലാ രംഗങ്ങളിലും ഊർജ്ജം ആവശ്യമുണ്ടു്.

ഗാർഹികാവശ്യങ്ങൾക്കു് പ്രധാനമായും വിറകും വൈദ്യുതിയുമാണു് ഉപയോഗിക്കുന്നതു്. 1960ൽ ഈ പഞ്ചായത്തിൽ വൈദ്യുതി എത്തി എങ്കിലും അനവധി വീടുകളിൽ ഇനിയും വൈദ്യുതി എത്താനുണ്ടു്.

നമ്മുടെ പഞ്ചായത്തിൽ വൈദ്യുതിബോർഡിന്റെ സബ് - എൻജിനീയർ ഓഫീസ് വലവൂരിൽ പ്രവർത്തിക്കുന്നു. പാലാ കരൂർ 220KV സബ് സ്റ്റേഷനിൽ നിന്നാണു് കരൂർ പഞ്ചായത്തിൽ വൈദ്യുതി ലഭിക്കുന്നതു്. പാലാ-രാമപുരം സെക്ഷൻ ഓഫീസുകളുടെ കീഴിലാണു് പഞ്ചായത്തു് പ്രദേശങ്ങൾ. ഉപഭോക്താക്കൾ വലവൂർ, രാമപുരം, പാലാ, കൊല്ലപ്പള്ളി ഓഫീസുകളിൽ കറൻറ് ചാർജ്ജ് അടയ്ക്കുന്നു.

വോൾട്ടേജ് ക്ഷാമവും പവർകട്ടും ഉപഭോക്താക്കളെ അലട്ടുന്ന പ്രധാന പ്രശ്നങ്ങളാണു്. മീറ്ററുകൾ പ്രവർത്തിക്കുന്നില്ല എന്നതും ഉദ്യോഗസ്ഥന്മാരുടെ സേവനം തൃപ്തികരമല്ല എന്നതും പരാതികളിൽ പ്രഥമസ്ഥാനത്തുണ്ടു്.

ഈ പഞ്ചായത്തിലെ വീടുകളിൽ കൂടുതലായും പാചകാവശ്യത്തിനു് വിറകാണു് ഉപയോഗിക്കുന്നതു് LP ഗ്യാസ്, ബയോഗ്യാസ്, മണ്ണെണ്ണ എന്നിവയും ഉപയോഗിക്കുന്നുണ്ടു്. വിറകിന്റെ ലഭ്യത പ്രശ്നമായിക്കൊണ്ടിരിക്കുന്നു. ദക്ഷത കുറഞ്ഞ വിറകടുപ്പുകൾ പ്രശ്നം കൂടുതൽ ഗുരുതരമാക്കിക്കൊണ്ടിരിക്കുന്നു. ബയോഗ്യാസ് പ്ലാൻറുകൾ സാധ്യതയുള്ള വീടുകളിലെല്ലാം തന്നെ അടിയന്തിര പ്രാധാന്യത്തോടെ നിർമ്മിക്കേണ്ടിയിരിക്കുന്നു.

പ്രശ്നങ്ങൾ

1 പഞ്ചായത്തിലെ ഒരു വാർഡിലും മുഴുവൻ വീടുകളിലും വൈദ്യുതി എത്തിയിട്ടില്ല.

2 പ്രേഷണ-വിതരണ മേഖലകളിലെ വൈദ്യുതി ബോർഡിന്റെ അശ്രദ്ധ സ്ഥിരം പ്രശ്നമാണ് റബർ മേഖലയായ പഞ്ചായത്തിൽ ഭൂരിപക്ഷം വൈദ്യുതി ലൈനുകളും റബർചില്ലകളിലും മറ്റും തൊട്ടുരുമിയാണ് പോകുന്നത്. കാലാകാലം ഇവ മുറിച്ചു നീക്കുന്നില്ല.

3 പഞ്ചായത്തിലെ ഒരു ഹരിജൻ കോളനിയും പൂർണ്ണമായും വൈദ്യുതീകരിച്ചിട്ടില്ല.

4 എല്ലാ വാർഡുകളിലും വഴിവിളക്കുകൾ സ്ഥാപിച്ചിട്ടുണ്ട്. എങ്കിലും അവയിൽ പകുതിയോളം കത്തുന്നില്ല. കൂടാതെ ഇനിയും വഴിവിളക്കുകൾ ആവശ്യമായ സ്ഥലങ്ങൾ ഉണ്ട്.

5 വൈദ്യുതി ബോർഡിന്റെ കണക്കിലും എത്രയോ കൂടുതൽ വൈദ്യുതി ഉപയോഗിക്കുന്നു.

6 സ്ഥലമുടമകളുടെ അനുവാദം ലഭിക്കാത്തതിനാൽ വൈദ്യുതി കണക്ഷൻ ലഭിക്കാത്ത വീടുകൾ ഉണ്ട്.

7 വൈദ്യുതിക്ഷാമവും വോൾട്ടതക്കുറവും രൂക്ഷമായിരിക്കുന്ന ഇക്കാലത്തു പോലും പകൽ തെരുവുവിളക്കുകളും പൊതുസ്ഥാപനങ്ങളിലെ വിളക്കുകളും പ്രകാശിച്ചു നിൽക്കുന്നു.

സാദ്ധ്യതകൾ

1 ഇപ്പോഴുള്ള വൈദ്യുതി ലൈനുകളുടെ നീളം കൂട്ടിയും പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ചും പുതിയ കണക്ഷനുകൾ നൽകണം.

2 സ്വയം മീറ്റർ റീഡിംഗ് നടപ്പാക്കണം.

3 വഴിവിളക്കുകൾ പൂർണ്ണമായും പ്രവർത്തിക്കുന്നുണ്ടോ എന്ന് പരിശോധിക്കുവാൻ വൈദ്യുതി ബോർഡ് ജീവനക്കാർ അടക്കമുള്ള ജനകീയ സമിതി ഉണ്ടാവണം.

4 മരച്ചില്ലകൾ മുറിച്ചുമാറ്റുന്നതിന്റെ പ്രാധാന്യം ജനങ്ങളെ ബോദ്ധ്യപ്പെടുത്തി നടപ്പാക്കാൻ പ്രസ്തുത സമിതിക്കു കഴിയും.

5 ഇപ്പോഴുള്ള വൈദ്യുതി ഉപഭോഗം കൃത്യമായി കണക്കാക്കണം. അതിനനുസൃതമായി ക്ഷമത കൂടിയ ട്രാൻസ് ഫോർമറുകൾ സ്ഥാപിക്കണം.

6 വൈദ്യുതി ഉപയോഗം കുറയ്ക്കുവാനുതകുന്ന കോംപാക്ട് ഫ്ളൂറസന്റ് ലാമ്പുകൾ, ഫ്ളൂറസന്റ് ട്യൂബുകൾ, ഇലക്ട്രോണിക് ചോക്കുകൾ, ഘർഷണ രഹിത ഫാൻ വാൽവുകൾ മുതലായവ വ്യാപകമായി പ്രചരിപ്പിക്കുന്നതിനുള്ള പദ്ധതി നടപ്പാക്കണം.

7 ദക്ഷതയേറിയ അടുപ്പുകൾ, ബയോഗ്യാസ് അടുപ്പുകൾ, സോളാർ അടുപ്പുകൾ, സോളാർ വിളക്കുകൾ ഇവയും പ്രചരിപ്പിക്കണം.

8 ഉച്ചക്കഞ്ഞി വിതരണം ചെയ്യുന്ന സ്കൂളുകളിലും അംഗൻവാടികളിലും ദക്ഷത കൂടിയ കമ്മ്യൂണിറ്റി അടുപ്പുകൾ സ്ഥാപിക്കുക.

9 എല്ലാ കോളനികളിലും പ്രധാന ജംഗ്ഷനുകളിലും സോളാർ വഴിവിളക്കുകൾ സ്ഥാപിക്കുക.

വൈദ്യുതി ഉപയോഗം (പട്ടിക)

ഗാർഹികം		കാർഷികം		വ്യാവസായികം		വഴിവിളക്കുകൾ	
ഉപഭോക്താക്കളുടെ എണ്ണം	പ്രതിമാസ ഉപയോഗം	എണ്ണം	ഉപയോഗം	എണ്ണം	ഉപയോഗം	എണ്ണം	ഉപയോഗം
3948	34,950	42	2910	29	8,070	306	1015

ഗുരുതരമായ വൈദ്യുതി പ്രതിസന്ധി നേരിടുന്ന സംസ്ഥാനമാണ് നമ്മുടേത്. പവർകട്ടും ലോഡ് ഷെഡിംഗും നമ്മുടെ വ്യാവസായിക മേഖലകളെയാകെ തളർത്തിക്കൊണ്ടിരിക്കുകയാണ്. ബോധപൂർവ്വമായ ശ്രമം നടത്തിയാലേ നമ്മുടെ വൈദ്യുതി ഉപയോഗം കുറയ്ക്കാനും അതുവഴി ഈ ഗുരുതരമായ അവസ്ഥ മറികടക്കുവാൻ ഒരു ചെറിയ സഹായമെങ്കിലും നമുക്കു ചെയ്യുവാനും കഴിയുകയുള്ളൂ.

പാർപ്പിടവും സാമൂഹ്യക്ഷേമവും

പാർപ്പിടം

സാമൂഹ്യ-സാമ്പത്തിക രംഗങ്ങളിൽ കരുർ പഞ്ചായത്ത് ഏറെ അഭിവൃദ്ധി പ്രാപിച്ചിട്ടുണ്ടെങ്കിലും, ദുർബല വിഭാഗങ്ങളുടെ പാർപ്പിട പ്രശ്നങ്ങൾക്ക് ഇനിയും പരിഹാരം കാണേണ്ടതുണ്ട്. വളരെ വലിയ വീടുകൾതൊട്ട് ചെറുകുടിലുകൾവരെ ഉൾപ്പെടുന്ന ഒരു ഭവനശൃംഖലയാണ് നമ്മുടെ പഞ്ചായത്തിലുള്ളത്.

കുടുംബാംഗങ്ങളുടെ എണ്ണത്തിനു് ആനുപാതികമല്ലാത്ത വലുതും ആഡംബരപൂർണ്ണവുമായ വീടുകൾ നിർമ്മിക്കുന്ന ഒരു ഭവന സംസ്കാരം ഇന്നു് രൂപപ്പെട്ടിരിക്കുന്നു. വലിയ വീടുകൾ അന്തസ്സും, സാമൂഹ്യ പദവിയും ഉയർത്തുമെന്നുള്ള മിഥ്യാധാരണ ഭവനനിർമ്മാണരംഗത്ത് ഒട്ടേറെ പ്രതിസന്ധികൾക്കു് കാരണമാകുന്നുണ്ടു്. ഇടത്തരക്കാരേയും ഈ പ്രവണത സ്വാധീനിച്ചതുമൂലം ഇവർ ആയുഷ്ക്കാല കടക്കെണിയിലകപ്പെടുകയും, ഇതുമൂലം മറ്റു ജീവിതമേഖലകളിൽ ഉണ്ടാവേണ്ട വളർച്ച നഷ്ടപ്പെടുകയും സാമൂഹ്യ പിന്നോക്കാവസ്ഥയിലേയ്ക്കു് തള്ളപ്പെടുകയും ചെയ്യുന്നു. ഈ പ്രവണത കെട്ടിട നിർമ്മാണ വസ്തുക്കളുടെ ദുർലഭ്യത്തിനും അമിതമായ വിലവർദ്ധനവിനും കാരണമാകുന്നുണ്ടു്. ഈ അവസ്ഥ ദുർബലവിഭാഗങ്ങളുടെ 'സ്വന്തമായൊരു വീടു്' എന്ന സ്വപ്നം തകർക്കുകയും ഭവനരഹിതരുടെ എണ്ണം വർദ്ധിപ്പിക്കുകയും ചെയ്യുന്നു എന്ന കാര്യം ഗൗരവകരമായി കാണേണ്ടിയിരിക്കുന്നു. നമ്മുടെ സംസ്ഥാനത്തു് ഉല്പാദിപ്പിക്കപ്പെടാത്ത മാർബിളും, കടപ്പാക്കല്ലു്, മൊസൈക് മുതലായ ആഡംബര വസ്തുക്കളും വൻതോതിൽ ഉപയോഗിക്കുന്നതുവഴി നമ്മുടെ സംസ്ഥാനത്തു് ചിലവഴിക്കപ്പെടേണ്ട ഒരു ഭീമമായ തുക അന്യസംസ്ഥാനങ്ങളിലേയ്ക്കു് ഒഴുകുന്നുമുണ്ടു്.

പട്ടിക

മേൽക്കൂരയുടെ സ്വഭാവം

കോൺക്രീറ്റു്	ഓടു്	ഓല	മറ്റുള്ളവ	ആകെ
681	3728	876	206	5491

റോഡരികുകളിലാണു് ഭൂരിപക്ഷം വീടുകളും നിർമ്മിക്കുന്നതു്. പാടം നികത്തി വീടുകൾ പണിയുന്ന പ്രവണത ചെറിയ തോതിലുണ്ടു്. പഞ്ചായത്തിനകത്തും പുറത്തുമുള്ള സഹകരണബാങ്കുകളിൽ നിന്നും വീടുപണിക്കു് ധനസഹായം ലഭിക്കുന്നുണ്ടു്. സാധാരണക്കാർക്കു് ഭവനനിർമ്മാണ വായ്പ്പാ വ്യവസ്ഥകൾ ഉദാരമാക്കാനും, പണിയുന്ന വീടുകൾ ഈടായി സ്വീകരിച്ചു് വായ്പ നൽകുന്നതിനുവേണ്ട നടപടികളുമുണ്ടാവണം. ഭവനനിർമ്മാണ വായ്പകൾക്കുള്ള പലിശ നിരക്കു് കുറയ്ക്കണം.

സർക്കാർ ഭവനനിർമ്മാണ പദ്ധതികളിലൂടെ പ്രയോജനം ലഭിക്കുന്ന ഒരു വലിയ വിഭാഗം ജനങ്ങൾ ഈ പഞ്ചായത്തിലുണ്ടു്. എന്നാൽ ഈ പദ്ധതികളിലൂടെ പ്രയോജനം ലഭിക്കാത്ത ഒരു വിഭാഗവുമുണ്ടു്. പിന്നോക്ക വിഭാഗങ്ങളിൽപ്പെടാത്ത വരും എന്നാൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരുമായ ഈ വിഭാഗത്തിനു് ഭവനനിർമ്മാണത്തിനു് പലിശരഹിത ദീർഘകാല വായ്പകളും പരമാവധി സബ്സിഡികളും നൽകുന്നതിനുള്ള പദ്ധതികൾ ഉണ്ടാവേണ്ടിയിരിക്കുന്നു.

പ്രശ്നങ്ങൾ

1 വീടില്ലാത്ത നിരവധി കുടുംബങ്ങളുണ്ടു്.

2 വിവിധ ഭവന നിർമ്മാണ പദ്ധതികളിലൂടെ ലഭിച്ച വീടുകളുടെ അറ്റകുറ്റപ്പണി നടന്നിട്ടില്ല.

3 ഇത്തരം വീടുകളുടെ സ്ഥലസൗകര്യമില്ലായ്മയും ഒരു കുടുംബത്തിൽതന്നെ കൂടുതൽ കുടുംബങ്ങൾ ഉണ്ടാവുന്ന സാഹചര്യത്തിൽ ആവശ്യാനുസരണമുള്ള മുറി സൗകര്യമോ കുടികൾക്കു് പണസൗകര്യമോ ഇല്ലായ്മയും ഉണ്ടാകുന്നു.

4 ഭൂമിയില്ലാത്തതുമൂലം വീടില്ലാത്തവർ ഉണ്ടു്

5 ധനസഹായം അപര്യാപ്തമാണു്. വിവിധ ഭവനനിർമ്മാണ പദ്ധതികളിലൂടെ അനുവദിക്കുന്ന തുക കൊണ്ടു് വീടുപണിയാൻ സാധിക്കുന്നില്ല.

6 കൈവശഭൂമിക്കു് പട്ടയം ലഭിക്കുന്നില്ല.

സാദ്ധ്യതകൾ

1 ഭവന നിർമ്മാണ സംഘം രൂപീകരിക്കണം.

2 മിനി ഹൗസിംഗ് കോംപ്ലക്സുകൾ അഞ്ചോ ആറോ കുടുംബങ്ങൾ അടങ്ങുന്ന ചെറിയ കോളനികൾ

3 ലക്ഷംവീടുകളുടെ ശോച്യാവസ്ഥ പരിഹരിക്കണം.

4 ദുർബലവിഭാഗത്തിൽപ്പെട്ട സ്വന്തമായി വീടുപണിയുന്ന വർക്ക് ധനസഹായം ചെയ്യണം

5 ഭവനനിർമ്മാണത്തിന് പഞ്ചായത്തുതലത്തിൽ ഒരു സമിതി രൂപീകരിക്കണം

6 ചിലവു കുറഞ്ഞ വീടുകളുടെ വിപുലമായ പ്രചരണം

7 തടിയുടെ വിലവർദ്ധനവും ദുർലഭ്യവും പരിഗണിച്ച് റബ്ബർ തടി ഉപയോഗപ്പെടുത്തുവാൻ ഒരു റബ്ബർതടി സംസ്കരണ യൂണിറ്റ് ആരംഭിക്കണം

8 നിർദ്ധനർക്ക് സൗജന്യ ഭവനനിർമ്മാണ ഫണ്ട് രൂപീകരിക്കണം.

9 ആഡംബര പൂർണ്ണമായ വലിയ വീടുകൾക്ക് വർദ്ധിച്ച നികുതി ഏർപ്പെടുത്തുകയും പ്രസ്തുത തുക ഭവനനിർമ്മാണ ഫണ്ടിലേയ്ക്ക് മാറ്റുകയും ചെയ്യണം.

പഞ്ചായത്തിലെ ലക്ഷംവീട് കോളനികൾ

പട്ടിക

കോളനി	കുടുംബങ്ങളുടെ എണ്ണം
അന്തിനാട്	12
നെച്ചിപ്പുഴൂർ	22
വള്ളീച്ചിറ	17
വലവൂർ തുരുത്തേൽ	20
കടക്കച്ചിറ	20

സാമൂഹ്യക്ഷേമം

ഒരു സർക്കാരിന്റെ കീഴിലുള്ള എല്ലാ വകുപ്പുകൾക്കും സ്ഥാപനങ്ങൾക്കും സാമൂഹ്യക്ഷേമം കൈവരിക്കുന്നതിൽ അതിനേറ്റതായ പങ്കു വഹിക്കുവാനുണ്ട്. ഈ രംഗത്ത് ജനങ്ങളോട് നേരിട്ട് ബന്ധപ്പെടുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പങ്ക് വളരെ വലുതാണ്. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരേയും, സാമൂഹ്യമായി പിന്നോക്കാവസ്ഥയിലുള്ളവരേയും സഹായിക്കുന്നതിനായി കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ വിവിധ പദ്ധതികളും നിലവിലുണ്ട്. പക്ഷേ ഇവയിൽ പലതും ഉദ്ദേശിക്കുന്ന ഫലം നൽകുന്നില്ല. ഗുണഭോക്താക്കളുടെ അറിവില്ലായ്മയും നിയമത്തിന്റെ നൂലാമാലകളും ഇത്തരം പദ്ധതികളുടെ ഉദ്ദേശ്യലക്ഷ്യങ്ങളും തന്നെ തകർക്കുന്നു.

നിലവിലുള്ള പദ്ധതികൾ

1 വിധവാപെൻഷൻ

2 കർഷകതൊഴിലാളി പെൻഷൻ

3 വാർദ്ധക്യകാല പെൻഷൻ

4 വികലാംഗ സഹായ പദ്ധതി

5 വിധവകളുടെ പെൺമക്കളുടെ വിവാഹത്തിനുള്ള ധനസഹായം

സഹായപദ്ധതികളെക്കുറിച്ചുള്ള അറിവില്ലായ്മ അർഹരായ പലർക്കും ഇതു് ലഭിക്കുന്നതിൽ തടസ്സം നിൽക്കുന്നു. ഉദ്യോഗസ്ഥതലത്തിലുള്ള പ്രതികരണം ഒട്ടും പ്രോത്സാഹജനകമല്ല സഹായ പദ്ധതികൾക്ക് നിർദ്ദേശിക്കപ്പെട്ടിരിക്കുന്ന മാനദണ്ഡങ്ങളും നിയമവ്യവസ്ഥകളും ലഘൂകരിക്കേണ്ടതാവശ്യമാണ്.

തൊഴിൽദാന പദ്ധതികൾ

IRDP

IRDP സർവ്വേപ്രകാരം നമ്മുടെ പഞ്ചായത്തിൽ 1785 കുടുംബങ്ങൾ ദാരിദ്ര്യരേഖയ്ക്ക് താഴെയുണ്ടെന്നുകണ്ടെത്തിയിട്ടുണ്ട്. ഇതിൽ 17 പട്ടികജാതി/പട്ടികവർഗ്ഗ കുടുംബങ്ങളാണ്.

DWCRA

സ്ത്രീകളുടെ ഉന്നമനത്തിനായി പത്തോ അതിലധികമോ സ്ത്രീകളുടെ തൊഴിൽ സംരംഭമാണ് DWCRA. ഈ പദ്ധതി പ്രയോജനപ്പെടുത്തുവാൻ സ്ത്രീ സംരംഭകർ തീരെ കുറവ് മുന്നോട്ടു വരുന്നുള്ളു. ഇതു് പരമാവധി പ്രയോജനപ്പെടുത്തുവാൻകഴിയണം

IRDP സർവ്വേപ്രകാരം ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരുടെ വിവരം

ആകെ കുടുംബങ്ങളം	SC/ST കുടുംബങ്ങളം	സാമ്പത്തിക സഹായം ലഭിച്ച കുടുംബങ്ങളം	SC/ST കുടുംബങ്ങളം	സഹായം ലഭിച്ചതുമൂലം ദാരിദ്ര്യ രേഖയ്ക്ക് മുകളിലെത്തിയ കുടുംബങ്ങളം	ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർ (സഹായം ലഭിച്ചവർ ഉൾപ്പെടെ)
1785	17	146	28	120	665

ടൈസം തൊഴിൽ പരിശീലന പദ്ധതി

18-35 വയസ്സിനിടയ്ക്കുള്ള യുവതീയുവാക്കൾക്ക് സ്വയംതൊഴിൽ പരിശീലനം നൽകുന്ന പരിപാടിയാണ് ടൈസം.

പരിശീലനം നൽകിയ വിഷയം	പരിശീലനം ലഭിച്ചവരുടെ എണ്ണം	സ്വയംതൊഴിൽ കണ്ടെത്തിയവരുടെ എണ്ണം	ഇതരതൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവർ	അവശേഷിക്കുന്നവർ
എംബ്രോയിഡറി-റേഡിയോ-ടി. വി. മെക്കാനിസം	56	18	26	12

പ്രായപൂർത്തിയായ ആൺമക്കളുള്ളവർക്ക് വിധവാ പെൻഷൻ നൽകില്ല എന്ന നിയമത്തിൽ മാറ്റം വരുത്തി വരുമാനത്തിന്റെ അടിസ്ഥാനത്തിൽ പെൻഷൻ നൽകണം.

കർഷകത്തൊഴിലാളി പെൻഷന് അർഹരായവർക്കെല്ലാം ലഭിക്കുന്നില്ല. അർഹരെ കണ്ടെത്തുന്നത് ഗ്രാമപഞ്ചായത്തായിരിക്കണം.

തൊഴിലില്ലായ്മാവേതനം ലഭിക്കുന്നവരുടെ എണ്ണം ലഭിച്ചിട്ടില്ല.

അംഗൻവാടികൾ

നമ്മുടെ പഞ്ചായത്തിൽ 20 അംഗൻവാടികളം പ്രവർത്തിക്കുന്നു. മിക്ക അംഗൻവാടികളിലും പ്രാഥമിക സൗകര്യങ്ങളം കുറവാണ്. ഇത് ഇവയുടെ പ്രവർത്തനങ്ങളെ സാരമായി ബാധിക്കുന്നുണ്ട്. സ്വന്തമായി സ്ഥലവും കെട്ടിടവുമില്ലാത്ത അംഗൻവാടികളുണ്ട്. ഉള്ളവയിൽ കെട്ടിടത്തിന്റെ അറ്റകുറ്റപണി നടക്കാത്തതും പ്രശ്നങ്ങളായി അവശേഷിക്കുന്നു. അംഗൻവാടികളിൽ കളിപ്പാട്ടങ്ങളില്ലാത്തതും ദയനീയമായ അവസ്ഥയാണ്. ഭാവി തലമുറയെ വാർത്തെടുക്കേണ്ട ഈ സ്ഥാപനങ്ങളുടെ ശോച്യാവസ്ഥ അടിയന്തിര പ്രാധാന്യത്തോടെ പരിഹരിക്കേണ്ടതായുണ്ട്. അംഗൻവാടി ജീവനക്കാർക്ക് ചെയ്യുന്ന ജോലിക്കനുസൃതമായ ശമ്പളം ലഭിക്കുന്നില്ല. ഈ അവസ്ഥയ്ക്ക് പരിഹാരം കാണേണ്ടിയിരിക്കുന്നു.

നിർദ്ദേശങ്ങൾ

1 സ്വന്തമായി സ്ഥലവും കെട്ടിടവും ഇല്ലാത്ത അംഗൻവാടികൾക്ക് അവ ഉണ്ടാക്കുന്നതിനുള്ള പദ്ധതികളം ഉണ്ടാവണം.
2 അറ്റകുറ്റപ്പണികൾക്ക് വാർഷികഗ്രാന്റ് നല്കാൻ പദ്ധതി വേണം
3 അംഗൻവാടികളിൽ കളിപ്പാട്ടങ്ങളം വാങ്ങുന്നതിനു വേണ്ട സംവിധാനം ഉണ്ടാവണം
4 അംഗൻവാടികളിൽ ദക്ഷത കൂടിയ അടുപ്പുകളം സ്ഥാപിക്കണം.
5 അംഗൻവാടി ജീവനക്കാരെ സർക്കാർ ജീവനക്കാരായി അംഗീകരിക്കുകയും വേതനം ഉയർത്തുകയും വേണം

പൊതുവിതരണം

നമ്മുടെ പഞ്ചായത്തിൽ 15 റേഷൻകടകളിൽനിന്നാണ് ജനങ്ങളം റേഷൻ വാങ്ങുന്നത്. പഞ്ചായത്തിൽ വലവൂരിൽ ഒരു മാവേലിസ്റ്റോർ പ്രവർത്തിക്കുന്നുണ്ട്. സഹകരണബാങ്കുകളം

ഓണച്ചന്തകളും നടത്താറുണ്ട്. ഇവ ഓണക്കാലത്ത് അവശ്യ സാധനങ്ങളും മിതമായ വിലയ്ക്ക് ജനങ്ങൾക്ക് ലഭിക്കാൻ സഹായകരമായി. ഉപഭോക്തൃ സഹകരണസ്റ്റോർ പ്രവർത്തിക്കുന്നില്ല.

റേഷൻകട (പൊതുവിതരണകേന്ദ്രം)

റേഷൻ കടകളുടെ പ്രവർത്തനം പൊതുവെതൃപ്തികരമാണ്. പുതിയ റേഷൻകാർഡുകളും അനുവദിക്കുന്നതിലുള്ള കാലതാമസം ഒഴിവാക്കേണ്ടതാണ്.

ഉപഭോക്തൃമേഖല കാര്യക്ഷമമായി പ്രവർത്തിപ്പിക്കാനും ജനങ്ങൾക്ക് പ്രയോജനപ്രദമാക്കാനും പഞ്ചായത്തുതലത്തിൽ ഉപഭോക്തൃസംരക്ഷണസമിതി രൂപീകരിക്കണം.

വിവിധ പെൻഷനുകളും, ധനസഹായം സംബന്ധിച്ച വിവരങ്ങളും

പട്ടിക

വില്ലേജ്	അഗതി പെൻഷൻ	വിധവാ പെൻഷൻ	വികലാംഗ പെൻഷൻ	വാർദ്ധക്യ പെൻഷൻ	അവശകലാകാര സാഹിത്യ പെൻഷൻ	അവശകായികതാര പെൻഷൻ	ക്ഷയരോഗി പെൻഷൻ	കുഷ്ഠരോഗി പെൻഷൻ	ക്യാൻസർ രോഗി പെൻഷൻ	കർഷകതൊഴിലാളി പെൻഷൻ	തൊഴിലില്ലായ്മ വേതനം
വള്ളീച്ചിറ											
1991—92		36	38	9			2		2	107	123
1992—93		1	2				3			105	121
1993—94		1	1	1			2			99	119
1994—95		1					1		1	82	113
1995—96	1		2				2			77	110
ളാലം											
1991—92		4	48	1			4			87	128
1992—93		7	7	3			2			85	126
1993—94				1			1			84	124
1994—95			2	2			2			71	121
1995—96		4	3	3			1			68	119

"കടിലോരോന്നിനു മോരോ നല്ലൊരു
കള്ളസാണിന്നാദ്യം വേണ്ടതു"
നമ്മുടെ നയപരിപാടി തെറ്റു തിരുത്താൻ
ഇനിയും വൈകരുതേ"

സംസ്ക്കാരം

കലാ-സാംസ്ക്കാരിക പ്രവർത്തനങ്ങളിൽ ഉന്നതമായ ഒരു പാരമ്പര്യമാണ് നമ്മുടെ പഞ്ചായത്തിനുള്ളത്. വിവിധ പ്രദേശങ്ങളിൽ രൂപംകൊണ്ട കലാസമിതികളുടെ ബാഹുല്യവും പ്രവർത്തനനിരതത്വവും നമ്മുടെ സാംസ്ക്കാരിക ചരിത്രം വിളിച്ചോതുന്നു. നിരവധി കലാരൂപങ്ങൾ കൊണ്ട് സമ്പന്നമായിരുന്ന നമ്മുടെ ഗ്രാമങ്ങൾ. പരിചമുട്ടുകളി, തലയാട്ടംകളി, കുതിരകെട്ട്, തിരുവാതിരകളി തുടങ്ങിയവയെല്ലാം ചില ജനവിഭാഗങ്ങളിൽ വേരുറപ്പിച്ചുനിന്നിരുന്നു.

ഹിന്ദുക്രിസ്ത്യൻ കുടുംബങ്ങൾ ഇടകലർന്ന ജീവിക്കുന്ന നമ്മുടെ പഞ്ചായത്ത് സാമുദായിക സൗഹാർദ്ദത്തിനൊരു മാതൃകയാണ്. ഈ പഞ്ചായത്തിലെ എല്ലാ വാർഡുകളിലും പള്ളികളും ക്ഷേത്രങ്ങളുമുണ്ട്. ഇവിടത്തെ ക്ഷേത്രങ്ങളും പള്ളികളും ഇന്നാട്ടുകാരുടെ ഐക്യത്തിനും ക്ഷേമത്തിനും വേണ്ട മാർഗ്ഗദീപങ്ങളായി വർത്തിക്കുന്നു. നാട്ടുപ്രമാണിമാർ തമ്മിലുള്ള വഴക്കുമൂലം നശിച്ച കൊല്ലിച്ചിറ ക്ഷേത്രവും ക്ഷയോന്മുഖമായ കുളങ്ങരക്കാവ് ക്ഷേത്രവും ഈ പ്രദേശത്തെ പ്രമുഖമായ ആരാധനാലയങ്ങളായിരുന്നു. മിക്ക ക്ഷേത്രങ്ങളിലും തനതായ ചില അനുഷ്ഠാനകലകളും ആചാരക്രമങ്ങളും നിലവിലുണ്ട് എങ്കിലും വെളിച്ചപ്പാടുകൾ അന്യംനിന്നുവരികയാണ്. പോണാട് ക്ഷേത്രത്തിൽ ഉത്സവത്തോടനുബന്ധിച്ചു നടക്കുന്ന പടയണി, നെച്ചിപ്പുഴൂർ, ഇളപൊഴുത് പതിയിലെ തുള്ളൽ ഇവയൊക്കെ എടുത്തുപറയാവുന്നവയാണ്. മുടിയേറ്റ് തുടങ്ങിയ കലാരൂപങ്ങൾ അപ്രത്യക്ഷമായിട്ടുണ്ടെങ്കിലും കളമെഴുത്തുപാട്ടും മറ്റും ഇപ്പോഴും നിലനിൽക്കുന്നു. ചെണ്ടമേളം ബാൻഡുവാദ്യം തുടങ്ങിയ കലാരൂപങ്ങൾ വാദ്യവൈദഗ്ധ്യം വിളിച്ചോതുന്നു.

ക്ഷേത്രങ്ങളോടനുബന്ധിച്ച് കേരളത്തിലെ പ്രമുഖ കഥകളി കലാകാരന്മാർ ആഴ്ചകളോളം താമസിച്ച് കഥകളി അവതരിപ്പിച്ചു വന്നിരുന്നു. പള്ളി തിരുനാളുകളോടനുബന്ധിച്ച് ജനോവനാടകം, ഉർശിന നാടകം, ചവിട്ടുനാടകം ഇവയൊക്കെ നടത്തിയിരുന്നു. ബൈബിൾ കഥകൾ തമിഴ് ഗാനരൂപത്തിൽ പാടി അഭിനയിക്കുന്ന കായിക പ്രധാനമായ കലാരൂപങ്ങളാണ് ജനോവാ നാടകം, ഉർശിന നാടകം,, ചവിട്ടു നാടകം എന്നിവ. ധനുമാസത്തിലെ തിരുവാതിര നാളിൽ പെൺകുട്ടികൾ ഏതെങ്കിലുമൊരു വീട്ടിൽ ഒത്തുകൂടി നടത്തുന്ന പാതിരാപ്പൂചൂടൽ, തിരുവാതിരകളി, കൊയ്ത്തിനുശേഷം കർഷകത്തൊഴിലാളികൾ കുതിരുകൾ കുതിരയുടെ രൂപത്തിൽ കെട്ടി ഉടുക്കിന്റേയും ചെണ്ടയുടേയും താളത്തിൽ ആടി ക്ഷേത്രത്തിൽ സമർപ്പിക്കുന്ന കുതിരകളി, പരിചമുട്ടുകളി, തലയാട്ടംകളി ഓണത്തോടനുബന്ധിച്ചു നടന്നിരുന്ന വിവിധ കലാരൂപങ്ങൾ ഇവയൊക്കെ ഈ പ്രദേശത്തെ സാംസ്കാരിക രംഗത്തെ സജീവമാക്കി നിർത്തിയിരുന്നു.

സാഹിത്യരചനകളായ അക്ഷരശ്ലോകം. കാവ്യകേളി തുടങ്ങിയവ ഇവിടെ നിലനിന്നിരുന്നു. എന്നാൽ അടുത്ത കാലത്ത് ഇടനാട് കേന്ദ്രമാക്കി ശ്രീ കെ. എൻ വിശ്വനാഥൻ നായരുടെ നേതൃത്വത്തിൽ ഉദയംകൊണ്ട കൈരളി ശ്ലോകരംഗം കേരളമെങ്ങും പ്രസിദ്ധമായി കഴിഞ്ഞു. പ്രതിഫലേച്ഛ കൂടാതെ ഈ കലാരൂപങ്ങൾ അഭ്യസിപ്പിക്കുന്ന ഈ കലാസമിതിയിൽ പരിശീലനം നേടിയ കുട്ടികൾ സംസ്ഥാന തലത്തിൽ അംഗീകരിക്കപ്പെടുന്നതും കവിതകളെഴുതി ശ്രദ്ധേയരാവുന്നതും നമുക്ക് അഭിമാനകരമാണ്.

സാംസ്കാരിക വളർച്ചയ്ക്ക് ഈ പഞ്ചായത്തിലെ ഗ്രന്ഥശാലകളുടെ സംഭാവന വളരെ വലുതാണ് സ്വാതന്ത്ര്യാനന്തര നാളുകളിൽ പുരോഗമന പ്രസ്ഥാനങ്ങളുടേയും നിസ്വാർത്ഥമതികളായ ആളുകളുടേയും നേതൃത്വത്തിൽ വായനാശാലാ പ്രസ്ഥാനം സജീവമായി. ഇന്ന് പഞ്ചായത്തിലെ എല്ലാ പ്രദേശത്തും വായനശാലകൾ പ്രവർത്തിക്കുന്നുണ്ട്.

അതാതു പ്രദേശത്തെ ജനങ്ങളുടെ അശ്രാന്ത പരിശ്രമഫലമായി സ്വന്തം കെട്ടിടവും ധാരാളം നല്ല പുസ്തകങ്ങളും ഇഷ്ടംപോലെ വായനക്കാരും നല്ല ജനപങ്കാളിത്തത്തോടും ആർഭാടത്തോടും കൂടി നടന്നിരുന്ന വാർഷികാഘോഷങ്ങളും സ്വാതന്ത്ര്യദിനത്തിനും ഓണ

ത്തിനും നടന്നിരുന്ന കലാകായിക മത്സരങ്ങളും ഉണ്ടായിരുന്ന ഇവിടത്തെ വായനശാലകളും ഇന്ന് ഓർമകളും മാത്രമായി. ഇന്നാട്ടിലെ ജനങ്ങളുടെ സാംസ്കാരിക പ്രവർത്തനങ്ങളുടെ നെടുംതൂണുകളായിരുന്ന വായനശാലകളുടെ ഇന്നത്തെ പ്രവർത്തനം വളരെ ശോചനീയമാണ്. ദിവസേന 30,40 പുസ്തകങ്ങളും വിതരണം ചെയ്തിരുന്ന സ്ഥാനത്ത് അത് 4—5 ആയി കുറഞ്ഞിരിക്കുന്നു. കുട്ടികളും, സ്ത്രീകളും എന്നിവരുടെയിടയിൽ വായനശാലകളുടെ സ്ഥാനം ഭദ്രമാണ്. ടി വി സ്ഥാപിച്ചിട്ടുള്ള വായനശാലകളിലെ തിരക്ക് ടി. വി. കാണുന്നതിലേക്കു മാത്രമായി ഒതുങ്ങുന്നു.

ക്ലാസിക്കൽ സംഗീതം, മൃദംഗം, ഓട്ടൻതുള്ളൽ, ക്ലാസിക്കൽ നൃത്തം എന്നിവയിൽ പ്രഗത്ഭരായ കലാകാരന്മാരും അവയിൽ പരിശീലനം നൽകുന്ന അദ്ധ്യാപക ശ്രേഷ്ഠന്മാരും നമുക്കുണ്ട്. കലാകായിക രംഗത്ത് അനേകം സമിതികളും രജിസ്റ്റർ ചെയ്തിട്ടുണ്ട്. എങ്കിലും സജീവമായി പ്രവർത്തിക്കുന്നത് വിരലിലെണ്ണാവുന്നതു മാത്രം.

ഈ പഞ്ചായത്തിലെ 20% വീടുകളിൽ ടെലിവിഷനുണ്ട് 1500ഓളം വീടുകളിൽ ദിനപ്പത്രങ്ങളും വരുത്തുന്നുണ്ട്. ടി. വി. യിലെ ജനപ്രിയ ഇനങ്ങളായ സിനിമ, ചിത്രഗീതം എന്നിവയ്ക്ക് പ്രേക്ഷകർ ധാരാളമുണ്ട്. നെച്ചിപ്പുഴൂർ, പോണാട് വായനശാലകളിലും നെല്ലാനിക്കാട്പാറ ഹരിജൻ കോളനിയിലും പൊതു ടി. വി. ഉണ്ട്. കേബിൾ ടി വി. പഞ്ചായത്തിലില്ല. സിനിമാ കാണാൻ അടുത്തപഞ്ചായത്തുകളിലോ മുനിസിപ്പാലിറ്റികളിലോ പോകേണ്ടതുണ്ട്.

ശാസ്ത്രം സാമൂഹ്യനന്മയ്ക്ക് എന്ന സന്ദേശം സാധാരണ ജനങ്ങളിലേക്കെത്തിക്കുവാൻ പ്രവർത്തിക്കുന്ന കേരള ശാസ്ത്രസാഹിത്യപരിഷത്തിന്റെ പ്രവർത്തനം പഞ്ചായത്തിൽ സജീവമാണ്. നാടൻ കലാരൂപങ്ങളും, കലാജാഥകളും, ശാസ്ത്രപുസ്തകങ്ങളുടെ പ്രചാരണം, ചിലവ് കുറഞ്ഞ അടുപ്പ് നിർമ്മാണം തുടങ്ങിയ പ്രവർത്തനങ്ങളിലൂടെ ശാസ്ത്രസത്യങ്ങളും ജനമനസ്സുകളിലേയ്ക്ക് ആഴത്തിലെത്തിച്ചുകൊണ്ട് ഈ പ്രദേശത്തിന്റെ സാമൂഹ്യ-സാംസ്കാരിക മണ്ഡലങ്ങളിൽ ഊർജ്ജസ്വലമായി ശാസ്ത്രസാഹിത്യ പരിഷത്ത് പ്രവർത്തിക്കുന്നു.

കായിക രംഗത്തു് വളരെ സാധ്യതകളുള്ള ഒരു പഞ്ചായത്താണെങ്കിലും ഇക്കാര്യത്തിൽ സ്ഥിതി വളരെ പിന്നോക്കമാണ്. സ്കൂളുകളോടനുബന്ധിച്ച് കളിസ്ഥലങ്ങളുണ്ടെങ്കിലും അവയൊന്നും ഫലപ്രദമായി ഉപയോഗപ്പെടുത്തുവാൻ കഴിഞ്ഞിട്ടില്ല. നാടൻ പന്തുകളി, കബഡി തുടങ്ങിയവയ്ക്ക് പണ്ടുണ്ടായിരുന്ന താൽപര്യം ഇന്നില്ല. വോളീബോൾ പരിശീലനം, പഞ്ചായത്തിലെ പല ഭാഗങ്ങളിൽ നടക്കുന്നുണ്ടെങ്കിലും അവയെ വേണ്ടവിധം ഏകോപിപ്പിക്കുവാനും നല്ല രീതിയിൻ മത്സരങ്ങളും സംഘടിപ്പിക്കുവാനും കഴിയുന്നില്ല. സംസ്ഥാനാടിസ്ഥാനത്തിൽ നടന്ന വടംവലി മൽസരങ്ങളിൽ സമ്മാനംനേടിയ ഒരു ടീം വലവൂരിൽ ഉണ്ടായിരുന്നു.

വായനാശീലവും കലാസാംസ്കാരിക പ്രവർത്തനങ്ങളും ഒരു വശത്തേയ്ക്ക് മാറ്റിവച്ച് സാമ്പത്തിക ഉന്നമനം മാത്രം ലക്ഷ്യം വെയ്ക്കുന്ന ഒരു ജീവിത രീതി ഒരുവലിയ വിഭാഗമാളുകളിൽ വേരോടിയിട്ടുണ്ട്

നിർദ്ദേശങ്ങൾ

1 കെട്ടിടസൗകര്യങ്ങളില്ലാത്ത ഗ്രന്ഥശാലകൾക്ക് കെട്ടിടസൗകര്യമുണ്ടാക്കണം.

2 എല്ലാ വായനശാലകൾക്കും വേണ്ട വികസനത്തിന് ആവശ്യമായ നടപടികൾ കൈക്കൊള്ളണം.

a) പുസ്തകങ്ങൾ, ആനുകാലികങ്ങൾ, പത്രങ്ങൾ തുങ്ങിയവ ലഭ്യമാക്കണം

b) സ്ഥിരം ലൈബ്രേറിയന്മാരെ നിയമിച്ച് പുസ്തകങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളണം.

c) റേഡിയോ സെറ്റുകളും ടെലിവിഷൻ സെറ്റുകളും എല്ലാ വായനശാലകൾക്കും നൽകണം.

d) ആവശ്യമായ ഫർണിച്ചറുകൾ ലഭ്യമാക്കണം.

e) പഞ്ചായത്തിൽ നിന്ന് ഗ്രന്ഥശാലകൾക്ക് സമയത്തുതന്നെ ഗ്രാന്റുനൽകുകയും പ്രസ്തുത ഗ്രാന്റിന്റെ വിനിയോഗം ഫലപ്രദമാണെന്ന് ഉറപ്പുവരുത്തുകയും ചെയ്യണം.

f) പഞ്ചായത്തിലെ വായനശാലകൾക്ക് പൊതു നിയമാവലി നിർദ്ദേശിക്കുകയും അതുകർശനമായി പ്രാവർത്തികമാക്കുകയും വേണം.

g) ഓരോ വായനശാലയ്ക്കും റീഡിംഗ്റൂം ഉണ്ടായിരിക്കണം.

h) വായനശാലാ കെട്ടിടങ്ങൾ വൈദ്യുതീകരിക്കണം.

3 വായനശാലകൾ ഇല്ലാത്ത വാർഡുകളിൽ പഞ്ചായത്ത് മുൻകയ്യെടുത്ത് പുതിയ വായനശാലകൾ തുറക്കണം.

4 പ്രവർത്തനനിരതത്വമുള്ള ആർട്ട്സ് ആൻറ് സ്പോർട്ട്സ് ക്ലബ്ബുകൾക്ക് പഞ്ചായത്തിൽനിന്നും ധനസഹായം നൽകുകയും, പ്രസ്തുത ക്ലബ്ബുകളുടെ പ്രവർത്തനം കൂടെക്കൂടെ പരിശോധനക്കു വിധേയമാക്കുകയും വേണം.

5 ക്ലബ്ബുകളുടെ നേതൃത്വത്തിൽ നടക്കുന്ന സാമൂഹ്യ ക്ഷേമ പ്രവർത്തനങ്ങൾക്കു വേണ്ട പ്രോത്സാഹനം നൽകണം.

6 ക്ലബ്ബുകളില്ലാത്ത വാർഡുകളിൽ പുതിയ ക്ലബ്ബുകൾ രൂപീകരിക്കുന്നതിന് പഞ്ചായത്ത് നേതൃത്വം നൽകണം.

7 ഓരോ വാർഡിലും ഓരോ പൊതുകളിസ്ഥലം ഉണ്ടാവണം.

8 ഓരോ വാർഡിനും ഓരോ സാംസ്ക്കാരിക കേന്ദ്രം തുറക്കണം.

9 പഞ്ചായത്തിൽ പ്രവർത്തിച്ചുവരുന്ന കലാപരിശീലനകേന്ദ്രങ്ങൾ/കളരികൾക്ക് ആകർഷകമായ പ്രോത്സാഹനവും നൽകണം.

10 പഞ്ചായത്തിൽ നിലനിൽക്കുന്ന പ്രാചീന കലാരൂപങ്ങൾ വേരറ്റുപോകാതെ സംരക്ഷിക്കുകയും അവയുടെ ദൃശ്യ-ശ്രാവ്യ രൂപങ്ങൾ കാസറ്റുകളിലാക്കുകയും ചെയ്യണം.

11 പണി പൂർത്തിയാകാത്ത വലവൂർ പഞ്ചായത്ത് കോംപ്ലക്സ് കെട്ടിടത്തിൻെറ പണികൾ പൂർത്തിയാക്കി വായനശാലയ്ക്ക് പ്രവർത്തിക്കുവാൻ വേണ്ട സൗകര്യങ്ങൾ ഉടൻ ചെയ്തു കൊടുക്കണം.

12 പ്രകൃതിഭംഗി നിറഞ്ഞതും ഭൂമിശാസ്ത്രപരമായി പ്രാധാന്യമുള്ളതും ഐതിഹ്യങ്ങൾ ഉറങ്ങുന്നതുമായ കുവയ്ക്കൽ ക്ഷേത്രപരിസരങ്ങൾ സെൻറ് തോമസ് മൗണ്ടും തീർത്ഥാടനകേന്ദ്രം/ടൂറിസ്റ്റു കേന്ദ്രമാക്കി മാറ്റാൻ നടപടികൾ സ്വീകരിക്കണം.

13 പഞ്ചായത്തിൽ അധിവസിക്കുന്ന അവശകലാകാരന്മാരെ സഹായിക്കുവാൻ നടപടികളെടുക്കണം.

14 വാർഡുതല ഗ്രാമോത്സവം, പഞ്ചായത്തുതല ഗ്രാമോൽസവം എന്നിവ വർഷംതോറും നടത്തണം.

15 വാർഡുതല ഗ്രാമോൽസവത്തിലും പഞ്ചായത്തുതല ഗ്രാമോൽസവത്തിലും നമ്മുടെ പഞ്ചായത്തിൽ നിലനിൽക്കുന്ന എല്ലാ കലാരൂപങ്ങളേയും ഉൾപ്പെടുത്തണം. (ബ്ലോക്കു തലത്തിലേയ്ക്ക് ഉൾപ്പെടുത്തിയിട്ടില്ലാത്തതാണെങ്കിൽ പോലും.)

16 ഇതര കലോത്സവങ്ങളിൽ ജില്ലാതല/സംസ്ഥാനതലത്തിൽ നേട്ടങ്ങളുണ്ടാക്കുന്നവരെ ആദരിക്കുകയും പ്രോൽസാഹിപ്പിക്കുകയും ചെയ്യണം.

17 ഗ്രാമോൽസവങ്ങളിൽ കലാകായിക മൽസരങ്ങളോടൊപ്പം സാഹിത്യമൽസരങ്ങളും ഏർപ്പെടുത്തണം.

"ഭാരതാംബ നമ്മളെ
ഗ്രാമജീവിതങ്ങളെ
ഭാവിഭദ്രമാക്കുവാൻ
വിളിക്കയാണ് കൂട്ടരേ."

വനിതാക്ഷേമം

കേരളത്തിലെ സ്ത്രീ സമൂഹത്തിന്റെ പൊതുവായ പിന്നോക്കാവസ്ഥയിൽ നിന്നും വ്യത്യസ്തമായിരുന്നില്ലനമ്മുടെ പഞ്ചായത്തിലെ സ്ഥിതിയും. സാമൂഹ്യ പ്രവർത്തനങ്ങളിലൊന്നും പങ്കെടുക്കാതെ അടുക്കളയിൽ മാത്രം ഒതുങ്ങിക്കൂടിയിരുന്ന ഒരു പാരമ്പര്യമാണ് ഇവിടെയുള്ളത്.

പഞ്ചായത്തിലെ ആകെ ജനസംഖ്യയായ 20,767 പേരിൽ 10,295 സ്ത്രീകളാണുള്ളത്. പുരുഷന്മാരേക്കാൾ 117 പേർ കുറവ്. ഗൃഹജോലികളോടൊപ്പം കാർഷികമേഖലയിലും പുരുഷനോടൊപ്പം കഠിനാധ്വാനം ചെയ്തിരുന്ന നമ്മുടെ സ്ത്രീകൾ. ഭൂരിപക്ഷം കാർഷിക കുടുംബങ്ങളുടേയും സാമ്പത്തികനില ഭദ്രമാക്കുവാൻ സ്ത്രീകൾ വലിയ പങ്കുവഹിച്ചിട്ടുണ്ട്. എന്നാൽ വിദ്യാഭ്യാസ രംഗത്ത് സ്ത്രീകൾ പിന്നോക്കാവസ്ഥയിലായിരുന്നു.

ഇന്ന് വിദ്യാഭ്യാസരംഗത്ത് സ്ത്രീകൾ പുരുഷന്മാരോടൊപ്പം എത്തിയിട്ടുണ്ടെങ്കിലും തൊഴിലധിഷ്ഠിത വിദ്യാഭ്യാസ രംഗത്ത് സ്ത്രീകൾ കുറവാണ്. അദ്ധ്യാപനരംഗത്ത് പുരുഷന്മാരേക്കാൾ സ്ത്രീകൾ കൂടുതലെങ്കിലും മറുതൊഴിൽ മേഖലകളിൽ സ്ത്രീപങ്കാളിത്തം വളരെക്കുറവാണ്. തൊഴിൽമേഖലകളിൽ സ്ത്രീകൾ ക്രൂരമായഅവഗണന നേരിടുന്നു. കാർഷിക രംഗത്ത് പണിയെടുത്തിരുന്ന സ്ത്രീതൊഴിലാളികളിൽ ഭൂരിഭാഗവും ഇപ്പോൾ നിർമ്മാണ പ്രവർത്തനങ്ങൾ പോലുള്ള മറുതൊഴിൽ മേഖലകളിലേയ്ക്ക് മാറിയിട്ടുണ്ട്. കാർഷിക നിർമ്മാണ മേഖലകളിൽ സ്ത്രീ-പുരുഷ തൊഴിലാളികളുടെ വേതനത്തിൽ അന്തരമുണ്ട്. സ്ത്രീകളുടെ മാത്രമായി 40 ഓളം തൊഴിൽ സംരംഭങ്ങൾ പഞ്ചായത്തിലുണ്ട്.

സ്ത്രീകൾക്കു നേരെയുള്ള അതിക്രമങ്ങൾ നമ്മുടെ പഞ്ചായത്തിൽ കുറവാണ്. എന്നാൽ മദ്യപന്മാരായ കുടുംബനാഥൻമാരാൽ പീഡിപ്പിക്കപ്പെടുന്ന ഒരു വിഭാഗമുണ്ട്. സാക്ഷരതാ പ്രസ്ഥാനത്തിന്റെ മുൻപന്തിയിൽ വളരെയധികം സ്ത്രീകൾ പ്രവർത്തിച്ചുവെങ്കിലും ഈ പങ്കാളിത്തം മറു മേഖലകളിലേയ്ക്ക് വ്യാപിപ്പിക്കുവാൻ കഴിഞ്ഞിട്ടില്ല.

പ്രശ്നങ്ങൾ

സ്ത്രീകൾക്കിടയിൽ തൊഴിലില്ലായ്മ രൂക്ഷമാണ്.

കലാ-കായിക-സാംസ്ക്കാരിക രംഗങ്ങളിൽ സ്ത്രീകൾ വളരെ പിന്നോക്കമാണ്.

സാമൂഹ്യസേവന രംഗത്ത് സ്ത്രീകൾ കടന്നുവരുന്നില്ല.

സ്വയം തൊഴിൽ സംരംഭങ്ങൾ ഒന്നും തന്നെ ആരംഭിക്കുവാൻ കഴിയുന്നില്ല.

സാമ്പത്തിക ബുദ്ധിമുട്ട് ഇത്തരം സംരംഭങ്ങൾക്ക് വിലങ്ങുതടിയായി നിൽക്കുന്നു.

സഹായ പദ്ധതികളിൽ നിന്നുള്ള പ്രയോജനം ലഭ്യമാക്കുവാൻ അറിവില്ലായ്മ തടസ്സമാകുന്നു

അംഗൻവാടി ജീവനക്കാർക്ക് ന്യായമായ ശമ്പളമില്ല.

വിദ്യാഭ്യാസ രംഗത്ത് മുന്നോക്കാവസ്ഥ ഉണ്ടെങ്കിലും അന്ധവിശ്വാസങ്ങളേയും അനാചാരങ്ങളേയും ഉപേക്ഷിക്കുവാൻ സ്ത്രീകൾക്ക് കഴിയുന്നില്ല.

വ്യാജമദ്യ വിൽപ്പന വ്യാപകമായതുമൂലം പല കുടുംബങ്ങളിലും പ്രശ്നങ്ങൾ അനുഭവപ്പെടുന്നുണ്ട്.

നിർദ്ദേശങ്ങൾ

സ്വയംതൊഴിൽ സംരംഭങ്ങൾ സ്ത്രീകൾക്കിടയിൽ ആരംഭിക്കുവാൻ ശ്രമിക്കണം.

തൊഴിൽ പരിശീലനപരിപാടികൾ വ്യാപകമായി സംഘടിപ്പിക്കുക. (ഉദാ: ടാപ്പിംഗ്)

തൊഴിൽ സംരംഭങ്ങൾ തുടങ്ങുന്നതിനുള്ള സാമ്പത്തിക സഹായം നൽകുക.

വിധവാപെൻഷൻ, കർഷകത്തൊഴിലാളി പെൻഷൻ, അഗതി പെൻഷൻ തുടങ്ങിയവ അർഹരായവർക്കെല്ലാം നൽകുക.


അംഗൻവാടി ജീവനക്കാർക്ക് മെച്ചപ്പെട്ട വേതനം നൽകണം.

കലാ-കായിക-സാംസ്കാരിക രംഗത്ത് സ്ത്രീ പങ്കാളിത്തം വർദ്ധിപ്പിക്കുവാൻ വ്യാപകമായ ബോധവൽക്കരണം നടത്തുകയും ആവശ്യമായ സഹായം ചെയ്യുകയും വേണം.

സ്ത്രീകളെ ആദരിക്കുന്നതിനും അംഗീകരിക്കുന്നതിനുമുള്ള മനോഭാവം പുരുഷന്മാരിൽ വളത്തണം.

സാമൂഹ്യരംഗത്തെ പിന്നോക്കാവസ്ഥയിൽ നിന്നും സ്ത്രീകളെ മുന്നിലെത്തിക്കുവാൻ ബോധപൂർവ്വമായ ശ്രമം ഉണ്ടായാലേ തൊഴിൽ മേഖലയിലും പൊതുജീവിതത്തിലും അർഹമായ പങ്കുവഹിക്കുവാൻ കഴിയൂ. സ്ത്രീകൾക്ക് പൊതുവേയുള്ള ആത്മവിശ്വാസമില്ലായ്മ മൂലം ജോലികൾ ഏറ്റെടുക്കാൻ വിമുഖത കാണിക്കുന്നു. പുരുഷൻമാരുടെ താൽപ്പര്യക്കുറവും ഒരു ഘടകമാണ്. പുരുഷൻമാരോടൊപ്പം അധികാരങ്ങളും അവകാശങ്ങളും തങ്ങൾക്കുമുണ്ടെന്ന തിരിച്ചറിവ് സ്ത്രീകൾ നേടേണ്ടിയിരിക്കുന്നു. എല്ലാ മേഖലകളിലും പുരുഷനോടൊപ്പം നിൽക്കാൻ കഴിയുമെന്നുള്ള ആത്മവിശ്വാസം സ്ത്രീകൾക്കുവേണം.

അവകാശങ്ങൾ തിരിച്ചറിയുകയും അതു് നേടിയെടുക്കാനുള്ള സമരപരിപാടികൾ സംഘടിപ്പിക്കുകയും ചെയ്യുകൊണ്ടാണ് ഏതു രംഗത്തും ജനവിഭാഗങ്ങൾ നേട്ടമുണ്ടാക്കിയിട്ടുള്ളതു്. ഈ മാർഗ്ഗം തന്നെയാണ് തങ്ങളുടെ വിമോചനത്തിനുള്ള പാത എന്നു് സ്ത്രീകൾ തിരിച്ചറിയേണ്ടതുണ്ട്.



"നമ്മളാണ് ഭരണവും
നമ്മളാണ് പ്രജകളും
നമ്മളാണ നമ്മളുടെ
നന്മതിന്മ തീർപ്പതും."

സഹകരണം

''ഓരോരുത്തരും എല്ലാവർക്കും, എല്ലാവരും ഓരോരുത്തർക്കും'' എന്ന സഹകരണ തത്വത്തിന്റെ അടിസ്ഥാനത്തിലും, ഇൻഡ്യൻ കർഷകർ കടത്തിൽ ജനിക്കുന്നു, കടത്തിൽ ജീവിക്കുന്നു, കടത്തിൽ മരിക്കുന്നു'' എന്ന ചൊല്ലിൽ നിന്നും ഭാരതത്തിലെ കർഷക സമൂഹത്തെ രക്ഷിക്കുന്നതിനായി 1904-ലെ സഹകരണ സംഘ നിയമത്തിന്റെ അടിസ്ഥാനത്തിൽ രൂപീകൃതമായ കാർഷിക വായ്പാ സഹകരണ സംഘങ്ങളുടെ ആവിർഭാവത്തോടെയാണ് ഭാരതത്തിൽ സഹകരണപ്രസ്ഥാനത്തിന് തുടക്കം കുറിക്കുന്നത്

കേരളത്തിന്റെ സമ്പദ്ഘടനയിൽ സഹകരണ പ്രസ്ഥാനങ്ങൾക്ക് വളരെ പ്രധാനമായ ഒരു പങ്കാണുള്ളത്. ജനാധിപത്യത്തിലൂടെ പടുത്തുയർത്തിയിരിക്കുന്ന സഹകരണ പ്രസ്ഥാനങ്ങൾ നമ്മുടെ നാടിന്റെ സാമ്പത്തിക മേഖലയുടെ അടിത്തറയാണ്. കൊമേഴ്സ്യൽ ബാങ്കുകളെപ്പോലും പിന്നിലാക്കിക്കൊണ്ട് നിക്ഷേപത്തിലും വായ്പാവിതരണത്തിലും സഹകരണ സംഘങ്ങൾ ബഹുദൂരം മുന്നിലാണ്. നമ്മുടെ നാട്ടിലുള്ള സഹകരണ പ്രസ്ഥാനങ്ങൾ സാധാരണക്കാരുടെ സാമ്പത്തിക മേഖലയിലെ അത്താണിയായി മാറിക്കഴിഞ്ഞിരിക്കുകയാണ്. എന്നാൽ അടുത്തകാലത്തായി സഹകരണപ്രസ്ഥാനങ്ങളുടെ പുരോഗതിയ്ക്ക, വായ്പാ കുടിശികകൾ വിഘാതമാവുന്നുണ്ട്. ഇത് മാറുവാൻ വേണ്ട പ്രവർത്തനങ്ങൾ എല്ലാ മേഖലയിലും നടത്തേണ്ടതാണ്.

കരൂർ പഞ്ചായത്തിലെ കർഷകരെ മടിശീല പലിശക്കാരിൽനിന്നും മോചിപ്പിക്കുന്നതിന് 1927-ൽ ആരംഭിച്ച ഇടനാട് പരസ്പര സഹായ സഹകരണ സംഘമാണ് ഇന്നത്തെ ഇടനാട് സർവ്വീസ് സഹകരണ ബാങ്ക്. ഇതാണ് നമ്മുടെ പഞ്ചായത്തിലെ സഹകരണ സംഘങ്ങളുടെ കാരണവർ എന്നുപറയാം.

വിവിധ മേഖലകളിലായി 32 സഹകരണ സംഘങ്ങൾ നമ്മുടെ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട് 4 സർവ്വീസ് സഹകരണബാങ്കുകൾ, ഒരു ഹരിജൻ സർവ്വീസ് സഹകരണ സംഘം, 4ക്ഷീര വ്യവസായ സഹകരണ സംഘങ്ങൾ, 8 റബ്ബർ ഉല്പാദക സഹകരണ സംഘങ്ങൾ, 12 സ്ത്രീകൾ സൊസൈറ്റികൾ, 1 അദ്ധ്യാപക സഹകരണ സംഘം 1 കൺസ്യൂമർ സഹകരണ സംഘം ഇവയാണ്.

സഹകരണ സംഘങ്ങളുടെ ഇന്നത്തെ സ്ഥിതി

കാർഷിക മേഖലയിൽ ഇടനാട്, വലവൂർ, കുടക്കച്ചിറ സഹകരണ ബാങ്കുകൾ സാമാന്യം ഭേദപ്പെട്ട നിലയിൽ പ്രവർത്തിക്കുന്നുണ്ട്. കൺസ്യൂമർ വിഭാഗത്തിൽ ആരംഭിച്ച കൺസ്യൂമർ സഹകരണ സ്റ്റോർ പ്രവർത്തനരഹിതമാണ്. സ്ത്രീ സഹകരണ സൊസൈറ്റികൾ പുസ്തകവിതരണം മാത്രം നടത്തി വരുന്നു. നമ്മുടെ പഞ്ചായത്തിൽ 4 ക്ഷീരോത്പാദക സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിലും 2 എണ്ണമേ പ്രവർത്തിക്കുന്നുള്ളൂ. 8 റബ്ബർ ഉൽപ്പാദക സംഘങ്ങളിൽ 4 എണ്ണം നല്ല നിലയിൽ പ്രവർത്തിക്കുന്നു. പഞ്ചായത്തിലെ ഏക ഹരിജൻ സഹകരണ സംഘം നെച്ചിപ്പുഴൂർ ആസ്ഥാനമായി ഭേദപ്പെട്ട പ്രവർത്തനം നടത്തുന്നുണ്ട്. ഇടനാട് പ്രൈവറ്റ് സ്ത്രീ സഹകരണ സംഘവും നല്ല രീതിയിൽ പ്രവർത്തിക്കുന്നു.

സഹകരണ മേഖലയിൽ ഈ പഞ്ചായത്തിൽ പ്രത്യക്ഷമായി 150 പേരും പരോക്ഷമായി 70 പേരും ജോലി ചെയ്തുവരുന്നു. മീനച്ചിൽ താലൂക്ക് തലത്തിൽ പ്രവർത്തിക്കുന്ന മീനച്ചിൽ ഹൗസിംഗ് സഹകരണ സംഘം, പാലാ അർബൻ കോ-ഓപ്പറേറ്റീവ് ബാങ്ക്, മീനച്ചിൽ സഹകരണ കാർഷിക-ഗ്രാമ വികസന ബാങ്ക് ഇവയുടെ പ്രവർത്തന പരിധിയിൽ ഈ പഞ്ചായത്തും ഉൾപ്പെടുന്നു.

വായ്പകൾ

4000ത്തോളം കർഷക കുടുംബങ്ങൾ ഉള്ള പഞ്ചായത്താണ് നമ്മുടേത്. ഹ്രസ്വകാല കാർഷിക വായ്പകളും കാർഷികേതര വായ്പകളുമാണ് മൂന്നു സഹകരണ ബാങ്കുകളും വിതരണം ചെയ്യുന്നത്.

ഇടനാട് സർവ്വീസ് സഹകരണ ബാങ്ക്

1927-ൽ ആരംഭിച്ചു. 6700 ഓളം അംഗങ്ങളുള്ള ഈ ബാങ്കിന്റെ പ്രവർത്തന പരിധി കരൂർ പഞ്ചായത്തിലെ 7 വാർഡുകളാണ്. 1 കോടി രൂപാ ഹ്രസ്വകാല കാർഷിക വായ്പയായി വിതരണം ചെയ്യുന്നുണ്ട്. 2.5 കോടി രൂപാ കാർഷികേതര വായ്പകളായും വിതരണം ചെയ്യുന്നു. അംഗങ്ങൾ കൃത്യ സമയത്ത് വായ്പകൾ തിരിച്ചടയ്ക്കാത്തതിനാൽ ബാങ്ക് പ്രവർത്തനങ്ങളെ അത് ബാധിച്ചിട്ടുണ്ട്. സഹകരണ തത്വങ്ങളിലൂന്നിച്ച നിന്നുകൊണ്ട് ലാഭേഛയില്ലാതെ കർഷകർക്കാവശ്യമായ വളം, ആസിഡ്, മുതലായവ വിതരണം ചെയ്യുകയും റബ്ബർ സിമിൻറ്, വ്യാപാരവും മാവേലിസ്റ്റോർ, ഓണച്ചന്ത എന്നിവയും നടത്തുന്നുണ്ട്. ബാങ്കിന് നെച്ചിപ്പുഴൂർ, വള്ളിച്ചിറ വാർഡുകളിൽ ബ്രാഞ്ചുകളുണ്ട്.

വലവൂർ സർവ്വീസ് സഹകരണ ബാങ്ക്.

1959ൽ ആരംഭിച്ച ബാങ്കിൽ 10, 700 ഓളം അംഗങ്ങളുണ്ട്. അന്ത്യാളം വായ്പാ സഹകരണ സംഘം ഈ ബാങ്കിൽ ലയിച്ചതാണ്. കരൂർ പഞ്ചാ

യത്ത് മുഴുവൻ പ്രവർത്തന പരിധിയുള്ള ബാങ്ക് 103 ലക്ഷം രൂപാ കാർഷിക വായ്പയായും 440 ലക്ഷംരൂപാ കാർഷികേതര വായ്പയായും വിതരണം ചെയ്യുന്നു. കർഷകർക്കാവശ്യമായ വളം, കീടനാശിനി, ആസിഡ് ഇവയും വിതരണം നടത്തുന്നുണ്ട്. നെച്ചിപ്പുഴൂർ, വള്ളിച്ചിറ അന്ത്യാളം, അന്തീനാട് എന്നീ ബ്രാഞ്ചുകളും ഉണ്ട്.

കുടക്കച്ചിറ സർവ്വീസ് സഹകരണ ബാങ്ക്

1928 ൽ ആരംഭിച്ച ബാങ്കിൽ 2400 അംഗങ്ങളുണ്ട് പ്രവർത്തന പരിധി കുടക്കച്ചിറ വാർഡ് മാത്രമാണ്. 15 ലക്ഷം രൂപാ കാർഷിക വായ്പയും 78ലക്ഷം രൂപ കാർഷികേതര വായ്പയായും വിതരണം ചെയ്യുന്നുണ്ട്. വളം, കീടനാശിനി, ആസിഡ് ഇവവിതരണം ചെയ്യുന്നതു കൂടാതെ റബ്ബർഷീറ്, ഒട്ടുപാൽ എന്നിവ വിപണനം ചെയ്യുന്നുമുണ്ട്

പട്ടിക

ക്രമ നമ്പർ	പേര്	പ്രവർത്തനം ആരംഭിച്ച വർഷം	പ്രവർത്തന പരിധി	അംഗങ്ങളുടെ എണ്ണം	ഓഹരി മൂലധനം	കടം (ലക്ഷത്തിൽ)	നിക്ഷേപം (ലക്ഷത്തിൽ)	വായ്പകളും		പ്രവർത്തന മൂലധനം (ലക്ഷത്തിൽ)	ലാഭമോ നഷ്ടമോ	ജീവനക്കാരുടെ എണ്ണം
								കാർഷികം	കാർഷികേതരം			
1	ഇടനാട് സർവ്വീസ് സഹകരണ ബാങ്ക് നമ്പർ. 1768	1927	ഇടനാട് വലവൂർ വള്ളിച്ചിറ നെച്ചിപ്പുഴൂർ	6780	15 ലക്ഷം	30.35	415	134	250	814	നഷ്ടം	16
2	വലവൂർ സർവ്വീസ് സഹകരണ ബാങ്ക് നമ്പർ. 91	1959	കരൂർ പഞ്ചായത്ത്	10700	29	13	726	103	448	1244	ലാഭം	26
3	കുടക്കച്ചിറ സർവ്വീസ് സഹകരണ ബാങ്ക്, നമ്പർ. 1790	1928	കുടക്കച്ചിറ	2416	6.9	21	107	153	77	206.3	നഷ്ടം	8
4	പട്ടികജാതി സർവ്വീസ് സഹകരണ സംഘം, നമ്പർ. 744	1985	കരൂർ പഞ്ചായത്ത്	523	1.14			1.	95			

പട്ടികജാതി സർവ്വീസ് സഹകരണസംഘം

1985-ൽ ആരംഭിച്ച നെച്ചിപ്പുഴൂർ പട്ടികജാതി സർവ്വീസ് സഹകരണ ബാങ്കിൽ 523 പേർ അംഗങ്ങളായുണ്ട്. ഓഹരി മൂലധനമായി 1.14 ലക്ഷം രൂപയുള്ള സംഘം 1.95 ലക്ഷം രൂപ അംഗങ്ങൾക്ക് വായ്പയായി വിതരണം ചെയ്തിട്ടുണ്ട്. ഇതിന്റെ പ്രവർത്തന പരിധി കരൂർ പഞ്ചായത്താണ്. വായ്പാകുടിശ്ശിക പിരിഞ്ഞു കിട്ടാത്തത് സംഘത്തിന്റെ പ്രവർത്തനങ്ങളെ ദോഷകരമായി ബാധിക്കുന്നുണ്ട്.

ഇടനാട് പ്രൈവറ്റ് സ്കൂൾ സ്റ്റാഫ് സഹകരണ സംഘം

1970-ൽ പ്രവർത്തനമാരംഭിച്ച സംഘം ഒരു ക്രെഡിറ്റ് സംഘമാണ്. 335 പേർ അംഗങ്ങളായുണ്ട്. 76,000 രൂപ ഓഹരി മൂലധനമുള്ള സംഘത്തിൽ 4.50 ലക്ഷം രൂപ നിക്ഷേപവും 4.60 ലക്ഷം രൂപ വായ്പയും ഉണ്ട്. പ്രതിമാസ ലേലച്ചിട്ടികളും നടത്തുന്ന സംഘത്തിന്റെ പ്രവർത്തന പരിധി കരൂർ പഞ്ചായത്താണ്.

ഇത് കൂടാതെ മീനച്ചിൽ ഹൗസിംഗ് സഹകരണ സംഘം 46 പേർക്കായി 3.94 ലക്ഷം രൂപ ഭവന നിർമ്മാണ വായ്പയായി ഈ പഞ്ചായത്തിൽ വിതരണം ചെയ്തിട്ടുണ്ട്. പാലാ അർബൻ കോ-ഓപ്പറേറ്റീവ് ബാങ്ക് കാർഷികേതര വായ്പയായി 217 പേർക്ക് 21 ലക്ഷം രൂപയും മീനച്ചിൽ സഹകരണ കാർഷിക ഗ്രാമ വികസന 417 അംഗങ്ങൾക്കായി 32 ലക്ഷം രൂപയും കഴിഞ്ഞ സാമ്പത്തിക വർഷം ഈ പഞ്ചായത്തിൽ വിതരണം ചെയ്തു.

ക്ഷീര വ്യവസായ സഹകരണ സംഘങ്ങൾ

വള്ളീച്ചിറ ക്ഷീര വ്യവസായ സഹകരണസംഘം

1992-ൽ രജിസ്റ്റർ ചെയ്തു പ്രവർത്തനമാരംഭിച്ചു. പ്രവർത്തന പരിധി പഞ്ചായത്തിലെ 5, 6, 7, വാർഡുകളാണ്. 192 അംഗങ്ങളുണ്ടെങ്കിലും 28 പേർക്ക മാത്രമേ വോട്ടവകാശമുള്ള. ഇതിന്റെ പ്രവർത്തനം തൃപ്തികരമല്ല.

വർഷം	ശേഖരിക്കുന്ന പാൽ (ലിറ്റർ)	പഞ്ചായത്തിൽ വിൽക്കുന്ന പാൽ (ലിറ്റർ)	ഡയറിയിലേയ്ക്കയയ്ക്കുന്ന പാൽ (ലിറ്റർ)
1993_94	26,027.7	8,520.8	17506.9
1994_95	39,897.2	16,802.8	23,094.4
1995_96	26,422.5	18,166.2	8,256.3

പ്രശ്നങ്ങൾ

1. വലവൂർ സർവ്വീസ് സഹകരണബാങ്കൊഴികെ, മറ്റു സഹകരണബാങ്കുകളെല്ലാം നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്.

2. സാമ്പത്തിക പ്രശനങ്ങൾക്ക് പ്രധാനകാരണം വായ്പാ കുടിശികകൾ ആണ്.

3. സ്വകാര്യ പണമിടപാടുകാരുടെ ഒരു വലിയ വളർച്ച കാണപ്പെടുന്നുണ്ട്. അമിതമായ പലിശ ഇവയുടെ പ്രധാന ദൂഷ്യവശമാണ്.

4. സർക്കാരിലേയ്ക്ക് അടയ്ക്കേണ്ട ഓഡിറ്റ് ഫീസ്, അഫിലിയേഷൻ ഫീസ് ഇവയുടെ വർദ്ധനവ്,

5. പ്രവർത്തനച്ചിലവിലുള്ള വർദ്ധനവ് സാമ്പത്തിക ബുദ്ധിമുട്ടുകൾക്ക് ഒരു കാരണമാണ്.

6. നഷ്ടം നികത്താതെ വികസന പ്രവർത്തനങ്ങൾ ഒന്നും നടത്താൻ സാധിക്കുന്നില്ലാ.

7. പഞ്ചായത്തിലെ ഏക പട്ടികജാതി സഹകരണ സംഘത്തിന് വായ്പാ കുടിശികകൾ കാരണം കടുത്ത സാമ്പത്തിക പ്രതിസന്ധിയുണ്ട്.

നിർദ്ദേശങ്ങൾ:

1. സഹകരണ ബാങ്കുകളുടെ നഷ്ടത്തിന് തുല്യമായ തുക പലിശരഹിത ദീർഘകാല വായ്പയായി അനുവദിക്കുക.

2. കൂടുതൽ അംഗങ്ങളെ ചേർത്ത് ഓഹരി മൂലധനം വർദ്ധിപ്പിക്കുക.

3. സ്വകാര്യ ചിട്ടി ഇടപാടുകാർ ധാരാളമുണ്ട് നമ്മുടെ പഞ്ചായത്തിൽ. ബാങ്കുകളിൽ കൂടുതൽ ചിട്ടികൾ ആരംഭിച്ച് അംഗങ്ങളെ കൂടുതൽ ചിട്ടികളിൽ ചേരുന്നതിന് പ്രേരിപ്പിക്കണം. അതിലേയ്ക്ക് ആവശ്യമായ നിയമവ്യവസ്ഥകൾ ലഘൂകരിക്കണം.

4. നിക്ഷേപ സമാഹരണത്തിലൂടെ പ്രവർത്തന മൂലധനം വർദ്ധിപ്പിച്ച് ലാഭകരമായി വിനിയോഗിക്കുക.

5. വള്ളിച്ചിറ ക്ഷീരവ്യവസായ സഹകരണ സംഘത്തിൽ അർഹതപ്പെട്ട അംഗങ്ങൾക്കെല്ലാം വോട്ടവകാശം നൽകുക.

6. സംഘങ്ങളിലൂടെ കാലിത്തീറ്റ വിതരണം നടത്താവുന്നതാണ്.

7. പഞ്ചായത്ത് തലത്തിൽ ഒരു കൺസ്യൂമർ സഹകരണ സംഘം രൂപീകരിക്കുകയും എല്ലാ വാർഡുകളിലും നിത്യോപയോഗസാധനങ്ങൾ കുറഞ്ഞ വിലയ്ക്ക് നൽകുന്നതിനുള്ള സ്ഥിരം സംവിധാനമുണ്ടാവുകയും വേണം.

8. പഞ്ചായത്തിൽ ഭവന നിർമ്മാണ സഹകരണ സംഘം രൂപീകരിക്കുക.

9 സഹകരണ സംഘങ്ങൾ കൂടുതൽ സേവന മേഖലകളിലേയ്ക്ക് പ്രവർത്തനം വ്യാപിപ്പിക്കണം.

പഞ്ചായത്തുകളുടെ സാമൂഹ്യ - സാമ്പത്തിക വികസനത്തിന് സഹകരണ പ്രസ്ഥാനത്തിന് നിർണ്ണായക പങ്ക് വഹിക്കുവാൻ കഴിയും. നമ്മുടെ പഞ്ചായത്തിൽ ഈ പ്രസ്ഥാനം വളരെ സജീവമായതിനാൽ നിലവിലുള്ള പ്രശ്നങ്ങൾക്ക് പരിഹാരം കാണുവാനും പഞ്ചായത്തിന്റെ വിവിധ വികസന മേഖലകളിൽ വലിയ സംഭാവനകൾ നൽകുവാനും നമ്മുടെ സഹകരണ പ്രസ്ഥാനങ്ങൾക്ക് കഴിയും

പട്ടികജാതി - പട്ടികവർഗ്ഗം



പഞ്ചായത്തിൽ ആദ്യമായി പ്രാഥമിക വിദ്യാഭ്യാസം നേടിയ പട്ടികജാതിയിൽപ്പെട്ട
ബാലകൃഷ്ണൻ വടക്കേക്കര

നൂറ്റാണ്ടുകളായി സാമൂഹ്യസാമ്പത്തിക രംഗത്ത് അടിച്ചമർത്തപ്പെട്ടുകഴിഞ്ഞിരുന്ന വിഭാഗമാണ് പട്ടികജാതി പട്ടികവർഗ്ഗം ഈ ജനവിഭാഗത്തിന് സമൂഹത്തിന്റെ മേൽത്തട്ടുകളിലേയ്ക്ക് എത്തിനോക്കുന്നതിനുപോലും കഴിഞ്ഞിരുന്നില്ല രണ്ടിലും തൊടീലും നിലനിന്നിരുന്ന ഒരു സമൂഹത്തിൽ തികച്ചും ഒറ്റപ്പെട്ടുകഴിഞ്ഞിരുന്ന ഈ അടിസ്ഥാനവർഗ്ഗം കാർഷിക വിപണിയിലൂടെയാണ് ഉപജീവനം കഴിച്ചിരുന്നത്.

സ്വാതന്ത്ര്യസമ്പാദനത്തിനു ശേഷം ഭരണഘടനാപരമായി ലഭിച്ച അവകാശങ്ങൾപോലും സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് ഈ വിഭാഗത്തെ എത്തിച്ചിട്ടില്ല. സാമ്പത്തിക ആനുകൂല്യങ്ങൾ ഒരു പരിധിവരെ വിദ്യാഭ്യാസ-തൊഴിൽ രംഗത്ത് നേട്ടം ഉണ്ടാക്കിയിട്ടുണ്ടെങ്കിലും സാമൂഹ്യ പദവിയിൽ പിന്നോക്കാവസ്ഥ തുടരുകയാണ്. ഭൂപരിഷ്ക്കരണ പ്രസ്ഥാനം കൊണ്ട് കുറെ കുടുംബങ്ങൾക്ക് കുടികിടപ്പവകാശം ലഭിക്കുകയുണ്ടായി. അതുപോലെ ലക്ഷംവീട് പദ്ധതി കൊണ്ട് ഈ വിഭാഗം ഉൾപ്പെടെ ഒട്ടേറെ നിർദ്ധന കുടുംബങ്ങൾക്ക് വീടും ഉണ്ടായിട്ടുണ്ട്. എന്നാൽ അടിസ്ഥാനസൗകര്യങ്ങൾ ഇന്നും തൃപ്തികരമാംവണ്ണം ഈ വിഭാഗത്തിനു ലഭിച്ചിട്ടില്ല.

പട്ടിക 1

ജനസംഖ്യ

പഞ്ചായത്തിലെ ആകെ ജനസംഖ്യ	പട്ടികജാതി	പട്ടികവർഗം
20767	2048	80

അവലംബം അംഗൻവാടി സർവ്വേ: 91 സെൻസസ്

കരൂർ പഞ്ചായത്തിൽ ആകെ ജനസംഖ്യയുടെ 10.2 ശതമാനം പട്ടികജാതി പട്ടിക വർഗ്ഗത്തിൽപ്പെടുന്നു. ആകെ പട്ടികജാതി ജനസംഖ്യ 2048 ഉം പട്ടികവർഗ്ഗം 40 ഉം ആണ്.

പട്ടിക 2

പട്ടികജാതി കോളനികൾ

വാർഡ് 1		കോളനിയുടെ പേര്	വീടുകളുടെ എണ്ണം
അന്തീനാട്	2	തോണിക്കല്ല്	14
നെച്ചിപ്പുഴൂർ	3	ഇളപൊഴുത് (H D P കോളനി)	23
	4	വെള്ളക്കല്ല്	12
പോണാട്	5	കൊടുക്കുന്നേൽ	10
വള്ളീച്ചിറ (W)	6	അമ്പലത്തറ	14
	7	ഉറുകുഴി	10
ഇടനാട്	8	കാഞ്ഞിരപ്പാറ	12
വലവൂർ	9	ചക്കാമ്പുഴ	17
	10	നെരുവമ്മേൽ മൂന്നോലിപ്പാറ	10
വലവൂർ (W)	11	അയ്യങ്കാളി നഗർ പൊട്ടങ്കി	19
	12	കൊങ്കിണിക്കാട് നെല്ലാനിക്കാട്ട് പാറ	10
	13	അംബേദ്കർ കോളനി	28
	14	വലവൂർ കോളനി	23
			202

ഈ പഞ്ചായത്തിൽ 14 പട്ടികജാതി കോളനികൾ ഉണ്ട് പട്ടികജാതി കോളനികളിൽ മാത്രമായി 220 കുടുംബങ്ങൾ താമസമുണ്ട്. പട്ടിക. 2 കാണുക. കൂടാതെ ലക്ഷം വീട് കോളനികളിലും മറ്റുമായി നിരവധി കുടുംബങ്ങൾ കഴിയുന്നു.

സാമൂഹ്യക്രമം

പട്ടികജാതി-പട്ടികവർഗ്ഗത്തിൽപ്പെട്ട പുലയൻ, പരവൻ, വേട്ടുവൻ, വേലൻ, പാണൻ, പറയൻ തുടങ്ങി ആറോളം സമുദായങ്ങൾ ഈ പ്രദേശത്ത് താമസിച്ചിരുന്നു. എന്നാൽ പറയസമുദായത്തിൽപ്പെട്ട ആളുകൾ നിലവിൽ താമസമില്ല. പുലയസമുദായത്തിൽപ്പെട്ടവരാണ് ഏറ്റവും കൂടുതൽ ഉള്ളത്. വലവൂർ, നെച്ചിപ്പുഴൂർ വാർഡുകളിൽ ആണ് അധികമാളുകളും നിവസിക്കുന്നത്

ജീവിതരീതി

പരമ്പരാഗതമായി കുന്നിൻചെരുവുകളിലും തോട്ടിറമ്പുകളിലും ഉയർന്ന പ്രദേശങ്ങളിലും നിവസിച്ചിരുന്ന ഈ വിഭാഗം കാർഷിക ജോലികളിലൂടെയാണ് നിത്യവൃത്തിക്ക് വഴികണ്ടിരുന്നത്. പുരുഷന്മാരോടൊപ്പം സ്ത്രീകളും കൃഷിയിടങ്ങളിൽ പണിയെടുത്തിരുന്നു, നെല്ല്, തെങ്ങ്, കപ്പ, ഇഞ്ചി, നടുതലകൾ, കമുക്, കാപ്പി, കുരുമുളക് – കശുമാവ്, വരക്, ചാമ, തിന, എന്നിവ കൃഷി ചെയ്തിരുന്നു. (കാർഷിക രീതിയിൽ വന്ന മാറ്റം റബ്ബർ തുടങ്ങിയ നാണ്യവിളകളുടെ പ്രചാരം, എന്നിവ കർഷകത്തൊഴിലാളിരംഗത്ത് തൊഴിലില്ലായ്മ വർദ്ധിപ്പിക്കുകയും സ്ത്രീ തൊഴിലാളികളുടെ തൊഴിലില്ലായ്മ കൂടുതൽ രൂക്ഷമാവുകയും ചെയ്തിട്ടുണ്ട്.) വിളവെടുപ്പോടനുബന്ധിച്ച് വിഷു-വ്യശ്ചിക സംക്രാന്തിദിനങ്ങളിൽ നാടൻ കലാരൂപങ്ങളായ തുടികൊട്ട്, കോൽകളി, മുടിയാട്ടം, പടിയടി, കൊട്ടുകളി തുടങ്ങിയവയുടെ അകമ്പടിയോടെ ആഘോഷങ്ങളുമുണ്ടായിരുന്നു. ഇത്തരം പ്രാചീന കലാരൂപങ്ങളിൽ ചിലത് ഇന്നും നിലവിലുണ്ട്.

പത്ത് വയസിനു താഴെ കുട്ടികൾക്ക് കാതുകുത്തു കല്യാണം വിവിധ ചടങ്ങുകളോടെ നടത്തിയിരുന്നു. പെൺകുട്ടികൾ പുഷ്പിണിയാകുമ്പോഴും ചടങ്ങുകൾ ഉണ്ടായിരുന്നു. കല്യാണം കഴിക്കണമെങ്കിൽ ജന്മിയുടെ അനുവാദം വേണമായിരുന്നു. കല്യാണ ചടങ്ങുകൾക്കുശേഷം ജന്മിയുടെ പടിക്കൽ ചെന്ന് മുഖം കാണിക്കുകയും ജന്മി ധാന്യം കൊടുത്ത് കൂലിക്കാരായി അവരെ അംഗീകരിക്കുകയും ചെയ്തിരുന്നു. ജന്മിയിൽ നിന്നും 160 അടി അകലെ കുടിയാൻ നിൽക്കണമായിരുന്നു.

ആരാധനാരീതി

അമ്പലങ്ങളിൽ പ്രവേശനം ഇല്ലായിരുന്നുവെങ്കിലും വഴിപാടുകൾ (ധാന്യങ്ങൾ) സ്വീകരിച്ചിരു

ന്നു. ക്ഷേത്ര പ്രവേശന വിളംബരത്തോടനുബന്ധിച്ച് അമ്പലങ്ങളിൽ പ്രവേശനം ലഭിച്ചിരുന്നു ഇളപൊഴുത് പതി (നെച്ചിപ്പുഴൂർ) പുലയരുടെ പ്രാചീന ആരാധനാകേന്ദ്രമാണ്. വലവൂർ,പാട്ടുപുരയ്ക്കൽ, കൂവയ്ക്കൽ അമ്പലങ്ങളും മറ്റ് ആരാധനാകേന്ദ്രങ്ങളാണ്. കോഴിവെട്ട് തുടങ്ങിയ അനാചാരങ്ങളും ഇന്നും നിലനില്ക്കുന്നുണ്ട്.

കുട്ടികളെ മരിച്ചാൽ നിഴൽ എടുക്കുകയെന്ന ചടങ്ങ് തുളളൽ രൂപത്തിൽ ഉണ്ട്. പ്രായമായവർ മരിച്ചാൽ ചാവുതുളളൽ ഇന്നും നിലനില്ക്കുന്നു.

വിദ്യാഭ്യാസം

വിദ്യാഭ്യാസ നിലവാരത്തിൽ ഈ പ്രദേശത്തുളളവർ പിന്നോക്കാവസ്ഥയിലാണ്. സമ്പൂർണ്ണ സാക്ഷരതാ പ്രവർത്തനത്തിന്റെ ഫലമായി ഇപ്പോൾ നിരക്ഷരർ കുറവാണെങ്കിലും ചെറുപ്പക്കാർ ഉൾപ്പെടെ ഒരു ചെറുവിഭാഗം നിരക്ഷരരാണ്. തുടർ വിദ്യാഭ്യാസ പ്രവർത്തനം ഈ മേഖലയിൽ ഇനിയും ശക്തമാക്കേണ്ടിയിരിക്കുന്നു. പൊതുവെ കുട്ടികൾ സ്ക്കൂളിൽ പോകുന്നുണ്ടെങ്കിലും നിലവാരം വളരെ പരിതാപകരമാണ്.

പട്ടിക 3

പട്ടികജാതി–പട്ടികവർഗ്ഗ
വിദ്യാർത്ഥികൾ 1996–97

Std	ആൺ	പെൺ	ആകെ
I	23	21	44
II	19	21	40
III	24	13	37
IV	12	23	35
V	33	19	52
VI	42	16	58
VII	27	25	52
VIII	15	14	29
IX	12	16	28
X	18	14	32
ആകെ	225	182	407

S. S. L. C. യോടുകൂടി ഒരു ചെറുശതമാനം ഒഴികെ മുഴുവൻ വിദ്യാർത്ഥികളും പഠനം നിർത്തുന്ന സാഹചര്യമാണുളളത്. ഉന്നത വിദ്യാഭ്യാസ രംഗത്ത് തുടരുന്നവർ വെറും നാമമാത്രമാണ്.

തൊഴിൽ രംഗം

കാർഷിക മേഖലയിൽ തൊഴിലെടുത്ത് ഉപജീവനം കഴിച്ചിരുന്നവരാണ് ഈ വിഭാഗം ജനങ്ങളും. കാർഷികരംഗത്ത് വന്ന വിളമാറ്റം തൊഴിൽ സാധ്യതയിൽ ഗണ്യമായ കുറവുവരുത്തുകയും മറ്റുതലങ്ങളിൽ തൊഴിലെടുക്കുവാൻ നിർബന്ധിതരാവുകയും ചെയ്തു. ഭക്ഷ്യവിളകളിൽ നിന്നും നാണ്യവിളകളിലേയ്ക്കുള്ള ഈ മാറ്റം ഭക്ഷ്യോൽപാദനത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്.

മുഖ്യമായും തൊഴിലെടുക്കുന്നത് റബ്ബർതോട്ടം മേഖലയിലാണ്. ഈ രംഗത്ത് സാമാന്യം മെച്ചപ്പെട്ട കൂലി ലഭിക്കുന്നുണ്ട്. റബർ ടാപ്പിംഗിന് 100 മരത്തിന് 15–25 രൂപ നിരക്കുണ്ട്. എങ്കിലും പഞ്ചായത്തിൽ ഒരു ഏകീകൃത കൂലി വ്യവസ്ഥ നിലവിലില്ല. വ്യവസായരംഗത്ത് തൊഴിലെടുക്കുന്നവർ നാമമാത്രമാണ്. ചെറുകിട വ്യവസായങ്ങളും കുടിൽ വ്യവസായങ്ങളും ഇവർക്കുവേണ്ടി ഉണ്ടാകേണ്ടിയിരിക്കുന്നു.

പട്ടിക 4

കർഷക തൊഴിലാളികൾ			നിർമ്മാണ തൊഴിലാളികൾ		
ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ
1146	373	1519	103	8	111

പാറമട തൊഴിലാളികൾ			അവലംബം :
ആൺ	പെൺ	ആകെ	91 സെൻസസ്
8	–	8	

ഈ പഞ്ചായത്തിലെ കർഷകത്തൊഴിലാളികളെയും നിർമാണതൊഴിലാളികളെയും പാറമടത്തൊഴിലാളികളെയും പട്ടിക 4 ൽ ചേർത്തിരിക്കുന്നു. ഇതിൽ പട്ടികജാതി പട്ടികവർഗ്ഗം തൊഴിലാളികളുടെ എണ്ണം കൃത്യമായി കണക്കാക്കിയിട്ടില്ലെങ്കിലും ഭൂരിഭാഗവും ഈ വിഭാഗത്തിൽപ്പെടുന്നു. തെങ്ങുകയറ്റത്തൊഴിലാളികളും പാറമടത്തൊഴിലാളികളും കുറഞ്ഞുവരുന്നു. പട്ടികജാ

തിക്കാർക്കായി 520 അംഗങ്ങളുള്ള ഒരു സഹകരണ സംഘം നെച്ചിപ്പുഴൂർ കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്നുണ്ട്. വലവൂർ കേന്ദ്രീകരിച്ച് ആരംഭിച്ച പട്ടികജാതി വനിതാസംരംഭം-പേപ്പർബാഗ് നിർമാണയൂണിറ്റ്-ഇപ്പോൾ പ്രവർത്തിക്കുന്നില്ല.

പട്ടിക 5

IRDP സഹായം ലഭ്യമായ കുടുംബങ്ങളുടെ വിവരം

വള്ളീച്ചിറ വില്ലേജ്

വർഷം	കുടുംബങ്ങം	വായ്പ	ധനസഹായം
1992-93	22	1,05,919	56825
93-94	32	1,98,809	93,342
94-95	19	1,14,625	57,645
95-96	12	1,82,168	48,000
ളാലം			
92-93	16	74,333	43,251
93-94	17	74,349	40,277
94-95	14	1,18,299	55,287
95-96	16	1,67,085	66,071

ഹരിജൻ ഗുണഭോക്താക്കൾക്ക് കറവപ്പശുക്കളെ നല്കുന്നതിന് കഴിഞ്ഞ 5 വർഷംകൊണ്ട് 90,000 രൂപ മൃഗസംരക്ഷണ വകുപ്പ് ഈ പഞ്ചായത്തിൽ ചിലവഴിച്ചിട്ടുണ്ട്.

പാർപ്പിടം

പാർപ്പിട പ്രശ്നം ഒരു പരിധിവരെ പരിഹരിച്ചിട്ടുണ്ട് എങ്കിലും നിരവധികുടുംബങ്ങൾക്ക് ഇനിയും വീടുകൾ നിർമിക്കേണ്ടതുണ്ട്. സർക്കാരിന്റെ വിവിധ പദ്ധതികൾ വഴി നിർമ്മിച്ചിട്ടുള്ള വീടുകൾ പണിപൂർത്തിയാക്കേണ്ടവയും അറ്റകുറ്റപ്പണി നടത്തേണ്ടവയും ആയി ഏറെയുണ്ട്. പട്ടയം ലഭിക്കാത്തതുകൊണ്ട് വീട് നിർമ്മിക്കാൻ കഴിയാത്തവരും ഉണ്ട് കോളനികളിൽ കഴിയുന്നവർക്ക് വിവിധ പദ്ധതി പ്രകാരം ലഭിക്കുന്ന ആനുകൂല്യങ്ങൾ ഒറ്റപ്പെട്ടുകഴിയുന്ന കുടുംബങ്ങൾക്ക് ലഭിക്കുന്നില്ല അത്തരത്തിൽ വീടില്ലാത്തവരും ഉണ്ട്. സ്വന്തമായി ഭൂമിയില്ലാത്തവർക്ക് ഭൂമിയും വീടും നൽകി പുനരധിവസിപ്പിക്കേണ്ടതുണ്ട്.

കക്കൂസ്

എല്ലാ വീടിനും കക്കൂസ് നിർമ്മിച്ചിട്ടില്ല. വീട് പണിയോടൊപ്പം കക്കൂസ് നിർമ്മിക്കുന്നത് കൂടുതൽ കർശനമാക്കേണ്ടതാണ്. പണി ആരംഭിച്ചിട്ട് പൂർത്തീകരിക്കാത്ത കക്കൂസുകൾ നിരവധിയുണ്ട്. ഒറ്റപ്പെട്ട വീടുകളിൽ അധികവും കക്കൂസില്ലാത്തവയാണ്. തോട്ടിറമ്പിലും മറ്റും കഴിയുന്ന നിരവധി കുടുംബങ്ങളുണ്ട്. കക്കൂസ് ഇല്ലാത്തതുകൊണ്ട് തോടുകളിലെ അമൂല്യമായ ജലസമ്പത്ത് പ്രത്യേകിച്ചും വേനൽക്കാലങ്ങളിൽ മലിനീകരിക്കപ്പെടുന്നുണ്ട്.

കുടിവെള്ളം

വേനൽകാലത്ത് എല്ലാകോളനികളിലും കുടിവെള്ളക്ഷാമം രൂക്ഷമാണ്. കിണറുകളില്ലാത്ത കോളനികളും ഉണ്ട്. നിലവിലുള്ള ശുദ്ധജല വിതരണപദ്ധതികളും അപര്യാപ്തമാണ്. പഞ്ചായത്തിനുമൊത്തമായിസമഗ്രമായശുദ്ധജലവിതരണ പദ്ധതി നടപ്പിലാക്കിയാൽ കോളനികളിലെ ജലക്ഷാമവും പരിഹരിക്കാം.

വൈദ്യുതി

വൈദ്യുതീകരിക്കേണ്ട വീടുകളും നിരവധിയുണ്ട്. വൈദ്യുതീകരിക്കാത്ത കോളനികളും നിലവിലുണ്ട്. അടിയന്തിരമായി വൈദ്യുതി എത്തിക്കുവാനുള്ള പദ്ധതി നടപ്പിലാക്കേണ്ടതുണ്ട്.

പട്ടിക 6

പട്ടികജാതി കോളനികൾ			
കോളനികൾ	വീടുകൾ	വൈദ്യുതീകരിച്ചവ	പൈപ്പ് കണക്ഷൻ
13	192	56	ഇല്ല

1991 ലെ സെൻസസ് റിപ്പോർട്ടനുസരിച്ച് ആകെയുള്ള 192 വീടുകളിൽ 56 എണ്ണം മാത്രമെ വൈദ്യുതീകരിച്ചിട്ടുള്ളു.

ഗതാഗതസൗകര്യം

പല കോളനികൾക്കും പൊതുവഴിയുമായി റോഡുബന്ധം നിലവിലില്ല. കോളനികൾക്കുള്ളിൽ തന്നെ വഴി സൗകര്യം ഉണ്ടാവേണ്ടതുണ്ട്.

പട്ടികജാതി-വർഗ്ഗം നേരിടുന്ന പൊതുവായ പ്രശ്നങ്ങൾ

1. വിദ്യാഭ്യാസ പുരോഗതി കൈവരിച്ചിട്ടില്ല. നിരക്ഷരത നിലനിലനിൽക്കുന്നു. വിദ്യാഭ്യാസ നിലവാരം മോശം
   ഉന്നത വിദ്യാഭ്യാസരംഗത്ത് എത്തിപ്പെടുന്നവർ വിരളം
   സാങ്കേതിക വിദ്യാഭ്യാസ സൗകര്യം ഇല്ല.

രക്ഷിതാക്കളുടെ അറിവില്ലായ്മ.
ദാരിദ്ര്യം.

2 തൊഴിൽ സാധ്യത കുറയുന്നു.

3 തൊഴിൽ സുരക്ഷിതത്വം ഇല്ല.

4. എല്ലാവർക്കും സ്വന്തമായി വീടില്ല.
വീട് വയ്ക്കാൻ സ്വന്തമായി സ്ഥലമില്ല.
വീട് നിർമ്മിക്കുവാനുള്ള ധനസഹായം അപര്യാപ്തം.
ധനസഹായം ദുർവിനിയോഗം ചെയ്യുന്നു.

5. പ്രാഥമിക സൗകര്യങ്ങളും ഇല്ല.
കുടിവെള്ളമില്ല.
കക്കൂസില്ല.
വൈദ്യുതി ഇല്ല.
പൊതുശ്മശാനം ഇല്ല.

6. പട്ടയം ലഭിച്ചിട്ടില്ല. ഉള്ളത് ചിലത് നഷ്ടമായിട്ടുണ്ട്.

7. ആരോഗ്യസംരക്ഷണ സംവിധാനം മെച്ചമല്ല.

8. ആനുകൂല്യങ്ങളും ധനസഹായങ്ങളും ചട്ടങ്ങളിൽ കുരുങ്ങിക്കിടക്കുന്നു.

9. വിവിധ പദ്ധതികളും ഫലപ്രദമായി ഉപയോഗിക്കുന്നില്ല.

പരിഹാരം-നിർദ്ദേശങ്ങൾ

1. പട്ടികജാതി-പട്ടികവർഗ്ഗ വികസന സമിതി രൂപീകരിക്കുക.

2. വിദ്യാഭ്യാസ സൗകര്യങ്ങളും മെച്ചപ്പെടുത്തണം പഠനോപകരണങ്ങളും വിതരണം ചെയ്യണം പഞ്ചായത്തിലെ അഭ്യസ്ഥവിദ്യരെ പ്രയോജനപ്പെടുത്തിക്കൊണ്ട് ട്യൂഷൻ സെന്ററുകളും സ്ഥാപിക്കാവുന്നതാണ്. ഗ്രാൻറ്തുക വർദ്ധിപ്പിക്കുകയും സ്കോളർഷിപ്പ് ഏർപ്പെടുത്തുകയും ചെയ്യണം.

3. പട്ടികജാതി വിദ്യാർത്ഥികൾക്കായി ബോർഡിംഗ് സ്കൂളുകളും ആരംഭിക്കണം,

4. രക്ഷിതാക്കൾക്കായി ബോധവൽക്കരണ പദ്ധതി വേണം.

5. കൈത്തൊഴിൽ വ്യവസായികാടിസ്ഥാനത്തിൽ സംഘടിപ്പിക്കണം. കുട്ട, വല്ലം, ചൂല് ഇവയുടെ നിർമ്മാണവും വിപണനവും നടത്താൻ സംവിധാനം വേണം.

6. പട്ടികജാതി-പട്ടികവർഗ്ഗ വനിതകൾക്കായി നോട്ട്ബുക്ക് സോപ്പ്, കറിപൗഡർനിർമ്മാണം, പച്ചക്കറിക്കൃഷി, ടെയ്ലറിംഗ് യൂണിറ്റ് എന്നിവയും ആരംഭിക്കണം.

7. ഇവയുടെ ഉത്പാദനവും വിപണനവും സഹകരണ സംഘങ്ങൾ വഴി ഏർപ്പാടാക്കുക.

8. കൂലിവ്യവസ്ഥ കാലികമായി പരിഷ്കരണം.

9. തെങ്ങുകയറ്റത്തൊഴിലാളികൾ, പാറമടത്തൊഴിലാളികൾ തുടങ്ങി എല്ലാ തൊഴിലാളികൾക്കും ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കണം. വിവിധ തൊഴിൽ മേഖലകളിൽ ക്ഷേമനിധി ഏർപ്പെടുത്തണം.

10. ഭൂരഹിത – ഭവനരഹിത പുനരധിവാസ പദ്ധതി പഞ്ചായത്തിൽ നടപ്പിലാക്കണം.

11. വീട് പുതുക്കിപ്പണിയുന്നതിനും അറ്റകുറ്റപ്പണികൾക്കും പലിശരഹിത വായ്പ ദീർഘകാല വ്യവസ്ഥയിൽ നടപ്പിലാക്കണം.

12. വീടുനിർമ്മാണ ധനസഹായം വർദ്ധിപ്പിക്കണം.

13. വീടിനൊപ്പം കക്കൂസ് നിർമ്മിക്കുന്നതിനും മതിയായ ധനസഹായം നല്കണം.

14. പട്ടികജാതി – പട്ടികവർഗ്ഗക്കാരുടെ മുഴുവൻ വീടുകളും സൗജന്യമായി വൈദ്യുതികരിക്കണം.

15. വാർഡുകളിൽ പൊതുശ്മശാനം നിർമ്മിക്കണം.

16. കൈവശഭൂമിക്ക് പട്ടയം നല്കണം.

17. പട്ടികജാതി കോളനികൾക്ക് സൗകര്യം ലഭിക്കത്തക്കവിധം രോഗികളെ കിടത്തി ചികിത്സിക്കുന്നതിന് ആശുപത്രി സ്ഥാപിക്കണം.

18. കോളനികൾ കേന്ദ്രീകരിച്ച് റി. വി. സെൻറർ, സാംസ്കാരിക നിലയങ്ങൾ, കളി സ്ഥലങ്ങൾ ഇവ സ്ഥാപിക്കണം.

19. ഇളമൊഴുത് അംബേദ്ക്കർ കോളനിയിലെ ഇളമൊഴുത്-പാമ്പാനിക്കാട് റോഡ് വീതികൂട്ടി ടാർ ചെയ്ത് ബസ് റൂട്ട് അനുവദിക്കണം.

20. നെച്ചിപ്പുഴൂർ മൂന്നോലിക്കുന്ന് കോളനിയിലേയ്ക്ക് പൊതുവഴിയിൽനിന്നും വഴിവെട്ടണം.

21. വെള്ളക്കല്ല് കോളനിയിലെ താന്നിമൂട്ടിൽഭാഗത്തേക്ക് പൊതുവഴിയുമായി ബന്ധിച്ച് റോഡ് വേണം.

22. പോണാട് കൊടുർക്കുന്ന്കോളനിയിലേക്ക് റോഡു വേണം.

23. ഇടനാട് ഉറുകുഴി കോളനിയിലേക്ക് പൊ

തുവഴി വേണം.

24. വലവൂർ ഈസ്റ്റിൽ പാവയ്ക്കൽ കോളനിയിലേയ്ക്ക് റോഡ് വേണം.

25. നെല്ലാനിക്കാട്ടുപാറ അംബേദ്ക്കർ കോളനിയിലൂടെയുള്ള മരങ്ങാട്ടുപള്ളി പഞ്ചായത്തുമായി ബന്ധിപ്പിക്കുന്ന റോഡ് നിർമ്മാണം പൂർത്തിയാക്കണം.

26. മുണ്ടമറ്റത്തുപാറ കോളനിയിലേക്ക് വഴി വേണം.

27. പതിക്കൽ കോളനിയിലേക്ക് ഉള്ള വഴി സഞ്ചാര യോഗ്യമാക്കണം.

28. കൊങ്ങിണിക്കാട് കോളനിയിലേയ്ക്ക് വഴി വേണം.

29. പൊട്ടങ്കി അയ്യങ്കാളി സെറ്റിൽമെന്റ് കോളനിയിലെ പാറയിൽ ഭാഗത്തേക്ക് റോഡ് വേണം.

30. കുടക്കച്ചിറ മരത്തനാൽ ഭാഗവും പറയാനി സംകൂംഭാഗവും പട്ടികജാതി കോളനിയായി പ്രഖ്യാപിക്കണം.

31. വിവിധ പെൻഷൻ തുക വർദ്ധിപ്പിക്കണം.

32. എല്ലാ സ്ഥാപനങ്ങളിലും സംവരണതത്വം പാലിക്കണം.

33. വലവൂരിലെ P. H. C യിൽ രോഗികളെ കിടത്തി ചികിത്സ ഏർപ്പെടുത്തണം.

34. കക്കൂസിനു ധനസഹായം ലഭിക്കുകയും എന്നാൽ പണിനടത്താതിരിക്കുകയും ചെയ്യുന്ന അവസ്ഥ മാറേണ്ടതുണ്ട്.

35. കുറിച്ചിത്താനം വില്ലേജിൽപെടുന്ന മരങ്ങാട്ടുപള്ളി പഞ്ചായത്തിൽ വരുന്ന വലവൂർ അംബേദ്ക്കർ കോളനിയിലെ നാല് വീട് കരൂർ പഞ്ചായത്തിൽ ഉൾപ്പെടുത്തണം.

36. അഗതിമന്ദിരം പണിയണം.

37. കുട്ടികൾക്ക് പോഷകാഹാരം വിതരണം ചെയ്യണം.

38. മിച്ചഭൂമി പുറമ്പോക്ക് ഭൂമി കണ്ടെത്തി ഭൂമി ഇല്ലാത്തവർക്ക് പതിച്ചുകൊടുക്കണം.

39. സൗരോർജ്ജ വിളക്ക് വിതരണം ചെയ്യണം.

40. പട്ടികജാതി – പട്ടികവർഗ്ഗത്തിൽപ്പെടുന്ന 5വീടുകളം മാത്രമുള്ള പ്രദേശത്തെയും കോളനിയായി പ്രഖ്യാപിക്കണം.

41. കോളനിയിൽലഭിച്ച വീട് കൈമാറാനടത്തുകയും വീണ്ടും പുറമ്പോക്കിൽ താമസിക്കുയും ചെയ്യുന്ന പ്രവണത തടയേണ്ടതുണ്ട്.

വിഭവ സമാഹരണം

നമ്മുടെ പഞ്ചായത്തിന്റെ വികസനം നേരിടുന്ന ഒരു പ്രധാന പ്രതിസന്ധി, വ്യവസായ മേഖലയിലെ മുരടിപ്പാണു്. പേരിനു് കുറെ ചെറുകിട വ്യവസായങ്ങളൊഴിച്ചാൽ നമ്മുടെ പഞ്ചായത്തിൽ ഒരു വൻകിട വ്യവസായ സ്ഥാപനംപോലും ഇല്ലാത്ത അവസ്ഥയുണ്ടു്. വൻകിട-ചെറുകിട വ്യവസായ രംഗത്തുള്ള വികസനം കൊണ്ടുമാത്രമേ വിഭവസമാഹരണത്തിനു് പുതിയ പാതകൾ തുറക്കാനാവുകയുള്ളൂ.

ചെറുകിട വ്യവസായങ്ങൾ ആരംഭിക്കുവാൻ സന്നദ്ധരായ ധാരാളം ആൾക്കാരുണ്ടെങ്കിലും, സർക്കാർ വകുപ്പുകളിൽനിന്നും അനുമതി ലഭിക്കുവാനുള്ള കാത്തിരിപ്പു്, ആവശ്യമായ സാമ്പത്തിക സഹായം ലഭിയ്ക്കായ്ക, വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനുള്ള അനന്തമായ കാലതാമസവും അതിനുവേണ്ടി മുടക്കേണ്ടിവരുന്ന ഭീമമായ ചെലവു്, വൈദ്യുതി ലഭിച്ചാൽത്തന്നെ നമ്മുടെ വ്യവസായരംഗത്തെയാകെ തളർത്തുന്നതിൽ പ്രധാന വില്ലനായ പവർകട്ടും, ലോഡ്ഷെഡിംഗും ഈ രംഗത്തെ പുതിയ സംരംഭകരെ പിന്തിരിയാനാണു് പ്രേരിപ്പിക്കുന്നതു്. ഈ പ്രശ്നങ്ങൾ പരിഹരിക്കാതെ വ്യവസായ മേഖലയിലെ വിഭവ സമാഹരണത്തിനുള്ള സാധ്യത കുറവാണു്.

കാർഷിക രംഗത്താണെങ്കിൽ അമിതമായ ഉല്പാദനച്ചെലവും കുറഞ്ഞ ഉല്പാദനക്ഷമതയും, നെൽകൃഷി, തെങ്ങുകൃഷി മേഖലകളിൽ വർഷം മുഴുവൻ തൊഴിൽ നൽകുവാൻ കഴിയാത്തതും, ഈ മേഖലകളിലെ കർഷകത്തൊഴിലാളികളെ മറ്റു തൊഴിൽ മേഖലകളിലേയ്ക്കു തിരിയാൻ പ്രേരിപ്പിക്കുന്നു. അമിതമായ രാസവള-കീടനാശിനി പ്രയോഗങ്ങളും മൂലമുണ്ടാകുന്ന ദോഷഫലങ്ങളും ഒഴിവാക്കാനും കാർഷിക മേഖലയിൽ ഒരു പുതിയ സംസ്കാരം കെട്ടിപ്പടുക്കാനും, കൂടുതൽ ആളുകളെ കാർഷിക മേഖലയിലേയ്ക്കു് ആകർഷിക്കുവാനും ശക്തമായ പ്രവർത്തനങ്ങളും നടത്തിയാലേ ഈ രംഗത്തു് വിഭവ സമാഹരണം വർദ്ധിപ്പിക്കുവാനാവുകയുള്ളൂ.

സർക്കാർ ഗ്രാന്റുകളും കാലതാമസം ഒഴിവാക്കി പഞ്ചായത്തുകൾക്കു് വിതരണം നടത്തുവാനുള്ള തീരുമാനം ഉണ്ടാവണം. പഞ്ചായത്തുകൾക്കുള്ള വിഹിതം ഒന്നും രണ്ടും വർഷങ്ങൾ കഴിഞ്ഞു ലഭിക്കുന്നതുമൂലം നീതിപൂർവ്വകമായി ഇവ ചിലവഴിക്കാൻ കഴിയുന്നില്ല.

പട്ടിക - വരുമാനത്തിലെ വ്യത്യാസം

	ഇനം	91-92	95-96	വ്യത്യാസം
1	കെട്ടിടനികുതി	189163 30	238103 70	+ 48940 40
2	തൊഴിൽനികുതി	86550 00	130410 00	+ 43860 30
3	ലൈസൻസ് ഫീസ്	4050 00	5379 00	+ 1329 00
4	വസ്തുകൈമാറ്റ നികുതി	211126 00	209039 00	— 2087 00
5	ഡെപ്പോസിറ്റ്	25450 00	9161 20	— 16288 80
6	ഗ്രാന്റ് ഒഴികെയുള്ള മറ്റു വരവുകൾ	56155 40	183566 20	+ 127410 80
	ആകെ	572494 70	775659 10	+ 203164 00
	ഭരണച്ചിലവ്	316938 30	478344 00	+ 161405 70

നമ്മുടെ പഞ്ചായത്തിലെ വ്യാപാര - വ്യവസായ സ്ഥാപനങ്ങളുടെ ലൈസൻസ് ഫിസ് ഇനത്തിൽ 95–96 ൽ 5,379 രൂപാ മാത്രമാണ് വരുമാനം. ഇത് ശാസ്ത്രീയമായി പുനർനിർണ്ണയം ചെയ്യേണ്ടതാണ്.

വ്യാപാരം വ്യവസായം	ഹോട്ടലുകൾ	സാധാരണ കടകൾ	ആകെ	ആകെ ഫീസ്
41	29	111	181	5379

ഈ പഞ്ചായത്തിൽനിന്നും ഗൾഫ് മേഖലകളിൽ ജോലിയെടുക്കുന്നവരുടെ കൃത്യമായ കണക്ക് ലഭിച്ചിട്ടില്ല. ഇവരിൽ ഉയർന്ന സാമ്പത്തിക നിലയുള്ളവർ തീരെ കുറവാണ്. ഗൾഫ് മലയാളികളെ വ്യവസായ രംഗത്തേക്ക് ആകർഷിക്കുവാനുള്ള പരിപാടികൾ ആസൂത്രണം ചെയ്താൽ അവരുടെ സഹകരണത്തോടെ കൂടുതൽ വിഭവ സമാഹരണം നടത്താൻ കഴിയും.

നികുതികൾ പൂർണ്ണമായും പിരിച്ചെടുക്കുവാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. എന്നാൽ നികുതി കൊടുക്കുക വഴി നാടിന്റെ വികസന പ്രവർത്തനങ്ങളിൽ തങ്ങളുടെ പങ്ക് നിർവഹിക്കുകയാണ് ചെയ്യുന്നതെന്ന അവബോധം വളർത്തിയാലേ വികസനപ്രവർത്തനങ്ങളോടുള്ള ജനങ്ങളുടെ അകൽച്ച അവസാനിപ്പിക്കാനും ജനപങ്കാളിത്തത്തോടുകൂടി കൂടുതൽ പ്രവർത്തനങ്ങൾ സംഘടിപ്പിക്കാനും കഴിയുകയുള്ളൂ.

നിർദ്ദേശങ്ങൾ

പഞ്ചായത്തിന്റെ വരുമാന വർദ്ധനവിനായി കെട്ടിടനികുതി, തൊഴിൽനികുതി ഇവ കാലോചിതമായി പുനർനിർണ്ണയം ചെയ്യണം.

കുടുംബാംഗങ്ങളുടെ എണ്ണത്തിനു് ആനുപാതികമല്ലാത്ത വലിയ വീടുകൾ പണിയുന്നവരിൽനിന്നും, കൂടിയ നിരക്കിലുള്ള നികുതി ഈടാക്കാനുള്ള സംവിധാനം ഉണ്ടാവണം.

സർക്കാർ ശമ്പളം പറ്റുന്നവർ മാത്രമല്ല, എല്ലാവിഭാഗത്തിലുംപെട്ട തൊഴിലാളികളിൽനിന്നും തൊഴിൽനികുതി ഈടാക്കാവുന്നതാണ്. പഞ്ചായത്ത് അടിസ്ഥാനത്തിൽ, എല്ലാ മേഖലകളിലും പെടുന്ന തൊഴിലാളികളെ രജിസ്റ്റർ ചെയ്തുകൊണ്ട് ഒരു സംഘം രൂപീകരിക്കുകയും തൊഴിലാളികളിൽനിന്നും മാസംതോറും നിശ്ചിത തുക സമാഹരിക്കുകയും ചെയ്താൽ, പണി ലഭിക്കാത്ത മാസങ്ങളിൽ ഈ ഫണ്ടിൽനിന്നും ആശ്വാസ ധനമായി ഇവർക്കുതന്നെ വിതരണം ചെയ്യാൻ സാധിക്കും. ഈ സംഘത്തിൽ രജിസ്റ്റർ ചെയ്യുന്ന എല്ലാ തൊഴിലാളികളേയും ഗ്രൂപ്പ് ഇൻഷുറൻസ് സ്കീമിൽപ്പെടുത്തി രജിസ്റ്റർ ചെയ്യാവുന്നതുമാണ്.

നമ്മുടെ പഞ്ചായത്തിൽ നാല് സഹകരണബാങ്കുകളും, സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിന്റെ രണ്ടു ശാഖകളുമുണ്ട്. സഹകരണബാങ്കുകളൊഴികെ മറ്റു ബാങ്കുകളിൽനിന്നും നിക്ഷേപങ്ങൾക്ക് ആനുപാതികമായി വായ്പകൾ നൽകുന്നില്ല. നമ്മുടെ പഞ്ചായത്തിൽനിന്നും സമാഹരിക്കുന്ന നിക്ഷേപങ്ങളിൽ 90% തുക ഇവിടെത്തന്നെ വായ്പയായി വിതരണം ചെയ്യേണ്ടതാണ്. പഞ്ചായത്തിന്റെ അംഗീകാരം ലഭിക്കുന്ന പദ്ധതികൾക്ക് വായ്പ നൽകുന്നതിനു് ബാങ്കുകൾക്ക് കഴിയുന്ന നിയമം ഉണ്ടാവണം.

വരുമാനം കുറവുള്ള നമ്മുടെ പഞ്ചായത്തിന്റെ ആകെ വരുമാനത്തിന്റെ ഏറിയ പങ്കും ചിലവഴിച്ചിരി

ക്കുന്നതു് പൊതുമരാമത്തു് പണികളംക്കാണു്. റോഡുകളുടെ സംരക്ഷണച്ചുമതല അവയുടെ ഗുണഭോക്താക്കളടങ്ങുന്ന ജനകീയ സമിതിയെ ഏല്പിക്കണം. മഴക്കാലത്തിനുമുമ്പു് ഓടകളം തെളിക്കുക, ഇല്ലാത്തിടത്തു് നിർമ്മിക്കുക മുതലായ ജോലികളം സന്നദ്ധപ്രവർത്തനങ്ങളിലൂടെ നടത്താൻ കഴിയണം.

ഭൂനികുതി നിർണ്ണയവും നികുതി പിരിവും പഞ്ചായത്തുകളെ ഏല്പിക്കുകയും നിലവിലുള്ള നിരക്കു് വർദ്ധിപ്പിക്കുകയും ചെയ്യേണ്ടതാണു്. റബ്ബർപോലെ ഉയർന്ന വില ലഭിക്കുന്ന നാണ്യവിളകൃഷി നടത്തുന്ന പുരയിടങ്ങളംക്കും, വയൽ നികത്തി കെട്ടിടങ്ങളം പണിയുന്ന സ്ഥലങ്ങളംക്കും പരമാവധി നിരക്കും വയലുകളംക്കു് കുറഞ്ഞ നിരക്കുമാണു് ഈടാക്കേണ്ടതു്. നെൽവയലുകളംക്കു് ജലസേചനം നടത്തുന്നുവെന്നപേരിൽ, കർഷകർക്കു് പ്രയോജനം ലഭിക്കാതെ, വെള്ളക്കരം പിരിക്കുന്ന സമ്പ്രദായം അവസാനിപ്പിക്കണം.

നമ്മുടെ പഞ്ചായത്തിലെ പല വാർഡുകളിലും ആഴ്ചച്ചന്തകളം ആരംഭിക്കണമെന്നു് ഗ്രാമസഭകളിലൂടെ ആവശ്യമുയർന്നിട്ടുണ്ടു്. അനുയോജ്യമായ സ്ഥലങ്ങളിൽ ചന്തകളം ആരംഭിച്ചാൽ, പഞ്ചായത്തിലുല്പാദിപ്പിക്കപ്പെടുന്ന സാധനങ്ങളം കർഷകർക്കു് നേരിട്ടു വിൽക്കുന്നതിനും, ഇടത്തട്ടുകാരുടെ ചൂഷണത്തിനിരയാകാതെ സാധാരണ ജനങ്ങളംക്കു് ആവശ്യമുള്ള സാധനങ്ങളം വാങ്ങുന്നതിനും, പഞ്ചായത്തിനു് ഇതുമൂലം വാടകയിനത്തിൽ ഒരു തുക ഈടാക്കാനും കഴിയും. വലവൂർ ചന്തയിൽ ഇപ്പോളം കശാപ്പുശാല മാത്രമേ പ്രവർത്തിക്കുന്നുള്ള. ഈ ചന്ത പുനരുദ്ധരിച്ചു്, മത്സ്യ-പച്ചക്കറി മാർക്കറ്റു് സ്ഥാപിക്കാവുന്നതാണു്. വലവൂർ പുന്നത്താനം കോളനി, നെച്ചിപ്പുഴൂർ ലക്ഷംവീടു് കോളനി തുടങ്ങി കോളനികളിൽ ചന്തകളം ആരംഭിക്കുന്നതിനുള്ള സാധ്യതകളം പഠിക്കേണ്ടതാണു്.

ദേശീയ സമ്പാദ്യപദ്ധതിയിൽ പഞ്ചായത്തുകളിൽനിന്നും പിരിക്കുന്ന ഇന്ദിരാവികാസു് പത്രയുടെ 20% തുക ഇപ്പോളം ലഭിക്കുന്നുണ്ടു്. ഇത്തരം സമ്പാദ്യപദ്ധതികളിൽ കൂടുതൽ ജനങ്ങളെ ഉൾപ്പെടുത്താൻ കഴിഞ്ഞാൽ, ജനങ്ങളിൽ സമ്പാദ്യശീലം വളർത്തുന്നതിനും അതുവഴി പഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിനും കഴിയും.

നമ്മുടെ പഞ്ചായത്തിലെ സ്കൂളുകളുടെ വിദ്യാഭ്യാസനിലവാരം ഉയർത്തുന്നതിനായി ഒരു പഞ്ചായത്തുതല വിദ്യാഭ്യാസസമിതി രൂപീകരിക്കേണ്ടതുണ്ടു്. പ്രാദേശികതലത്തിൽ, SSLC പാസായവരും ഉന്നത വിദ്യാഭ്യാസം നേടിയവരുമായ ധാരാളം തൊഴിൽ രഹിതർ നമ്മുടെ നാട്ടിലുണ്ടു്. ഇവരെ നമുക്കു് ഈ മേഖലയിൽ ഉപയോഗിക്കുവാൻ കഴിയും. നിലവാരം കുറവുള്ള കുട്ടികൾക്കു് ട്യൂഷൻ ക്ലാസ്സുകളം ഇവരുടെ നേതൃത്വത്തിൽ നടത്താം.

ഒട്ടേറെ സന്നദ്ധ സംഘടനകളം നമ്മുടെ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ടു്. ഇത്തരം സംഘടനകളുടെ വികസനപ്രവർത്തനങ്ങളിലുള്ള ഇടപെടൽ ഈ രംഗത്തു് മാറ്റങ്ങളുണ്ടാക്കാൻ പര്യാപ്തമാണു്. വികസന പ്രവർത്തനങ്ങളിൽ ജനപങ്കാളിത്തം ഉറപ്പാക്കാനും മനുഷ്യവിഭവശേഷി ഉപയോഗിക്കുവാനും നമുക്കു കഴിയണം. റോഡുകളുടെ പ്രാരംഭപണികളം, ഓടകളുടെ നിർമ്മാണം ഇവയൊക്കെ ഇപ്രകാരം നടത്തണം.

മനുഷ്യശേഷി, വികസന പ്രവർത്തനങ്ങളംക്കു് നൽകുവാനുള്ള സന്നദ്ധത പല ഗ്രാമസഭകളിൽനിന്നും ഉയർന്നുവന്നിട്ടുണ്ടു്. ജാതി-മത-കക്ഷി ചിന്തകളംക്കതീതമായി നാടിന്റെ വികസനത്തിനു് തങ്ങളുടെ അധ്വാനം ചിലവഴിക്കാനുള്ള ജനങ്ങളുടെ സന്നദ്ധത മഹത്തരമാണു്.

> ആത്മാർത്ഥതയോടുകൂടിയ സ്വാർത്ഥപരിത്യാഗത്തിന്റെ അനുസ്യൂതഫലമായി ലഭിക്കുന്ന ഒന്നത്രെ സ്വരാജു്.
> ഗാന്ധിജി.

ഉപസംഹാരം

വികസനം എന്നാൽ ജനങ്ങളുടെ സർവ്വതോമുഖമായ രോഗതിയാണു്. സാമ്പത്തിക വളർച്ചയെന്നതു് വികസനപ്രക്രിയയുടെ അടിസ്ഥാന ഘടകമാണു് എങ്കിലും സമൂഹത്തിൽ എല്ലാ താല്പര്യങ്ങളെയും ഒരേപോലെ സംപ്രീപ്പെടുത്തി മുന്നോട്ട പോകുന്ന ഒരു പ്രക്രിയയല്ല. വിഭിന്നങ്ങളായ താല്പര്യങ്ങളും സഹവർത്തിക്കുന്ന സമൂഹത്തിൽ സാമ്പത്തിക വളർച്ചയുടെ നേട്ടങ്ങളും സമമായി വീതിക്കപ്പെടുകയില്ല. ഇത്തരമൊരു സമൂഹത്തിൽ ചിലരുടെ സാമ്പത്തികനേട്ടം മറ്റു ചിലരുടെ നഷ്ടമായി ഭവിക്കാണു് സാധ്യത. നമ്മുടെ കഴിഞ്ഞകാല വികസനാനുഭവങ്ങൾ പരിശോധിച്ചാൽ ചിലരുടെ വികസനം ഭൂരിപക്ഷം ജനങ്ങളുടെ അവികസനത്തിന്റെ മറുപുറം മാത്രമായിരുന്നു എന്നു മനസ്സിലാക്കാൻ കഴിയും.

റോഡും പാലവുമായാൽ വികസനമായി എന്ന വികലമായ ധാരണ മാറിയേ പറ്റൂ. ഉത്പാദന പ്രക്രിയയുടെ മുൻനിരയിൽ കാർഷിക-വ്യവസായ മേഖലയുടെ വളർച്ചയ്ക്കു് ഉതകുന്ന ഒരു വികസനതന്ത്രം രൂപപ്പെടുത്തണം.

അലസതയിലൂടെയും അനാസ്ഥയിലൂടെയും മരവിച്ച വികസന പ്രക്രിയയെ സാവ്ത്രികമായ അഴിമതിയിൽനിന്നും ചൂഷണത്തിൽനിന്നും മോചിപ്പിച്ചു് ജനപങ്കാളിത്തവും ജനജാഗ്രതയും ഊട്ടിവളർത്തി ഊർജ്ജസ്വലമാക്കണം.

നമ്മുടെ പഞ്ചായത്തിന്റെ ഏറ്റവും വലിയ സമ്പത്തു് ജനങ്ങളുടെ അദ്ധ്വാനശേഷിയാണു്. ഇതിനെ ഫലപ്രദമായി ഉപയോഗപ്പെടുത്തുവാൻ കഴിയുന്ന വികസന പാതയ്ക്കു നാം രൂപം കൊടുക്കണം.

നിരക്ഷരതയിൽനിന്നും ദാരിദ്ര്യത്തിൽനിന്നും രോഗാവസ്ഥയിൽനിന്നും നമ്മുടെ പഞ്ചായത്തിനെ കൈപിടിച്ചുയർത്തിക്കൊണ്ടുവരാനുള്ള ഭാവനാപൂർണമായ പദ്ധതികൾ ആവിഷ്ക്കരിക്കണം. പഞ്ചായത്തിന്റെ വികസനവും ഐശ്വര്യവും സമൃദ്ധിയും കക്ഷിരാഷ്ട്രീയത്തിനായും ജാതിമതാദികളുടെയും വേർതിരിവുകൾക്കെല്ലാം അതീതമായ നമ്മുടെ പൊതു സ്വപ്നമാണു്. അതു് സാക്ഷാത്കരിക്കാനുള്ള മഹത്തായ സംരംഭത്തിൽ നാമെല്ലാം ഒരുപോലെ പങ്കാളികളാവുമെന്നും എല്ലാ വിഭാഗീയതകൾക്കും അതീതമായി നിലകൊള്ളുമെന്നും പ്രതിജ്ഞയെടുക്കാം.

ഒമ്പതാം പദ്ധതിക്കുള്ള ആകെ തുക 14,800 കോടി രൂപയാണെങ്കിൽ അതിന്റെ 40% ജില്ല, ബ്ലോക്കു്, ഗ്രാമപഞ്ചായത്തുകൾക്കു് വീതിക്കുമ്പോൾ ഗ്രാമപഞ്ചായത്തുകൾക്കു് 2960 കോടി ലഭിക്കാനിടയുണ്ടു്. ചുരുങ്ങിയതു് 25% ജനവിഹിതം കൂടി ലഭിക്കും എന്നു കണക്കാക്കിയാൽ പഞ്ചായത്തിനു് പ്രതിവർഷം എഴുപതു ലക്ഷത്തിലധികം രൂപ ഉണ്ടാവും. വികസനരംഗത്തു് ഇതു് വൻ കുതിച്ചുചാട്ടത്തിനു് കാരണമാവും എന്നുറപ്പാണല്ലോ.

ജനകീയാസൂത്രണം ജനങ്ങളുടെ ആഗ്രഹങ്ങൾക്കു ചിറകു വയ്പിക്കുന്ന ഒരു വിനോദവേലയല്ല. മറിച്ചു് ജനകീയ പദ്ധതികൾ വേഗത്തിൽ ഫലപ്രദമായി നടപ്പാക്കാനുള്ള ഒരു സാമൂഹ്യായുധമാണു്. അതുകൊണ്ടു് ജനങ്ങളുടെ പ്രതീക്ഷകൾ നിറവേറുന്നതിനും സ്ഥായിയായ വികസനത്തിനുംവേണ്ടി നിശ്ചയദാർഢ്യത്തോടെ മുന്നേറാം. ഇരുട്ടിനെ പഴിച്ചുനിൽക്കാതെ ദീപം തെളിച്ചു് മുന്നോട്ടു പോകുന്ന സമീപനം സ്വീകരിക്കാം. വികസിത പഞ്ചായത്തിന്റെ ദൗത്യവും പേറി ജനപങ്കാളിത്തത്തിന്റെ പ്രകാശവീഥിയിൽ കർമ്മനിരതരാവാം.

വീടുവീടാന്തരം കയറിയിറങ്ങിയുള്ള പ്രാഥമിക സർവ്വേ നടത്തുന്നതിനു് സമയം ലഭിച്ചിട്ടില്ലാത്തതിനാൽ പൂർണ്ണമായ സ്ഥിതിവിവരക്കണക്കുകൾ അവതരിപ്പിക്കുവാൻ കഴിഞ്ഞിട്ടില്ല.

ഈ വികസനരേഖ ഒരു അവസാന വാക്കല്ല. ആവശ്യമായ തിരുത്തലുകൾ, കൂട്ടിച്ചേർക്കലുകൾ ഇവ കൂട്ടായ ചർച്ചയിലൂടെ സാധ്യമാക്കിക്കൊണ്ടു് നമ്മുടെ പഞ്ചായത്തിന്റെ വികസനറിപ്പോർട്ടു് കൂടുതൽ സമ്പുഷ്ടമാക്കാം. വിശദമായ വിശകലനത്തിനും നിർദ്ദേശത്തിനും പരിഷ്കരണത്തിനും വേണ്ടി ഈ വികസനറിപ്പോർട്ടു് കരുർ ഗ്രാമപഞ്ചായത്തു് സെമിനാർ മുമ്പാകെ സമർപ്പിക്കുന്നു.

കെ. ജെ. ഫിലിപ്പു്

പ്രസിഡന്റു്, കരുർ ഗ്രാമപഞ്ചായത്തു്

സ്വരാജ്യസ്നേഹമുള്ളവരാണു് സ്വാതന്ത്ര്യത്തിന്റെ വിലയും നിലയും വർദ്ധിപ്പിച്ചതു്. ഗാന്ധിജി.

വികസന റിപ്പോർട്ട് തയ്യാറാക്കാൻ സഹകരിച്ച കോർഗ്രൂപ്പ്

1. രാമചന്ദ്രൻ കെ.എസ്.
2. ടോമി മൂലയിൽ
3. ദാസ് ജോസ് ചന്ദ്രൻകുന്നേൽ
4. സോമനാഥപിള്ള എൻ.പി.
5. എ.പി. ജോസഫ്
6. എൻ.എസ്. ജോസ്
7. ജോസ് മാത്യു
8. വി.കെ. ജയകുമാർ
9. സി.എൻ. ഹരിഹരൻ
10. വി.കെ. വിജയൻ
11. ഹരി കെ.
12. കെ.എൻ. വിശ്വനാഥൻനായർ
13. പ്രകാശ് ബി. നായർ
14. ഗോപിനാഥൻ നായർ എം.എൻ.
15. ശശിധരൻ നായർ
16. ഗീത ബി.
17. മാധവകയ്മൾ പി.വി.
18. എൻ.ജി. വാസുദേവൻനായർ
19. ഹരി എസ്.
20. രാഗിണി എം.ജി.
21. സരസ്വതിയമ്മ ജെ.
22. മോഹനൻ ടി.കെ.
23. മണി കെ.കെ.
24. ഭാസ്കരൻ ടി.ജി.
25. വിജയൻ എം.കെ.
26. ബേബി ജോസ്
27. കെ. ശ്രീധരൻ നായർ
28. ലാലിച്ചൻ ജോർജ്
29. വി.കെ. നാരായണൻ നായർ
30. ഇ.പി. സോമൻ.

കരൂർ ഗ്രാമപഞ്ചായത്ത്

